# THE GOSPEL ACCORDING TO JOHN.

## യോഹന്നാൻ എഴുതിയ സുവിശേഷം.

### ൧. അദ്ധ്യായം.

ദൈവവചനം ജഡമായി ഭവിച്ച മൎമ്മോപദേശം. ൧൯. സ്നാപകന്റെ സാക്ഷ്യം. ൩൫. അഞ്ചു ശിഷ്യന്മാർ കൂടിയതു.

ആദിയിൽ വചനം ഉണ്ടായിരുന്നു; ആ വചനം ദൈവ
ത്തോടു കൂടേ ആയിരുന്നു; ആ വചനം ദൈവവും ആയിരു
൨ ന്നു. ആയവൻ ആദിയിൽ ദൈവത്തോടു കൂടേ ആയിരുന്നു.
൩ സകലവും അവനാൽ ഉണ്ടായി; ഉണ്ടായതു ഒന്നും അവനെ
൪ കൂടാതേ ഉണ്ടായതും ഇല്ല. അവനിൽ ജീവൻ ഉണ്ടായിരുന്നു;
൫ ആ ജീവൻ മനുഷ്യരുടെ വെളിച്ചവും ആയിരുന്നു. ആ വെ
ളിച്ചം ഇരുളിൽ വിളങ്ങുന്നു; ഇരുളോ അതിനെ പിടിച്ചുകൊ
൬ ണ്ടില്ല. ദൈവത്തിൽനിന്നു അയക്കപ്പെട്ട ഒരു മനുഷ്യൻ
൭ ഉണ്ടായിരുന്നു; യോഹന്നാൻ എന്നു അവന്റെ പേർ. ആ
യവൻ സാക്ഷിക്കായി വന്നു; താൻ മൂലമായി എല്ലാവരും
വിശ്വസിക്കേണ്ടതിന്നു വെളിച്ചത്തെ കുറിച്ചു സാക്ഷ്യം പറ
൮ വാൻ തന്നേ. താൻ ആ വെളിച്ചം ആയിരുന്നില്ല; വെളി
൯ ച്ചത്തിന്നു സാക്ഷി ആവാൻ [വന്നവൻ] അത്രേ. അതു
ലോകത്തിലേക്കു വന്നു, എല്ലാ മനുഷ്യനെയും പ്രകാശിപ്പിക്കു
൧൦ ന്ന സത്യവെളിച്ചം ആയിരുന്നു. അവൻ ലോകത്തിൽ ആ
യിരുന്നു; ലോകം അവനാൽ ഉണ്ടായി; ലോകം അവനെ അ
൧൧ റിഞ്ഞതും ഇല്ല. അവൻ തന്റെ സ്വന്തത്തിലേക്കു വന്നു;
൧൨ സ്വന്തമുള്ളവർ അവനെ കൈക്കൊണ്ടതും ഇല്ല. എന്നാൽ
അവനെ കൈക്കൊണ്ടവരായി അവന്റെ നാമത്തിൽ വിശ്വ
സിക്കുന്ന ഏവൎക്കും ദൈവമക്കൾ ആകുവാൻ അവൻ അധി
൧൩ കാരം കൊടുത്തു. ആയവർ രക്തങ്ങളിൽനിന്നും ജഡത്തിന്റെ
ഇഷ്ടത്തിൽനിന്നും പുരുഷന്റെ ഇഷ്ടത്തിൽനിന്നും അല്ല
൧൪ ദൈവത്തിൽനിന്നത്രേ ജനിച്ചു. വചനം ജഡമായി ചമ
ഞ്ഞു, കൃപയും സത്യവും കൊണ്ടു നിറഞ്ഞവനായി നമ്മുടെ



ഇടയിൽ പാൎത്തു. അവന്റെ മഹത്വം പിതാവിൽനിന്നു ഏക
ജാതനായവന്റെ മഹത്വമായിട്ടു ഞങ്ങൾ കാണുകയും ചെയ്തു.
യോഹന്നാൻ അവനെ കുറിച്ചു സാക്ഷ്യം ചൊല്ലി വിളിച്ചു ൧൫
പറഞ്ഞതു: എന്റെ പിന്നാലേ വരുന്നവൻ എനിക്കു മുമ്പ
നായതുകൊണ്ടു എന്റെ മുമ്പിലായി ചമഞ്ഞു, എന്നു ഞാൻ
പറഞ്ഞവൻ ഇവൻ തന്നേ. അവന്റെ നിറവിൽനിന്നു ൧൬
നമുക്കു എല്ലാവൎക്കും കൃപെക്കു കൃപയും ലഭിച്ചു സത്യം. എ ൧൭
ങ്ങിനേ എന്നാൽ ന്യായപ്രമാണം മോശെയാൽ തരപ്പെട്ടു; കൃ
പയും സത്യവും യേശു ക്രിസ്തുവിനാൽ ഉണ്ടായി. ദൈവ ൧൮
ത്തെ ഒരുത്തനും ഒരുനാളും കണ്ടിട്ടില്ല; പിതാവിന്റെ മടിയിൽ
ഇരിക്കുന്ന ഏകജാതനായ പുത്രൻ അവനെ തെളിയിച്ചു.
എങ്കിലോ: നീ ആർ ആകുന്നു? എന്നു യോഹന്നാനോടു ചോ ൧൯
ദിക്കേണ്ടതിന്നു യഹൂദന്മാർ യരുശലേമിൽനിന്നു പുരോഹിത
രെയും ലേവ്യരെയും അയച്ചപ്പോൾ അവന്റെ സാക്ഷ്യം ആ
വിതു: അവൻ മറുക്കാതേ ഏറ്റുപറഞ്ഞു; ഞാൻ ക്രിസ്തു ൨൦
അല്ല, എന്നു ഏറ്റുപറഞ്ഞു. എന്നാൽ എന്തു? നീ ഏലീയാ ൨൧
വോ? എന്നു അവനോടു ചോദിച്ചാറേ: അല്ല, എന്നു പറയു
ന്നു. നീ ആ പ്രവാചകനോ? എന്നതിന്നു: അല്ല, എന്നു
ഉത്തരം പറഞ്ഞു. ആകയാൽ അവർ അവനോടു: നീ ആർ? ൨൨
ഞങ്ങളെ അയച്ചവരോടു ഉത്തരം ചൊല്ലേണ്ടതിന്നു നിന്നെ
കുറിച്ചുതന്നേ നീ എന്തു പറയുന്നു? എന്നു പറഞ്ഞു. എന്നാ ൨൩
റേ അവൻ പറഞ്ഞു: യെശായാ പ്രവാചകൻ ഉരെച്ച പ്ര
കാരം കൎത്താവിന്റെ വഴി നേരേ ആക്കുവിൻ, എന്നു മരുഭൂമി
യിൽ വിളിച്ചു പറയുന്നവന്റെ ശബ്ദം ഞാൻ ആകുന്നു.[1]
ആ അയക്കപ്പെട്ടവർ പറീശക്കൂട്ടത്തിൽ ഉള്ളവർ ആയിരുന്നു. ൨൪
പിന്നേ നീ ക്രിസ്തു അല്ല, ഏലീയാവും അല്ല, ആ പ്രവാച ൨൫
കനും അല്ല എന്നു വരികിൽ, നീ സ്നാനപ്പെടുത്തുന്നതു എന്തു?
എന്നു അവർ ചോദിച്ചു. യോഹന്നാൻ ഉത്തരം പറഞ്ഞതു: ൨൬
ഞാൻ വെള്ളത്തിൽ സ്നാനപ്പെടുത്തുന്നു; എന്നാൽ നിങ്ങൾ
അറിയാത്ത ഒരുത്തൻ നിങ്ങളുടെ ഇടയിൽ നില്ക്കുന്നുണ്ടു;
അവൻ എന്റെ പിന്നാലേ വന്നിട്ടു എന്റെ മുമ്പിലായി ൨൭
തീൎന്നവൻ ആകുന്നു; അവന്റെ ചെരിപ്പിന്റെ വാറു അ
ഴിപ്പാൻ ഞാൻ യോഗ്യൻ അല്ല. ഇവ യോൎദ്ദാന്നക്കരേ ൨൮

[1] യശാ. ൪൦, ൩.

യോഹന്നാൻ സ്നാനപ്പെടുത്തിക്കൊണ്ടിരുന്ന ബെഥാബറയിൽ
൨൯ സംഭവിച്ചു. പിറേറ ദിവസം യോഹന്നാൻ യേശു തന്റെ
അടുക്കൽ വരുന്നതിനെ കണ്ടു, പറയുന്നു: ഇതാ ലോകത്തി
ന്റെ പാപത്തെ ചുമന്നു നീക്കുന്ന ദൈവത്തിൻ കുഞ്ഞാടു.[1]
൩൦ എന്റെ പിന്നാലെ ഒരു പുരുഷൻ വരുന്നു; അവൻ എനിക്കു
മുമ്പനായിരുന്നതുകൊണ്ടു, എന്റെ മുമ്പിലായി തീൎന്നു, എന്നു
൩൧ ഞാൻ പറഞ്ഞവൻ ഇവൻ തന്നേ. ഞാനോ അവനെ അ
റിഞ്ഞില്ല, എങ്കിലും അവൻ ഇസ്രയേലിന്നു വെളിപ്പെടേണ്ടു
൩൨ തിന്നു ഞാൻ വെള്ളത്തിൽ സ്നാനപ്പെടുത്തുവാൻ വന്നു. പി
ന്നേ യോഹന്നാൻ സാക്ഷ്യം ചൊല്ലിയതു: ആത്മാവു ഒരു
പ്രാവു പോലേ സ്വൎഗ്ഗത്തിൽനിന്നു ഇറങ്ങിവരുന്നതും അവ
൩൩ ന്റെ മേൽ വസിക്കുന്നതും ഞാൻ കണ്ടു. ഞാനോ അവ
നെ അറിഞ്ഞില്ല, എങ്കിലും വെള്ളത്തിൽ സ്നാനപ്പെടുത്തുവാൻ
എന്നെ അയച്ചവൻ എന്നോടു: നീ ആരുടെ മേൽ ആത്മാവു
ഇറങ്ങി വസിക്കുന്നതു കാണുമോ ആയവൻ പരിശുദ്ധാത്മാ
൩൪ വിൽ സ്നാനപ്പെടുത്തുന്നവൻ ആകുന്നു, എന്നു പറഞ്ഞു. പി
ന്നേ ഞാൻ കണ്ടു, ഇവൻ ദൈവപുത്രൻ തന്നേ, എന്നു സാ
ക്ഷ്യം ചൊല്ലിയുമിരിക്കുന്നു.
൩൫ പിറേറ നാൾ യോഹന്നാൻ പിന്നേയും തന്റെ ശിഷ്യന്മാ
൩൬ രിൽ ഇരുവരുമായി നിന്നിരുന്നു. അപ്പോൾ അവൻ നട
ന്നുകൊണ്ടിരിക്കുന്ന യേശുവിനെ നോക്കീട്ടു: ഇതാ ദൈവ
൩൭ ത്തിൻ കുഞ്ഞാടു, എന്നു പറയുന്നു. അവൻ ചൊല്ലുന്നതു ആ
രണ്ടു ശിഷ്യന്മാർ കേട്ടു യേശുവിന്റെ പിന്നാലെ ചെന്നു.
൩൮ യേശു തിരിഞ്ഞു അവർ പിന്നാലെ വരുന്നതു കണ്ടു അവ
൩൯ രോടു: നിങ്ങൾ എന്തു അന്വേഷിക്കുന്നു? എന്നു പറഞ്ഞതി
ന്നു അവർ ചൊല്ലിയതു: (ഗുരോ എന്നൎത്ഥമുള്ള) റബ്ബീ നീ എ
൪൦ വിടേ പാൎക്കുന്നു? അവൻ അവരോടു: വന്നു കാണ്മിൻ, എ
ന്നു പറയുന്നു. അവർ വസിക്കുന്ന ഇടം അവർ വന്നു
കണ്ടു, ഏകദേശം പത്താം മണിനേരം ആകയാൽ ആ ദിവ
൪൧ സം അവനോടുകൂടേ പാൎത്തു. യോഹന്നാനിൽനിന്നു കേട്ടു അ
വനെ അനുഗമിച്ച ഇരുവരിൽ ഒരുത്തൻ ശിമോൻ പത്രൊ
൪൨ സിന്റെ സഹോദരനായ അന്ത്രയോസ് ആയിരുന്നു. ആ
യവൻ സ്വന്ത സഹോദരനായ ശിമോനെ ആദ്യം കണ്ടു അ

[1] ഏശാ. ൫൩, ൭.



വനോടു: (ക്രിസ്തു എന്നൎത്ഥമുള്ള) മശീഹായെ ഞങ്ങൾ കണ്ടെ
ത്തി, എന്നു പറഞ്ഞു. അവനെ യേശുവിന്റെ അടുക്കൽ ൪൩
കൊണ്ടുവന്നു. യേശു അവനെ നോക്കി: നീ യോനാവിൻ
പുത്രനായ ശിമോൻ ആകുന്നു, നീ (പത്രൊസ് [പാറ] എന്ന
ൎത്ഥമുള്ള) കേഫാ എന്നു വിളിക്കപ്പെടും, എന്നു പറഞ്ഞു.
പിറേറ നാൾ യേശു ഗലീലെക്കു പുറപ്പെടുവാൻ ഭാവിച്ച ൪൪
പ്പോൾ ഫീലിപ്പൊസിനെ കണ്ടു: എന്റെ പിന്നാലേ വരിക,
എന്നു അവനോടു പറഞ്ഞു. ഫീലിപ്പൊസോ അന്ത്രയോസി ൪൫
ന്റെയും പത്രൊസിന്റെയും ഊരായ ബെഥസയിദയിൽനി
ന്നുള്ളവൻ ആയിരുന്നു. ഫീലിപ്പൊസ് നഥാനയേലിനെ ൪൬
കണ്ടു അവനോടു പറയുന്നു: ന്യായപ്രമാണത്തിൽ മോശെയും
പ്രവാചകന്മാരും എഴുതീട്ടുള്ളവനെ ഞങ്ങൾ കണ്ടെത്തി, ന
സറേത്തിൽനിന്നുള്ള യേശു, എന്ന യോസേഫിൻ പുത്രനെ
തന്നേ. നഥാനയേൽ അവനോടു: നസറേത്തിൽനിന്നു വ ൪൭
ല്ല നന്മയും ഉണ്ടാവാൻ കഴിയുമോ? എന്നു പറഞ്ഞു. ഫീലി
ഫൊസ് അവനോടു: വന്നു കാണ്ക എന്നു പറയുന്നു. യേശു ൪൮
തന്റെ അടുക്കൽ നഥാനയേൽ വരുന്നതു കണ്ടു: ഇതാ സത്യ
മായിട്ടു ഒരു ഇസ്രയേല്ക്കാരൻ, ഇവനിൽ കപടം ഇല്ല, എന്നു
അവനെ കുറിച്ചു പറയുന്നു. നഥാനയേൽ അവനോടു: എ ൪൯
ന്നെ എവിടെനിന്നു അറിയുന്നു? എന്നു പറഞ്ഞതിന്നു യേശു
ഉത്തരം ചൊല്ലിയതു: ഫീലിപ്പൊസ് നിന്നെ വിളിക്കും മുമ്പേ
അത്തിയുടെ ചുവട്ടിൽ ഞാൻ നിന്നെ കണ്ടു. നഥാനയേൽ ൫൦
അവനോടു ഉത്തരമായിട്ടു: റബ്ബീ, നീ ദൈവപുത്രൻ ആകുന്നു,
നീ ഇസ്രയേലിന്റെ രാജാവു എന്നു പറഞ്ഞു. എന്നാറേ ൫൧
യേശു അവനോടു ഉത്തരം ചൊല്ലിയതു: അത്തിച്ചുവട്ടിൽ
ഞാൻ നിന്നെ കണ്ടു, എന്നു നിന്നോടു പറകകൊണ്ടു നീ വി
ശ്വസിക്കുന്നുവോ? ഇതിനെക്കാൾ വലിയവ നീ കാണും.
പിന്നേ അവനോടു: ആമെൻ, ആമെൻ, ഞാൻ നിങ്ങളോടു ൫൨
പറയുന്നു, ഇനിമേൽ വാനം തുറന്നിരിക്കുന്നതും ദൈവദൂത
ന്മാർ മനുഷ്യപുത്രന്റെ മേൽ ഇറങ്ങുകയും കയറുകയും ചെയ്യു
ന്നതും നിങ്ങൾ കാണും, എന്നു പറയുന്നു.

## ൨. അദ്ധ്യായം.

ഒന്നാം അതിശയം. ൧൩. പെസഹായാത്രയും ദൈവാലയശുദ്ധീകരണവും. ൨൩. അതിശയം കണ്ടതിനാലുള്ള ഫലം.

മൂന്നാം നാൾ ഗലീലയിലേ കാനാവിൽ ഒരു കല്യാണം ഉണ്ടാ
൨ യി; യേശുവിന്റെ അമ്മയും അവിടേ ഉണ്ടായിരുന്നു. അത്ര
യുമല്ല യേശുവും അവന്റെ ശിഷ്യന്മാരും കൂടേ കല്യാണത്തി
൩ ന്ന ക്ഷണിക്കപ്പെട്ടു. പിന്നേ വീഞ്ഞു കുറവായാറേ യേശു
വിന്റെ അമ്മ അവനോടു: അവൎക്ക വീഞ്ഞു ഇല്ല, എന്ന പ
൪ റയുന്നു. യേശു അവളോടു: സ്ത്രീയേ, എനിക്കും നിനക്കും
൫ എന്തു? എന്റെ നാഴിക വന്നിട്ടില്ല, എന്ന പറയുന്നു. അവ
ന്റെ അമ്മ ശുശ്രൂഷക്കാരോടു: അവൻ നിങ്ങളോടു എന്തു പ
൬ റയുന്നുവോ അതു ചെയ്വിൻ, എന്ന പറയുന്നു. അവിടേ
യഹൂദരുടെ ശുദ്ധീകരണത്തിന്റെ പതിവിൻപ്രകാരം ഓരോ
ന്നിൽ രണ്ടു മൂന്ന പറ വീതം കൊള്ളുന്ന ആറു കല്പാത്രങ്ങൾ
൭ വെച്ചിട്ടുണ്ടായിരുന്നു. യേശു അവരോടു: ഈ കല്പാത്രങ്ങളിൽ
വെള്ളം നിറെപ്പിൻ, എന്ന പറഞ്ഞു; അവർ വക്കോളവും നി
൮ റെച്ചു. ഇപ്പോൾ കോരി വിരുന്നുവാഴിയുടെ അടുക്കൽ കൊ
ണ്ടുപോകുവിൻ, എന്ന അവൻ പറഞ്ഞു. അവർ കൊണ്ടു
൯ പോകയും ചെയ്തു. വീഞ്ഞായിത്തീൎന്ന വെള്ളം വിരുന്നുവാഴി
രുചി നോക്കിയാറേ, അതു എവിടേനിന്ന, എന്ന വെള്ളം കോ
രിയ ശുശ്രൂഷക്കാർ അറിഞ്ഞു എങ്കിലും താൻ അറിയാഞ്ഞു,
൧൦ വിരുന്നുവാഴി മണവാളനെ വിളിച്ചു: ഏതു മനുഷ്യനും മുമ്പേ
നല്ല വീഞ്ഞിനെയും [ആളുകൾക്ക] തൃപ്തി വന്നശേഷം ഇള
പ്പമായതിനെയും വെക്കമാറുണ്ടു; നീ നല്ല വീഞ്ഞു ഇതുവരേ
൧൧ യും സംഗ്രഹിച്ചിരിക്കുന്നു എന്ന അവനോടു പറയുന്നു. അ
ടയാളങ്ങളുടെ ഈ ആരംഭം യേശു ഗലീലയിലേ കാനാവിൽ
ചെയ്തു തന്റെ മഹത്വത്തെ വിളങ്ങിച്ചു; അവന്റെ ശിഷ്യ
൧൨ ന്മാർ അവനിൽ വിശ്വസിക്കയും ചെയ്തു. അനന്തരം അവ
നും അവന്റെ അമ്മയും സഹോദരന്മാരും അവന്റെ ശിഷ്യ
രും കൂടി കപ്പൎന്നഹൂമിലേക്ക ഇറങ്ങിപ്പോയി; എന്നാറേ അവി
ടേ ഏറേ ദിവസങ്ങൾ പാൎത്തില്ല.
൧൩ അപ്പോൾ യഹൂദരുടെ പെസഹാ സമീപം ആകകൊണ്ടു
൧൪ യേശു യരുശലേമിലേക്ക കരേറിപ്പോയി. ദൈവാലയത്തിൽ
ആടുമാടുകളെയും പ്രാവുകളെയും വില്ക്കുന്നവരും നാണ്യക്കാരും
൧൫ ഇരിക്കുന്നതു കണ്ടു. കയറുകൾകൊണ്ടു ഒരു ചമ്മട്ടി ഉണ്ടാ
ക്കി ആടുമാടുകളോടും കൂടേ എല്ലാവരെയും ആലയത്തിൽനിന്ന
പുറത്താക്കി, പൊൻവാണിഭക്കാരുടെ നാണ്യം തൂകിക്കളഞ്ഞു,



മേശകളെ മറിച്ചിട്ടു. പ്രാവുകളെ വില്ക്കുന്നവരോടു: ഇവ ഇ ൧൬
വിടേനിന്ന കൊണ്ടുപോകുവിൻ, എന്റെ പിതാവിന്റെ ഭവ
നത്തെ ചന്തപ്പുര ആക്കരുതു, എന്ന പറഞ്ഞു. അപ്പോൾ ൧൭
അവന്റെ ശിഷ്യന്മാർ: നിന്റെ ഭവനത്തിന്നായുള്ള എരിവു
എന്നെ തിന്നുകളഞ്ഞു എന്ന എഴുതിയിരിക്കുന്നപ്രകാരം ഓൎത്തു.[1]
ആകയാൽ യഹൂദന്മാർ അവനോടു ഉരചെയ്തു: നീ ഇവ ചെ ൧൮
യ്യുന്നതുകൊണ്ടു ഞങ്ങൾക്ക എന്തു അടയാളം കാണിക്കുന്നു?
എന്ന പറഞ്ഞു. യേശു അവരോടു: ഈ മന്ദിരത്തെ പൊളി ൧൯
പ്പിൻ, എന്നാൽ ഞാൻ മൂന്ന ദിവസത്തിന്നകം അതിനെ ഉ
യൎത്തും, എന്ന ഉത്തരം പറഞ്ഞു. എന്നിട്ടു യഹൂദന്മാർ: ഈ ൨൦
മന്ദിരം നാല്പത്താറു വൎഷംകൊണ്ടു പണിയിക്കപ്പെട്ടു; നീ മൂന്നു
നാൾകൊണ്ടു അതിനെ ഉയൎത്തുമോ? എന്ന അവനോടു പറ
ഞ്ഞു. അവനോ തന്റെ ശരീരമാകുന്ന മന്ദിരത്തെ കുറിച്ച ൨൧
ത്രേ പറഞ്ഞതു. ആകയാൽ അവൻ മരിച്ചവരിൽനിന്ന ഉ ൨൨
യിൎത്തെഴുനീറ്റപ്പോൾ ഇതു തങ്ങളോടു പറഞ്ഞു എന്ന അവ
ന്റെ ശിഷ്യന്മാർ ഓൎത്തു; തിരുവെഴുത്തും യേശു പറഞ്ഞ വച
നവും വിശ്വസിക്കയും ചെയ്തു.
പെസഹാ പെരുനാളിൽ യരുശലേമിൽ ഇരിക്കുമ്പോൾ ത ൨൩
ന്നേ അവൻ ചെയ്ത അടയാളങ്ങൾ കണ്ടിട്ടു പലരും അവ
ന്റെ നാമത്തിൽ വിശ്വസിച്ചു. യേശുവോ എല്ലാവരെയും ൨൪
അറികകൊണ്ടു തന്നെത്താൻ അവരുടെ പക്കൽ വിശ്വാസമാ
യി ഏല്പിച്ചില്ല. മനുഷ്യനിലുള്ളതു ഇന്നതു എന്ന സ്വതേ ൨൫
അറിഞ്ഞിരിക്കയാൽ തനിക്ക മനുഷ്യനെ കുറിച്ച ഒരുത്തരുടെ
സാക്ഷ്യവും ആവശ്യമുണ്ടായിരുന്നതുമില്ല.

## ൩. അദ്ധ്യായം.

- നിക്കൊദേമൊസിനോടുള്ള സംഭാഷണം. ൨൨. യേശു യഹൂദിയായിൽ സ്നാനപ്പെടുത്തിയപ്പോൾ യോഹന്നാന്റെ സാക്ഷ്യസമൎപ്പണം.

യഹൂദരുടെ ഒരു പ്രമാണിയായി നിക്കൊദേമൊസ് എന്ന
പേരുള്ളൊരു മനുഷ്യൻ പരീശരിൽ ഉണ്ടായിരുന്നു. ആയ ൨
വൻ രാത്രിയിൽ യേശുവിന്റെ അടുക്കൽ വന്ന അവനോടു
പറഞ്ഞു: റബ്ബീ, നീ ദൈവത്തിൽനിന്ന ഉപദേഷ്ടാവായി വ
ന്നിരിക്കുന്നു, എന്ന ഞങ്ങൾ അറിയുന്നു; എന്തെന്നാൽ ഒരു
ത്തനും ദൈവം തന്നോടു കൂടേ ഇല്ലെങ്കിൽ നീ ചെയ്യുന്ന ഈ

[1] സങ്കീ. ൬൯, ൧൦.

൩ അടയാളങ്ങളെ ചെയ്വാൻ കഴികയില്ല. എന്നതിന്നു യേശു:
ആമെൻ, ആമെൻ, ഞാൻ നിന്നോടു പറയുന്നു, മേലിൽനിന്നു
ജനിച്ചില്ല എങ്കിൽ, ഒരുത്തന്നും ദൈവരാജ്യത്തെ കാണ്മാൻ
൪ കഴികയില്ല, എന്നു ഉത്തരം പറഞ്ഞു. നിക്കൊദേമൊസ്
അവനോടു: മനുഷ്യൻ വൃദ്ധനായാൽ എങ്ങിനേ ജനിപ്പാൻ
കഴിയും? രണ്ടാമതും തന്റെ അമ്മയുടെ ഉദരത്തിൽ കടന്നു ജ
൫ നിപ്പാൻ കഴിയുമോ? എന്നു പറഞ്ഞു. യേശു ഉത്തരം ചൊ
ല്ലിയതു: ആമെൻ, ആമെൻ, ഞാൻ നിന്നോടു പറയുന്നു, വെ
ള്ളത്തിൽനിന്നും ആത്മാവിൽനിന്നും ജനിച്ചില്ല എങ്കിൽ ഒരു
൬ ത്തന്നും ദൈവരാജ്യത്തിൽ കടപ്പാൻ കഴികയില്ല. ജഡത്തി
ൽനിന്നു ജനിച്ചതു ജഡം ആകുന്നു; ആത്മാവിൽനിന്നു ജനി
൭ ച്ചതു ആത്മാവു ആകുന്നു. നിങ്ങൾ മേലിൽനിന്നു ജനിക്കേ
൮ ണം എന്നു നിന്നോടു പറകയാൽ ആശ്ചൎയ്യപ്പെടേണ്ടാ. കാ
റ്റു ഇഷ്ടമുള്ളേടത്തു ഊതുന്നു; അതിന്റെ ശബ്ദം നീ കേൾ
ക്കുന്നു, എങ്കിലും അതു എവിടെനിന്നു വരുന്നു എന്നും എവി
ടേക്കു പോകുന്നു എന്നും നീ അറിയുന്നില്ല; ആത്മാവിൽനിന്നു
൯ ജനിച്ചവൻ എല്ലാം ഇപ്രകാരം ആകുന്നു. നിക്കൊദേമൊ
സ് അവനോടു ഉരചെയ്തു: ഇവ എങ്ങിനേ സംഭവിപ്പാൻ ക
൧൦ ഴിയും? എന്നു പറഞ്ഞു. എന്നാറേ യേശു അവനോടു ഉത്ത
രം പറഞ്ഞതു: നീ ഇസ്രയേലിന്റെ ഉപദേഷ്ടാവായിരുന്നിട്ടും
൧൧ ഇവ അറിയാതിരിക്കുന്നുവോ? ആമെൻ, ആമെൻ, ഞാൻ
നിന്നോടു പറയുന്നു: ഞങ്ങൾ അറിയുന്നതു സംസാരിക്കയും
ഞങ്ങൾ കണ്ടതിനെ സാക്ഷ്യം ചൊല്ലുകയും ചെയ്യുന്നു; ഞങ്ങ
൧൨ ളുടെ സാക്ഷ്യം നിങ്ങൾ കൈക്കൊള്ളുന്നില്ല താനും. ഭൂമിയി
ലുള്ളവ നിങ്ങളോടു പറഞ്ഞിട്ടു നിങ്ങൾ വിശ്വസിക്കാഞ്ഞാൽ
സ്വൎഗ്ഗത്തിലുള്ളവ നിങ്ങളോടു പറയുന്നു എങ്കിൽ എങ്ങിനേ
൧൩ വിശ്വസിക്കും? സ്വൎഗ്ഗത്തിൽനിന്നു ഇറങ്ങിയവനായി സ്വ
ൎഗ്ഗത്തിൽ ഇരിക്കുന്ന മനുഷ്യപുത്രൻ ഒഴികേ ആരും സ്വൎഗ്ഗ
൧൪ ത്തിൽ കരേറീട്ടുമില്ല. പിന്നേ മോശെ മരുഭൂമിയിൽ സൎപ്പത്തെ
൧൫ ഉയൎത്തിയപ്രകാരം മനുഷ്യപുത്രനും, തന്നിൽ വിശ്വസിക്കുന്ന
ഒരുത്തനും നശിച്ചുപോകാതേ നിത്യജീവൻ ഉണ്ടാവാനായി
൧൬ ഉയൎത്തപ്പെടേണ്ടതാകുന്നു. എന്തെന്നാൽ ദൈവം തന്റെ ഏ
കജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഒരുത്തനും നശിച്ചു
പോകാതേ നിത്യജീവൻ ഉണ്ടാകേണ്ടതിന്നു അവനെ തരു



വാൻ തക്കവണ്ണം അത്രത്തോളം ലോകത്തെ സ്നേഹിച്ചു.
ലോകത്തെ ന്യായം വിധിപ്പാൻ അല്ലല്ലോ ദൈവം തന്റെ പു ൧൭
ത്രനെ ലോകത്തിൽ അയച്ചതു; ലോകം അവനാൽ രക്ഷിക്ക
പ്പെടുവാനത്രേ. അവങ്കൽ വിശ്വസിക്കുന്നവന്നു ന്യായവി ൧൮
ധി ഇല്ല, വിശ്വസിക്കാത്തവന്നോ ദൈവത്തിന്റെ ഏകജാ
തനായ പുത്രന്റെ നാമത്തിൽ വിശ്വസിക്കാത്തതിനാൽ ന്യാ
യവിധി വന്നുകഴിഞ്ഞു. ന്യായവിധി എന്നതോ, വെളിച്ചം ൧൯
ലോകത്തിൽ വന്നിട്ടും മനുഷ്യരുടെ ക്രിയകൾ ദോഷമുള്ളവ ആ
കയാൽ അവർ വെളിച്ചത്തെക്കാൾ ഏററം ഇരുളിനെ സ്നേഹി
ച്ചതു തന്നേ. എന്തെന്നാൽ തിന്മകൾ പ്രവൃത്തിക്കുന്നവൻ ൨൦
എല്ലാം വെളിച്ചത്തെ പകെക്കുന്നു; തന്റെ ക്രിയകൾ ആ
ക്ഷേപിക്കപ്പെടാതിരിപ്പാൻ വെളിച്ചത്തിങ്കലേക്കു വരുന്നതുമി
ല്ല. സത്യത്തെ ചെയ്യുന്നവനോ തന്റെ ക്രിയകൾ ദൈവ ൨൧
ത്തിൽ പ്രവൃത്തിച്ചവ ആകകൊണ്ടു അവ വെളിപ്പെടേണ്ട
തിന്നു വെളിച്ചത്തിങ്കലേക്കു വരുന്നു.

ഇവററിന്റെ ശേഷം യേശു തന്റെ ശിഷ്യരുമായി യഹൂ ൨൨
ദിയാനാട്ടിൽ വന്നു അവരോടു കൂടേ സ്നാനപ്പെടുത്തിക്കൊണ്ടു
പാൎത്തു. അപ്പോൾ യോഹന്നാനും ശലേമിന്റെ അരികത്തുള്ള ൨൩
ഐനോനിൽ സ്നാനപ്പെടുത്തിക്കൊണ്ടിരുന്നു; എന്തെന്നാൽ
അവിടേ വളരേ വെള്ളം ഉണ്ടായിരുന്നു, [ആളുകൾ] വന്നു
കൂടി സ്നാനപ്പെടുകയും ചെയ്തു. യോഹന്നാനോ അതുവരേ ൨൪
യും തടവിൽ ആക്കപ്പെട്ടിരുന്നില്ല. അപ്പോൾ യോഹന്നാ ൨൫
ന്റെ ശിഷ്യന്മാരിൽ ചിലൎക്കു യഹൂദരുമായി ശുദ്ധീകരണ
ത്തെ കുറിച്ചു ഒരു വാദം ഉണ്ടായിട്ടു, അവർ യോഹന്നാന്റെ ൨൬
അടുക്കൽ വന്നു അവനോടു: റബ്ബീ, യോൎദ്ദാന്നക്കരേ നിന്നോടു
കൂടേ ഇരുന്നവനായി നീയും സാക്ഷ്യം ചൊല്ലീട്ടുള്ളവൻ ത
ന്നേ, ഇതാ അവൻ സ്നാനപ്പെടുത്തുന്നു, എല്ലാവരും അവ
നോടു ചേൎന്നുപോകുന്നു എന്നു പറഞ്ഞു. യോഹന്നാൻ ഉത്ത ൨൭
രം ചൊല്ലിയതു: സ്വൎഗ്ഗത്തിൽനിന്നു കൊടുക്കപ്പെട്ടിട്ടല്ലാതേ മ
നുഷ്യന്നു ഒന്നും പ്രാപിപ്പാൻ കഴികയില്ല. ഞാൻ ക്രിസ്തു ൨൮
അല്ല, ആയവന്നു മുമ്പേ അയക്കപ്പെട്ടവനത്രേ, എന്നു ഞാൻ
പറഞ്ഞതിന്നു നിങ്ങൾ തന്നേ എനിക്കു സാക്ഷികൾ ആകു
ന്നു. മണവാട്ടിയുള്ളവൻ മണവാളൻ ആകുന്നു; മണവാള ൨൯
ന്റെ സ്നേഹിതനോ നിന്നു, അവനെ കേട്ടുകൊണ്ടു, മണ

വാളന്റെ ശബ്ദം നിമിത്തം സന്തോഷത്തോടേ സന്തോഷി
ക്കുന്നു; ആകയാൽ ഈ എന്റെ സന്തോഷം പൂർത്തിയാ
൩൰ യിരിക്കുന്നു. ആയവൻ വളരേണം, ഞാനോ കുറയേണം.
൩൧ മേലിൽനിന്നു വരുന്നവൻ എല്ലാവൎക്കും മീതേ ആകുന്നു; ഭൂമി
യിൽനിന്നു ഉള്ളവൻ ഭൂമിയിൽനിന്നു ആകുന്നു, ഭൂമിക്കടുത്തവ
സംസാരിക്കയും ചെയ്യുന്നു; സ്വൎഗ്ഗത്തിൽനിന്നു വരുന്നവൻ
൩൨ എല്ലാവൎക്കും മീതേ ആകുന്നു. അവൻ കാണ്കയും കേൾക്ക
യും ചെയ്തിട്ടുള്ളതു സാക്ഷിയായി പറയുന്നു; അവന്റെ സാ
൩൩ ക്ഷ്യം ആരും കൈക്കൊള്ളുന്നതും ഇല്ല. അവന്റെ സാക്ഷ്യം
കൈക്കൊണ്ടവൻ ദൈവം സത്യവാൻ എന്നുള്ളതിന്നു മുദ്ര
൩൪ ഇട്ടു. എന്തെന്നാൽ ദൈവം അയച്ചവൻ ദൈവമൊഴികളെ
പറയുന്നു; ദൈവം അവന്നു ആത്മാവിനെ അളവാലേ അല്ല
൩൫ ല്ലോ കൊടുക്കുന്നതു. പിതാവു പുത്രനെ സ്നേഹിക്കുന്നു. സ
൩൬ കലവും അവന്റെ കൈയിൽ കൊടുത്തുമിരിക്കുന്നു. പുത്ര
നിൽ വിശ്വസിക്കുന്നവന്നു നിത്യജീവൻ ഉണ്ടു; പുത്രനെ അ
നുസരിക്കാത്തവനോ ജീവനെ കാണുകയില്ല; ദൈവക്രോധം
അവന്റെ മേൽ വസിക്കുന്നതേയുള്ളു.

## ൪. അദ്ധ്യായം.

ശമൎയ്യസ്ത്രീയോടുള്ള സംഭാഷണം. ൨൭. ശമൎയ്യക്കാർ വിശ്വസിച്ചതു. ൪൬. കാനാവിലേ രണ്ടാം അതിശയം.

എന്നാറേ യോഹന്നാനിലും അധികം ശിഷ്യന്മാരെ യേശു
ചേൎത്തു സ്നാനപ്പെടുത്തുന്ന പ്രകാരം പരീശന്മാർ കേട്ടു, എന്നു
൨ കൎത്താവു അറിഞ്ഞു. (എങ്കിലും തന്റെ ശിഷ്യന്മാർ അല്ലാ
൩ തേ, യേശു തന്നേ സ്നാനപ്പെടുത്തിയില്ല). അപ്പോൾ അ
വൻ യഹൂദിയായെ വിട്ടു പിന്നേയും ഗലീലെക്കു പുറപ്പെട്ടു.
൪ എന്നാൽ അവൻ ശമൎയ്യയിൽ കൂടി കടക്കേണ്ടതായിരുന്നു.
൫ ആകയാൽ അവൻ യാക്കോബ് തന്റെ പുത്രനായ യോസേ
ഫിന്നു കൊടുത്ത പറമ്പിൻ അരികിൽ സിക്കാർ എന്ന ശമൎയ്യ
൬ നഗരത്തിൽ വരുന്നു. യാക്കോബിൻ ഉറവു അവിടേ ഉണ്ടാ
യിരുന്നു. ആകയാൽ യേശു വഴിനടപ്പിനാൽ തളൎന്നിട്ടു അങ്ങി
നേ ഉറവിൻ അരികിൽ ഇരുന്നു. അപ്പോൾ ഏകദേശം ആ
൭ റാം മണിനേരം ആയിരുന്നു. ഒരു ശമൎയ്യക്കാരത്തി വെള്ളം
കോരുവാൻ വരുന്നു; അവളോടു യേശു: എനിക്കു കുടിപ്പാൻ
൮ തരിക, എന്നു പറയുന്നു. അവന്റെ ശിഷ്യന്മാർ ആഹാരങ്ങ



ളെ കൊള്ളുവാൻ നഗരത്തിൽ പോയിരുന്നു. എന്നാൽ യഹൂ ൯
ദൎക്കു ശമൎയ്യക്കാരോടു പെരുമാററം ഇല്ലായ്കയാൽ ശമൎയ്യസ്ത്രീ അ
വനോടു: നീ യഹൂദൻ ആയിരിക്കേ ശമൎയ്യക്കാരത്തിയായ എ
ന്നോടു കുടിപ്പാൻ ചോദിക്കുന്നതു എങ്ങിനേ? എന്നു പറഞ്ഞു.
യേശു ഉത്തരം ചൊല്ലിയതു: നീ ദൈവത്തിന്റെ ദാനത്തെ ൧൦
യും നിന്നോടു കുടിപ്പാൻ തരിക എന്നു ചോദിക്കുന്നവൻ ഇ
ന്നവൻ എന്നതിനെയും അറിഞ്ഞു എങ്കിൽ നീ അവനോടു
ചോദിക്കയും അവൻ ജീവനുള്ള വെള്ളം നിനക്കു തരികയും
ചെയ്യുമായിരുന്നു. സ്ത്രീ അവനോടു പറയുന്നു: കൎത്താവേ, ൧൧
നിനക്കു പാള ഇല്ല, കിണറും ആഴമുള്ളതല്ലോ; പിന്നേ ജീവ
നുള്ള വെള്ളം നിനക്കു എവിടേനിന്നുള്ളു? ഞങ്ങൾക്കു ഈ ൧൨
കിണറു തന്നവനായി താൻതന്നേയും തന്റെ മക്കളും മൃഗക്കൂ
ട്ടങ്ങളും ഇതിൽനിന്നു കുടിച്ചിട്ടുള്ള ഞങ്ങളുടെ അപ്പനായ യാ
ക്കോബിനെക്കാൾ നീ വലിയവനോ? യേശു അവളോടു ൧൩
ഉത്തരം ചൊല്ലിയതു: ഈ വെള്ളത്തിൽനിന്നു കുടിക്കുന്നവന്നു
എല്ലാം പിന്നേയും ദാഹിക്കും. ഞാൻ കൊടുക്കുന്ന വെള്ളത്തി ൧൪
ൽനിന്നു ആരെങ്കിലും കുടിച്ചാലോ എന്നേക്കും ദാഹിക്കയില്ല,
ഞാൻ കൊടുക്കുന്ന വെള്ളം അവനിൽ നിത്യജീവങ്കലേക്കു
പൊങ്ങിവരുന്ന വെള്ളത്തിന്റെ ഉറവായി തീരും. സ്ത്രീ അ ൧൫
വനോടു: കൎത്താവേ, എനിക്കു ദാഹിക്കയും ഞാൻ ഇവിടേ
കോരുവാൻ വരികയും ചെയ്യാതിരിപ്പാൻ ആ വെള്ളം എനിക്കു
തരിക, എന്നു പറയുന്നു. യേശു അവളോടു: പോയി നിന്റെ ൧൬
ഭൎത്താവിനെ വിളിച്ചുകൊണ്ടു ഇങ്ങു വരിക, എന്നു പറഞ്ഞു.
എനിക്കു ഭൎത്താവു ഇല്ല, എന്നു സ്ത്രീ ഉത്തരം ചൊല്ലിയാറേ, ൧൭
യേശു പറഞ്ഞു: എനിക്കു ഭൎത്താവു ഇല്ല, എന്നു ചൊല്ലിയതു
നന്നു. എന്തെന്നാൽ നിനക്കു അഞ്ചു ഭൎത്താക്കന്മാർ ഉണ്ടാ ൧൮
യിരുന്നു; ഇപ്പോൾ ഉള്ളവൻ നിന്റെ ഭൎത്താവു അല്ല; ഇതു
നീ ചൊല്ലിയതു സത്യം തന്നേ. സ്ത്രീ അവനോടു പറഞ്ഞു: ൧൯
കൎത്താവേ, നീ ഒരു പ്രവാചകൻ എന്നു ഞാൻ കാണുന്നു.
ഞങ്ങളുടെ പിതാക്കന്മാർ ഈ മലയിൽ കുമ്പിട്ടുവന്നു; കുമ്പിടേ ൨൦
ണ്ടുന്ന സ്ഥലം യരുശലേമിൽ ആകുന്നു, എന്നു നിങ്ങൾ ചൊ
ല്ലുന്നു. എന്നാറേ യേശു അവളോടു പറയുന്നതു: സ്ത്രീയേ, ൨൧
എന്നെ വിശ്വസിക്ക; നാഴിക വരുന്നുണ്ടു, അപ്പോൾ നിങ്ങൾ
പിതാവിനെ കുമ്പിടുന്നതു ഈ മലമേലെന്നില്ല യരുശലേമി

൨൨ ലെന്നമില്ല. നിങ്ങൾ അറിയാത്തതിനെ നിങ്ങൾ കുമ്പിട്ടുന്നു;
ഞങ്ങളോ അറിയുന്നതിനെ കുമ്പിട്ടുന്നു; രക്ഷ യഹൂദരിൽനി
൨൩ ന്ന ആകുന്നുവല്ലോ. എങ്കിലും സത്യനമസ്കാരികൾ പിതാവി
നെ ആത്മാവിലും സത്യത്തിലും കുമ്പിട്ടുന്ന നാഴിക വരുന്നു,
ഇപ്പോൾ തന്നേയും ആകുന്നു; തന്നെ നമസ്കരിക്കുന്നവരാ
യിട്ടു ഇങ്ങനത്തവരെ അല്ലോ പിതാവു അന്വേഷിക്കുന്നു.
൨൪ ദൈവം ആത്മാവു ആകുന്നു, അവനെ കുമ്പിട്ടുന്നവർ ആത്മാ
൨൫ വിലും സത്യത്തിലും കുമ്പിട്ടുകയും വേണം. സ്ത്രീ അവനോട്ടു:
(ക്രിസ്തു എന്നു ചൊല്ലപ്പെട്ടുന്ന) മശീഹ വരുന്നു; എന്നു ഞാൻ
അറിയുന്നു; ആയവൻ വരുമ്പോൾ ഞങ്ങളോട്ടു സകലവും
൨൬ അറിയിക്കും, എന്നു പറഞ്ഞു. യേശു അവളോട്ടു: നിന്നോട്ടു
സംസാരിക്കുന്ന ഞാൻ അവൻ ആകുന്നു, എന്നു പറഞ്ഞു.
൨൭ ഇതിനിടയിൽ അവന്റെ ശിഷ്യന്മാർ വന്നു അവൻ സ്ത്രീ
യോട്ടു സംസാരിക്കയാൽ ആശ്ചര്യപ്പെട്ടു എങ്കിലും നീ എന്തു
അന്വേഷിക്കുന്നു? അവളോട്ടു എന്തു സംസാരിക്കുന്നു? എന്നു
ആരും പറഞ്ഞില്ല.
൨൮ അനന്തരം സ്ത്രീ തന്റെ പാത്രം വെച്ചിട്ടു നഗരത്തിൽ ചെ
൨൯ ന്നു ആ മനുഷ്യരോട്ടു പറഞ്ഞു: ഞാൻ ചെയ്തിട്ടുള്ളതു ഒക്കേ
യും എന്നോട്ടു പറഞ്ഞ ഒരു മനുഷ്യനെ വന്നു കാണ്മിൻ; പ
൩൦ ക്ഷേ ഇവൻ ക്രിസ്തു അല്ലയോ? അവർ നഗരത്തിൽനിന്നു
൩൧ പുറപ്പെട്ടു അവന്റെ അടുക്കേ വരികയും ചെയ്തു. അതിന്നി
ടയിൽ ശിഷ്യന്മാർ: റബ്ബീ ഭക്ഷിക്ക, എന്നു അവനോട്ടു അപേ
൩൨ ക്ഷിച്ചു. എന്നാറേ അവൻ: നിങ്ങൾ അറിയാത്ത ആഹാരം
൩൩ ഭക്ഷിപ്പാൻ എനിക്കു ഉണ്ടു, എന്നു അവരോട്ടു പറഞ്ഞു. ആ
കയാൽ വല്ലവനും അവന്നു ഭക്ഷിപ്പാൻ കൊണ്ടുവന്നുവോ,
൩൪ എന്നു ശിഷ്യന്മാർ തമ്മിൽ പറഞ്ഞു. യേശു അവരോട്ടു ചൊ
ല്ലുന്നതു: എന്നെ അയച്ചവന്റെ ഇഷ്ടം ചെയ്തു അവന്റെ
വേലയെ തികെക്കുന്നതു അത്രേ എന്റെ ആഹാരം ആകുന്നു.
൩൫ ഇനി നാലുമാസം ഉണ്ടു; അപ്പോൾ കൊയ്ത്തു വരുന്നു എന്നു
നിങ്ങൾ ചൊല്ലുന്നില്ലയോ? ഇതാ നിങ്ങളുടെ കണ്ണുകളെ ഉയ
ത്തി, നിലങ്ങൾ ഇപ്പോഴേ കൊയ്ത്തിന്നു വെണ്മയായിരിക്കു
൩൬ ന്നതു കാണ്മിൻ, എന്നു ഞാൻ നിങ്ങളോട്ടു പറയുന്നു. കൊയ്യു
ന്നവൻ കൂലി വാങ്ങി നിത്യജീവങ്കലേക്കു വിളവു കൂട്ടിവെ
ക്കുന്നു; ആയതു വിതെക്കുന്നവനും കൊയ്യുന്നവനും ഒരുമിച്ചു



സന്തോഷിപ്പാൻ തന്നേ. എന്തെന്നാൽ വിതെക്കുന്നവൻ ൩൭
വേറേ, കൊയ്യുന്നവൻ വേറേ, എന്നുള്ള ചൊൽ ഇതിൽ സത്യ
മായിരിക്കുന്നു. നിങ്ങൾ അദ്ധ്വാനിച്ചിട്ടില്ലാത്തതു കൊയ്വാൻ ൩൮
ഞാൻ നിങ്ങളെ അയച്ചു, മറ്റുള്ളവർ അദ്ധ്വാനിച്ചു, അവരു
ടെ അദ്ധ്വാനത്തിൽ നിങ്ങൾ പ്രവേശിച്ചിരിക്കുന്നു. എന്നാ ൩൯
റേ ഞാൻ ചെയ്തിട്ടുള്ളതു ഒക്കേയും അവൻ എന്നോട്ടു പറഞ്ഞു
എന്നു സാക്ഷ്യം ചൊല്ലിയ സ്ത്രീയുടെ വചനം ഹേതുവായി
ആ ഊരിൽ പല ശമൎയ്യരും അവനിൽ വിശ്വസിച്ചു. ആക ൪൦
യാൽ ശമൎയ്യർ അവന്റെ അടുക്കൽ വന്നപ്പോൾ തങ്ങളോട്ടു
കൂടേ പാൎക്കേണം എന്നു അവനോട്ടു അപേക്ഷിച്ചു; അവൻ
രണ്ടു നാൾ പാൎക്കയും ചെയ്തു. ഏററവും അധികം ആളുകൾ ൪൧
അവന്റെ വചനം നിമിത്തം വിശ്വസിച്ചു, സ്ത്രീയോട്ടു പ ൪൨
റഞ്ഞു: ഇനി നിന്റെ വാക്കുകൊണ്ടല്ല ഞങ്ങൾ വിശ്വസി
ക്കുന്നതു, ഞങ്ങൾ തന്നേ കേട്ടു ഇവൻ ലോകരക്ഷിതാവായ
ക്രിസ്തു ആകുന്നു സത്യം എന്നു അറിഞ്ഞിരിക്കുന്നു.
രണ്ടു ദിവസം കഴിഞ്ഞിട്ടു അവൻ അവിടേനിന്നു പുറപ്പെ ൪൩
ട്ടു, ഗലീലെക്കു പോയി. എന്തെന്നാൽ ഒരു പ്രവാചകന്നു ത ൪൪
ന്റെ പിതൃദേശത്തിൽ ബഹുമാനം ഇല്ല, എന്നു യേശു തന്നേ
സാക്ഷ്യം പറഞ്ഞിരുന്നു. എന്നാൽ അവൻ ഗലീലയിൽ വ ൪൫
ന്നപ്പോൾ ഗലീലക്കാർ തങ്ങളും പെരുനാളിന്നു പോയിരുന്നതു
കൊണ്ടു അവൻ യരുശലേമിൽ വെച്ചു പെരുനാളിൽ ചെയ്തതു
ഒക്കേയും കണ്ട ഹേതുവാൽ അവനെ കൈക്കൊണ്ടു. എന്നാ ൪൬
റേ അവൻ വെള്ളം വീഞ്ഞാക്കിയ ഗലീലയിലേ കാനാവിൽ
പിന്നേയും വന്നു. അന്നു തന്റെ മകൻ രോഗിയായിരുന്ന
ഒരു രാജഭൃത്യൻ കപ്പൎന്നഹൂമിൽ ഉണ്ടായിരുന്നു. ഇവൻ യേ ൪൭
ശു യഹൂദിയായിൽനിന്നു ഗലീലയിൽ വന്നതു കേട്ടു അവ
ന്റെ അടുക്കൽ ചെന്നു, അവൻ ഇറങ്ങി വന്നു, തന്റെ മകൻ
മരിപ്പാറായിരിക്കകൊണ്ടു അവനെ സൌഖ്യമാക്കേണം, എ
ന്നു അവനോട്ടു അപേക്ഷിച്ചു. എന്നാറേ യേശു അവനോ ൪൮
ട്ടു: നിങ്ങൾ അടയാളങ്ങളും അത്ഭുതങ്ങളും കണ്ടിട്ടല്ലാതേ വിശ്വ
സിക്കയില്ല, എന്നു പറഞ്ഞു. രാജഭൃത്യൻ അവനോട്ടു: കൎത്താ ൪൯
വേ, എന്റെ പൈതൽ മരിക്കും മുമ്പേ ഇറങ്ങിവരിക, എന്നു
പറയുന്നു. യേശു അവനോട്ടു: നീ പോയ്ക്കൊൾക, നിന്റെ ൫൦
മകൻ ജീവിച്ചിരിക്കുന്നു, എന്നു ചൊല്ലുന്നു. യേശു പറഞ്ഞ

വാക്കിനെ വിശ്വസിച്ചു ആ മനുഷ്യൻ പോകയും ചെയ്തു.
൫൧ അവൻ ഇറങ്ങിപ്പോകുമ്പോൾ തന്നേ അവന്റെ ദാസന്മാർ
അവനെ എതിരേറ്റു: നിന്റെ മകൻ ജീവിച്ചിരിക്കുന്നു, എന്നു
൫൨ അറിയിച്ചു. ആകയാൽ അവന്നു ഭേദം വന്ന നാഴിക അവ
രോടു ചോദിച്ചാറേ: ഇന്നലേ ഏഴ മണിക്കു പനി വിട്ടുമാറി,
൫൩ എന്നു അവർ അവനോടു പറഞ്ഞു. ആകയാൽ: നിന്റെ മ
കൻ ജീവിച്ചിരിക്കുന്നു, എന്നു യേശു തന്നോടു ചൊല്ലിയ ആ
നാഴികയിൽ തന്നേ, എന്നു അപ്പൻ അറിഞ്ഞു, അവനും അ
൫൪ വന്റെ കുഡുംബം ഒക്കേയും വിശ്വസിക്കയും ചെയ്തു. യേ
ശു യഹൂദിയായിൽനിന്നു ഗലീലയിൽ വന്നശേഷം ഇതു അ
വൻ ചെയ്ത രണ്ടാം അടയാളം ആകുന്നു.

## ൫. അദ്ധ്യായം.

യേശു ശാബ്ബതിൽ രോഗശാന്തി വരുത്തിയതു. ൧൭. ദുസ്തർക്കക്കാരോടു തന്റെ ദിവ്യ ശക്തിയും, ൨൫. ഉയിൎപ്പിപ്പാനും വിധിപ്പാനും അധികാരവും, ൩൨. തന്നെ കുറിച്ചുള്ള സാക്ഷ്യവും ചൊല്ലി, ൪൧. അവിശ്വാസത്തെ ആക്ഷേപിച്ചതു.

ഇവറ്റിന്റെ ശേഷം യഹൂദരുടെ ഒരു പെരുനാൾ ഉണ്ടാ
൨ യിട്ടു യേശു യരുശലേമിലേക്കു കരേറിപ്പോയി. എന്നാൽ യ
രുശലേമിൽ ആട്ടുവാതില്ക്കൽ ബെഥെസ്ദാ എന്നു എബ്രായ
നാമമുള്ള ഒരു കുളം ഉണ്ടു; അതിന്നു അഞ്ചു മണ്ഡപങ്ങളും
൩ ഉണ്ടു. ആയവറ്റിൽ വ്യാധിക്കാർ കുരുടർ മുടന്തർ ക്ഷയരോ
ഗികൾ ഇങ്ങനേയുള്ളോരു വലിയ ജനക്കൂട്ടം വെള്ളത്തിന്റെ
൪ ഇളക്കം കാത്തുകൊണ്ടു കിടന്നിരുന്നു. എന്തെന്നാൽ ചില
പ്പോൾ ഒരു ദൂതൻ കുളത്തിൽ ഇറങ്ങി വെള്ളം കലക്കും; വെള്ളം
കലങ്ങിയശേഷം മുല്പെട്ടു ഇറങ്ങുന്നവൻ ഏതു വ്യാധിയാൽ
൫ പിടിപ്പെട്ടിരുന്നാലും സൌഖ്യവാൻ ആയ്വരും. എന്നാൽ മുപ്പ
ത്തെട്ടു ആണ്ടു രോഗത്തിൽ കഴിച്ചിട്ടുള്ള ഒരു മനുഷ്യൻ അ
൬ വിടേ ഉണ്ടായിരുന്നു. അവൻ കിടക്കുന്നതിനെ യേശു കണ്ടു,
ഏറിയകാലമായി എന്നും അറിഞ്ഞു: നിനക്കു സ്വസ്ഥനാകു
൭ വാൻ മനസ്സുണ്ടോ? എന്നു അവനോടു പറയുന്നു. രോഗി
അവനോടു ഉത്തരം ചൊല്ലിയതു: കൎത്താവേ, വെള്ളം കലങ്ങു
മ്പോൾ എന്നെ കുളത്തിൽ ആക്കുവാൻ എനിക്കു ആരും ഇല്ല;
ഞാൻ തന്നേ ചെല്ലുമ്പോൾ മറ്റൊരുത്തൻ എനിക്കു മുമ്പായി
൮ ഇറങ്ങുന്നു. യേശു അവനോടു: എഴുനീറ്റു നിന്റെ കിടക്ക
൯ എടുത്തു നടക്ക, എന്നു പറയുന്നു. ഉടനേ ആ മനുഷ്യൻ



സൌഖ്യമായി തന്റെ കിടക്ക എടുത്തുംകൊണ്ടു നടന്നു; എങ്കി
ലോ ആ നാൾ ശാബ്ബതു ദിവസം ആയിരുന്നു.
ആകയാൽ യഹൂദന്മാർ ആ സൌഖ്യപ്പെട്ടവനോടു: ശാ ൧൦
ബ്ബതു ദിവസം ആകുന്നു, കിടക്ക എടുപ്പാൻ നിനക്കു ന്യായം
ഇല്ല, എന്നു പറഞ്ഞു. അവൻ അവരോടു ഉത്തരം ചൊല്ലി ൧൧
യതു: എന്നെ സ്വസ്ഥനാക്കിയവൻ തന്നേ: നിന്റെ കിടക്ക
എടുത്തു നടക്ക എന്നു എന്നോടു പറഞ്ഞു. എന്നതുകൊണ്ടു ൧൨
അവർ അവനോടു: നിന്റെ കിടക്ക എടുത്തു നടക്ക എന്നു നി
ന്നോടു പറഞ്ഞ മനുഷ്യൻ ആർ? എന്നു ചോദിച്ചു. എന്നാൽ ൧൩
ആ സ്ഥലത്തു പുരുഷാരം ഉണ്ടായിരിക്കയാൽ യേശു മാറിക്കള
ഞ്ഞതുകൊണ്ടു അവൻ ഇന്നവൻ, എന്നു സ്വസ്ഥനായവൻ
അറിഞ്ഞില്ല. അനന്തരം യേശു അവനെ ദൈവാലയത്തിൽ ൧൪
വെച്ചു കണ്ടെത്തി അവനോടു: നോക്കു, നീ സ്വസ്ഥനായി
തീൎന്നു, അധികം തിന്മയായുള്ളതു നിനക്കു സംഭവിക്കായ്വാൻ
ഇനി പാപം ചെയ്യരുതു, എന്നു പറഞ്ഞു. ആ മനുഷ്യൻ ൧൫
പോയി തന്നെ സൌഖ്യമാക്കിയതു യേശു, എന്നു യഹൂദരോടു
അറിയിച്ചു. ആകയാൽ യേശു ശാബ്ബതിൽ ഇവ ചെയ്കകൊ ൧൬
ണ്ടു യഹൂദന്മാർ അവനെ പീഡിപ്പിച്ചു കൊല്ലുവാൻ അന്വേ
ഷിച്ചു. എന്നാൽ യേശു അവരോടു: എന്റെ പിതാവു ഇതു ൧൭
വരേയും പ്രവൃത്തിക്കുന്നു, ഞാനും പ്രവൃത്തിക്കുന്നു, എന്നു ഉ
ത്തരം പറഞ്ഞു. ആകയാൽ അവൻ ശാബ്ബതിനെ അഴിക്ക ൧൮
കൊണ്ടു മാത്രമല്ല ദൈവം സ്വന്ത പിതാവു എന്നു ചൊല്ലി
തന്നെത്താൻ ദൈവത്തോടു സമമാക്കുകകൊണ്ടും, യഹൂദന്മാർ
അവനെ കൊല്ലുവാൻ ഏറ്റം അന്വേഷിച്ചു പോന്നു.
ആയതുകൊണ്ടു യേശു അവരോടു ഉത്തരം ചൊല്ലിയതു: ൧൯
ആമെൻ, ആമെൻ, ഞാൻ നിങ്ങളോടു പറയുന്നു, പിതാവു
ചെയ്തു കാണുന്നതു അല്ലാതേ, പുത്രന്നു സ്വതേ ഒന്നും ചെ
യ്വാൻ കഴികയില്ല; എന്തെന്നാൽ അവൻ എന്തു ചെയ്യുന്നു
വോ, അവറ്റെ പുത്രനും അവ്വണ്ണം ചെയ്യുന്നു. എന്തെന്നാൽ ൨൦
പിതാവു പുത്രനെ പ്രിയപ്പെടുന്നു, താൻ ചെയ്യുന്നവ ഒക്കേ
യും അവന്നു കാണിച്ചും വരുന്നു; നിങ്ങൾ ആശ്ചൎയ്യപ്പെടുമാറു
ഇവറ്റിൽ വലിയ ക്രിയകളെയും അവന്നു കാണിക്കും. പി ൨൧
താവു മരിച്ചവരെ ഉണൎത്തി ജീവിപ്പിക്കുന്നതു പോലേ തന്നേ
പുത്രനും താൻ ഇച്ഛിക്കുന്നവരെ ജീവിപ്പിക്കുന്നു. എന്തെ ൨൨

ന്നാൽ പിതാവു ആരെയും ന്യായം വിധിക്കാതേ ന്യായവിധി
൨൩ എല്ലാം പുത്രന്നു കൊടുത്തിരിക്കുന്നു. എല്ലാവരും പിതാവിനെ
ബഹുമാനിക്കുംപ്രകാരം പുത്രനെ ബഹുമാനിക്കേണ്ടതിന്നു ത
ന്നേ. പുത്രനെ ബഹുമാനിക്കാത്തവൻ അവനെ അയച്ച
൨൪ പിതാവിനെയും ബഹുമാനിക്കുന്നില്ല. ആമെൻ, ആമെൻ,
ഞാൻ നിങ്ങളോടു പറയുന്നു: എന്റെ വചനം കേട്ടു എന്നെ
അയച്ചവനെ വിശ്വസിക്കുന്നവന്നു നിത്യജീവൻ ഉണ്ടു; അ
വൻ ന്യായവിധിയിൽ വരാതേ മരണത്തിൽനിന്നു ജീവങ്ക
൨൫ ലേക്കു കടന്നിരിക്കുന്നു. ആമെൻ, ആമെൻ, ഞാൻ നിങ്ങ
ളോടു പറയുന്നു: മരിച്ചവർ ദൈവപുത്രന്റെ ശബ്ദം കേൾ
ക്കയും കേൾക്കുന്നവർ ജീവിക്കയും ചെയ്യുന്ന നാഴിക വരുന്നു,
൨൬ ഇപ്പോൾ തന്നേയും ആകുന്നു. എന്തെന്നാൽ പിതാവിന്നു
തന്നിൽതന്നേ ജീവനുള്ളപ്രകാരം അവൻ പുത്രന്നും തന്നിൽ
൨൭ തന്നേ ജീവനുള്ളവൻ ആകുമാറു നല്കി. അവൻ മനുഷ്യപു
ത്രൻ ആകയാൽ ന്യായവിധിയെയും നടത്തിപ്പാൻ അവന്നു
൨൮ അധികാരം കൊടുത്തു. ഇതിങ്കൽ ആശ്ചൎയ്യപ്പെടേണ്ടാ; കല്ലറക
൨൯ ളിൽ ഉള്ളവർ എല്ലാവരും അവന്റെ ശബ്ദം കേട്ടു, നന്മകൾ
ചെയ്തവർ ജീവന്റെ ഉയിൎപ്പിന്നായും തിന്മകൾ ചെയ്തവർ
ന്യായവിധിയുടെ ഉയിൎപ്പിന്നായും പുറപ്പെടുവാനുള്ള നാഴിക
൩൦ വരുന്നു. എനിക്കു ഒന്നും സ്വതേ ചെയ്യാകൂടാ; ഞാൻ കേ
ൾക്കുന്നപ്രകാരം ന്യായം വിധിക്കുന്നു; ഞാൻ എന്റെ ഇഷ്ടം
അല്ല എന്നെ അയച്ച പിതാവിന്റെ ഇഷ്ടമത്രേ അന്വേ
ഷിക്കുന്നതുകൊണ്ടു എന്റെ വിധി നീതിയുള്ളതും ആകുന്നു.
൩൧ എന്നെ കുറിച്ചു ഞാൻ തന്നേ സാക്ഷ്യം പറഞ്ഞാൽ എന്റെ
൩൨ സാക്ഷ്യം സത്യമുള്ളതല്ല. എന്നെ കുറിച്ചു സാക്ഷ്യം ചൊല്ലു
ന്നവൻ മറെറാരുത്തൻ ഉണ്ടു, അവൻ എന്നെ കുറിച്ചു പറ
൩൩ യുന്ന സാക്ഷ്യം സത്യമുള്ളതു, എന്നു ഞാൻ അറിയുന്നു. നി
ങ്ങൾ യോഹന്നാന്റെ അടുക്കൽ ആളയച്ചു; അവനും സത്യ
൩൪ ത്തിന്നു സാക്ഷ്യം കൊടുത്തിരിക്കുന്നു. ഞാനോ മനുഷ്യനിൽ
നിന്നു സാക്ഷ്യം വാങ്ങുന്നില്ല; നിങ്ങൾ രക്ഷിക്കപ്പെടുവാനത്രേ
൩൫ ഇവ പറയുന്നു. ആയവൻ എരിഞ്ഞു വിളങ്ങുന്ന വിളക്കു
ആയിരുന്നു; നിങ്ങളോ തത്സമയത്തേക്കു അവന്റെ വെളിച്ച
൩൬ ത്തിൽ ഉല്ലസിച്ചുകൊൾവാൻ ഇച്ഛിച്ചു. എന്നാൽ യോഹന്നാ
ന്റേതിനെക്കാളും വലിയ സാക്ഷ്യം എനിക്കു ഉണ്ടു; എന്തെ



ന്നാൽ ഞാൻ തികെപ്പാനായിട്ടു പിതാവു എനിക്കു തന്ന ക്രിയ
കൾ, ഞാൻ ചെയ്യുന്ന ക്രിയകൾ തന്നേ പിതാവു എന്നെ അ
യച്ചിരിക്കുന്നു, എന്നു എന്നെ കുറിച്ചു സാക്ഷ്യം ചൊല്ലുന്നു.
എന്നെ അയച്ച പിതാവു താനും എന്നെ കുറിച്ചു സാക്ഷ്യം ൩൭
ചൊല്ലിയിരിക്കുന്നു; നിങ്ങൾ അവന്റെ ശബ്ദം ഒരുനാളും കേ
ട്ടിട്ടുമില്ല അവന്റെ രൂപം കണ്ടിട്ടുമില്ല. അവന്റെ വചനം ൩൮
നിങ്ങളുടെ ഉള്ളിൽ വസിക്കുന്നതുമില്ല; ആയവൻ അയച്ചവ
നെ നിങ്ങൾ വിശ്വസിക്കുന്നില്ലല്ലോ. തിരുവെഴുത്തുകളെ ശോ ൩൯
ധന ചെയ്യിൻ; അവററിൽ നിങ്ങൾക്കു നിത്യജീവൻ ഉണ്ടു എ
ന്നു നിങ്ങൾ നിരൂപിക്കുന്നുവല്ലോ; അവ തന്നേ എനിക്കു സാ
ക്ഷികൾ ആകുന്നു. എങ്കിലും നിങ്ങൾക്കു ജീവൻ ഉണ്ടാകേണ്ടു ൪൦
ന്നതിന്നു എന്റെ അടുക്കൽ വരുവാൻ നിങ്ങൾക്കു മനസ്സില്ല.
മനുഷ്യരിൽനിന്നു മഹത്വം ഞാൻ വാങ്ങുന്നില്ല. എന്നാൽ ൪൧
നിങ്ങൾക്കു ദൈവസ്നേഹം ഉള്ളിൽ ഇല്ല എന്നു ഞാൻ നിങ്ങ ൪൨
ളെ അറിഞ്ഞിരിക്കുന്നു. എന്റെ പിതാവിൻ നാമത്തിൽ ൪൩
ഞാൻ വന്നിട്ടു നിങ്ങൾ എന്നെ കൈക്കൊള്ളുന്നില്ല; മറെറാ
രുത്തൻ തന്റെ സ്വന്ത നാമത്തിൽ വന്നു എങ്കിൽ അവനെ
നിങ്ങൾ കൈക്കൊള്ളും. തമ്മിൽ തമ്മിൽ മഹത്വം വാങ്ങി ൪൪
ക്കൊണ്ടു ഏകദൈവത്തിൽനിന്നുള്ള മഹത്വത്തെ അന്വേഷി
ക്കാത്ത നിങ്ങൾക്കു എങ്ങിനേ വിശ്വസിക്കാം? ഞാൻ പിതാ ൪൫
വിൻ മുമ്പിൽ നിങ്ങളെ കുററം ചുമത്തും, എന്നു തോന്നരുതു.
നിങ്ങളെ കുററം ചുമത്തുന്നവൻ ഉണ്ടു, നിങ്ങൾ ആശ വെ
ച്ചിരിക്കുന്ന മോശെ തന്നേ. എന്തെന്നാൽ നിങ്ങൾ മോശെ ൪൬
യെ വിശ്വസിച്ചു എങ്കിൽ എന്നെയും വിശ്വസിക്കുമായിരുന്നു;
ആയവൻ എന്നെ കുറിച്ചു എഴുതിയിരിക്കുന്നുവല്ലോ. എ ൪൭
ന്നാൽ അവന്റെ എഴുത്തുകളെ നിങ്ങൾ വിശ്വസിക്കുന്നില്ല
എങ്കിൽ എന്റെ മൊഴികളെ എങ്ങിനേ വിശ്വസിക്കും?

## ൬. അദ്ധ്യായം.

അയ്യായിരത്തിന്നു ഭക്ഷണം കൊടുത്ത ശേഷം (മത്ത. ൧൪. മാ. ൬. ലൂ. ൯.) ൧൪. യേശു കടലിന്മേൽ നടന്നതു (മത്ത. ൧൪. മാ. ൬). ൨൨. താൻ സത്യമുള്ള ആഹാരം എന്നു പുരുഷാരത്തോടും, ൫൯. പള്ളിയിലും വാദിച്ചു. ൬൦. കഠിനമുള്ള ഉപദേശംകൊണ്ടു, ൬൦. ശിഷ്യന്മാരെ പരിശോധിച്ചതു.

അനന്തരം യേശു തിബെൎയ്യാസ് എന്ന ഗലീലക്കടലിന്റെ
അക്കരെക്കു യാത്രയായി. അവൻ രോഗികളിൽ ചെയ്യുന്ന അ ൨
ടയാളങ്ങളെ കാണുകകൊണ്ടു ഒരു വലിയ പുരുഷാരം അവനെ

൩ പിന്തുടൎന്നു. യേശു മലയിൽ കരേറി ശിഷ്യരോടു കൂടേ അവി
൪ ടേ ഇരുന്നു. എന്നാൽ യഹൂദരുടെ പെരുനാൾ ആകുന്ന
൫ പെസഹാ അടുത്തിരുന്നു. ആകയാൽ യേശു കണ്ണുകളെ ഉയ
ൎത്തി വലിയോരു പുരുഷാരം തന്റെ അടുക്കൽ വരുന്നപ്രകാരം
കണ്ടിട്ടു ഫീലിപ്പൊസിനോടു പറയുന്നു: ഇവൎക്കു തിന്മാൻ നാം
൬ എവിടേനിന്നു അപ്പങ്ങൾ കൊൾവു? എന്നാൽ താൻ ചെ
യ്വാൻ പോകുന്നതു എന്തെന്നു അറിഞ്ഞുകൊണ്ടു അവനെ
൭ പരീക്ഷിച്ചു പറഞ്ഞതത്രേ. ഫീലിപ്പൊസ് അവനോടു: ഇ
വരിൽ ഓരോരുത്തന്നു അല്പമല്പം ലഭിക്കേണ്ടതിന്നു ഇരുനൂറു
൮ പണത്തിന്റെ അപ്പം പോരാ, എന്നു ഉത്തരം പറഞ്ഞു. അ
വന്റെ ശിഷ്യന്മാരിൽ ഒരുത്തനായി ശിമോൻ പത്രൊസി
ന്റെ സഹോദരനാകുന്ന അന്ദ്രെയോസ് അവനോടു പറയു
൯ ന്നു: ഇവിടേ ഒരു ബാലകൻ ഉണ്ടു; അവന്നു അഞ്ചു യവ
യപ്പവും രണ്ടു ചെറു മീനും ഉണ്ടു എങ്കിലും ഇത്ര പേൎക്കു അതു
൧൦ എന്തുള്ളു? എന്നാറേ യേശു: ആളുകളെ ഇരുത്തുവിൻ, എന്നു
പറഞ്ഞു. എന്നാൽ ആ സ്ഥലത്തു വളരേ പുല്ലു ഉണ്ടായിരു
ന്നു; എണ്ണത്തിൽ അയ്യായിരത്തോളം പുരുഷന്മാർ ഇരിക്കയും
൧൧ ചെയ്തു. പിന്നേ യേശു അപ്പങ്ങളെ എടുത്തു വാഴ്ത്തി ശിഷ്യ
ന്മാൎക്കും ശിഷ്യന്മാർ ഇരുന്നവൎക്കും പങ്കിട്ടു കൊടുത്തു, അപ്രകാ
൧൨ രം മീനുകളിലും അവൎക്കു വേണ്ടുവോളം കൊടുത്തു. അവൎക്കു
തൃപ്തിയായ ശേഷം തന്റെ ശിഷ്യന്മാരോടു: ശേഷിച്ച കഷണ
ങ്ങൾ ഒന്നും നഷ്ടമാകാതവണ്ണം കൂട്ടിക്കൊൾവിൻ, എന്നു പ
൧൩ റയുന്നു. അവർ കൂട്ടി, അഞ്ചു യവയപ്പങ്ങൾ തിന്നവൎക്കു
മിഞ്ചിയ കഷണങ്ങൾകൊണ്ടു പന്ത്രണ്ടു കൊട്ട നിറെക്കയും
ചെയ്തു.
൧൪ ആകയാൽ യേശു ചെയ്ത അടയാളത്തെ കണ്ട മനുഷ്യർ:
ലോകത്തിലേക്കു വരുവാനുള്ള പ്രവാചകൻ ഇവൻ ആകുന്നു
൧൫ സത്യം, എന്നു പറഞ്ഞു. പിന്നേ തന്നെ രാജാവാക്കേണ്ടതി
ന്നു അവർ വന്നു തന്നെ പിടിച്ചുകൊണ്ടുപോകുവാൻ ഭാവിക്കു
ന്നു, എന്നു യേശു അറിഞ്ഞിട്ടു പിന്നേയും തനിച്ചു മലയിലേ
൧൬ ക്കു വാങ്ങിപ്പോയി. സന്ധ്യയായപ്പോൾ അവന്റെ ശിഷ്യ
൧൭ ന്മാർ കടല്പുറത്തേക്കു ഇറങ്ങി, പടവിൽ കയറി കടലക്കരേ
കപ്പൎന്നഹൂമിലേക്കു പോയി; ഇരുട്ടായ ശേഷവും യേശു അ
൧൮ വരുടെ അടുക്കൽ വന്നില്ല. കൊടുങ്കാറ്റു അടിച്ചിട്ടു കടൽ



പൊങ്ങി; എന്നിട്ടു അവർ ഇരിപത്തഞ്ചോ മുപ്പതോ സ്താദി ൧൯
ദൂരത്തോളം വലിച്ച ശേഷം കടലിൻ മേൽ യേശു നടന്നു പട
വിനോടു സമീപിക്കുന്നതു കണ്ടു ഭയപ്പെട്ടു. എന്നാറേ അ ൨൦
വൻ: ഞാൻ ആകുന്നു, ഭയപ്പെടേണ്ടാ, എന്നു അവരോടു പ
റയുന്നു. അപ്പോൾ അവനെ പടവിൽ കരേറ്റുവാൻ അ ൨൧
വർ ഇച്ഛിച്ചു; പടവു അവർ പോകുന്ന ദേശത്തിൽ ഉടനേ
എത്തുകയും ചെയ്തു.
പിറേറ നാൾ കടലക്കരേ നില്ക്കുന്ന പുരുഷാരം അവന്റെ ൨൨
ശിഷ്യന്മാർ കയറി പോയ ആ ഒരു പടവു ഒഴികേ അവിടേ വേ
റേ ഇല്ലാഞ്ഞു എന്നും യേശു തന്റെ ശിഷ്യന്മാരോടു കൂടേ പ
ടവിൽ ഏറാതേ ശിഷ്യന്മാർ മാത്രം പോയി എന്നും കണ്ടു. എ ൨൩
ങ്കിലും കൎത്താവു വാഴ്ത്തിയ ശേഷം അവർ അപ്പം ഭക്ഷിച്ച സ്ഥ
ലത്തിൻ അരികേ തിബെൎയ്യാസിൽനിന്നു വേറേ പടവുകൾ
എത്തീട്ടുണ്ടായിരുന്നു. ആകയാൽ യേശു അവിടേ ഇല്ല അ ൨൪
വന്റെ ശിഷ്യന്മാരും ഇല്ല എന്നു പുരുഷാരം കണ്ടു, തങ്ങളും
പടവുകളിൽ കയറി, യേശുവിനെ തിരഞ്ഞുകൊണ്ടു കപ്പൎന്ന
ഹൂമിൽ വന്നു. കടലക്കരേ അവനെ കണ്ടെത്തിയപ്പോൾ: ൨൫
റബ്ബീ, നീ എപ്പോൾ ഇവിടേ വന്നു? എന്നു ചോദിച്ചു. യേ ൨൬
ശു ഉത്തരം ചൊല്ലിയതു: ആമെൻ, ആമെൻ, ഞാൻ നിങ്ങ
ളോടു പറയുന്നു, നിങ്ങൾ അടയാളങ്ങളെ കണ്ടതിനാൽ അല്ല
അപ്പങ്ങളിൽനിന്നു ഭക്ഷിച്ചു തൃപ്തരായതുകൊണ്ടത്രേ എന്നെ
അന്വേഷിക്കുന്നതു. അഴിഞ്ഞുപോകുന്ന ആഹാരത്തെ അ ൨൭
ല്ല നിത്യജീവങ്കലേക്കു നിലനില്ക്കുന്ന ആഹാരത്തെ തന്നേ പ്ര
വൃത്തിച്ചു നേടുവിൻ; അതിനെ മനുഷ്യപുത്രൻ നിങ്ങൾക്കു
തരും. ഇവനെ അല്ലോ പിതാവായ ദൈവം മുദ്രയിട്ടിരിക്കുന്നു.
എന്നതുകൊണ്ടു അവർ അവനോടു: ഞങ്ങൾ ദൈവത്തിന്റെ ൨൮
ക്രിയകളെ പ്രവൃത്തിക്കേണ്ടതിന്നു എന്തു ചെയ്യേണ്ടു? എന്നു
പറഞ്ഞു. യേശു അവരോടു: ദൈവത്തിന്റെ ക്രിയ എന്നതു ൨൯
അവൻ അയച്ചവനിൽ നിങ്ങൾ വിശ്വസിക്കുന്നതത്രേ ആ
കുന്നു, എന്നു ഉത്തരം പറഞ്ഞു. അതുകൊണ്ടു അവർ അവ ൩൦
നോടു പറഞ്ഞു: ഞങ്ങൾ കണ്ടു നിന്നെ വിശ്വസിപ്പാൻ നീ
എന്തു അടയാളം ചെയ്യുന്നു? നീ എന്തു പ്രവൃത്തിക്കുന്നു? ഞ ൩൧
ങ്ങളുടെ പിതാക്കന്മാർ മരുഭൂമിയിൽ മന്ന തിന്നുവല്ലോ; സ്വൎഗ്ഗ
ത്തിൽനിന്നു അവൎക്കു അപ്പം തിന്മാൻ കൊടുത്തു, എന്നു എഴു

൩൨ തിയിരിക്കുന്ന പ്രകാരം തന്നേ.[1] എന്നതുകൊണ്ടു യേശു അ
വരോടു ചൊല്ലിയതു: ആമെൻ, ആമെൻ, ഞാൻ നിങ്ങളോടു
പറയുന്നു, മോശെ നിങ്ങൾക്ക സ്വർഗ്ഗത്തിൽനിന്നുള്ള അപ്പം
തന്നില്ല എങ്കിലോ സ്വർഗ്ഗത്തിൽനിന്ന സത്യമായുള്ള അപ്പ
൩൩ ത്തെ എന്റെ പിതാവു നിങ്ങൾക്ക തരുന്നു. ദൈവത്തി
ന്റെ അപ്പം എന്നതു സ്വർഗ്ഗത്തിൽനിന്ന ഇറങ്ങിവന്ന ലോ
൩൪ കത്തിന്ന ജീവനെ കൊടുക്കുന്നതു ആകുന്നു. അവർ അവ
നോടു: കൎത്താവേ, ഈ അപ്പം എപ്പോഴും ഞങ്ങൾക്ക തരേണ
൩൫ മേ, എന്ന പറഞ്ഞു. യേശു അവരോടു ചൊല്ലിയതു, ഞാൻ
ജീവന്റെ അപ്പം ആകുന്നു; എന്റെ അടുക്കൽ വരുന്നവന്ന
വിശക്കയില്ല, എന്നിൽ വിശ്വസിക്കുന്നവന്ന ഒരുനാളും ദാ
൩൬ ഹിക്കയുമില്ല. എങ്കിലും നിങ്ങൾ എന്നെ കണ്ടിട്ടും വിശ്വസി
൩൭ ക്കുന്നില്ല, എന്ന ഞാൻ നിങ്ങളോടു പറഞ്ഞുവല്ലോ. പിതാ
വു എനിക്ക തരുന്നതു ഒക്കേയും എന്റെ അടുക്കൽ വരും; എ
ന്റെ അടുക്കൽ വരുന്നവനെ ഞാൻ ഒരു പ്രകാരത്തിലും പു
൩൮ റത്തു തള്ളിക്കളകയും ഇല്ല. എന്തെന്നാൽ ഞാൻ എന്റെ ഇ
ഷ്ടം അല്ല എന്നെ അയച്ചവന്റെ ഇഷ്ടം ചെയ്വാനത്രേ സ്വ
൩൯ ൎഗ്ഗത്തിൽനിന്ന ഇറങ്ങി വന്നിരിക്കുന്നു. അവൻ എനിക്ക ത
ന്നതിൽ ഒന്നും കളയാതേ, എല്ലാം ഒടുക്കത്തേ നാളിൽ ഉയിൎത്തെ
ഴുനീല്പിക്ക എന്നുള്ളതു എന്നെ അയച്ച പിതാവിന്റെ ഇഷ്ടം
൪൦ ആകുന്നു. എന്നെ അയച്ചവന്റെ ഇഷ്ടം ആവിതു, പുത്ര
നെ നോക്കി അവനിൽ വിശ്വസിക്കുന്നവന്ന എല്ലാം നിത്യ
ജീവൻ ഉണ്ടാകയും ഞാൻ അവനെ ഒടുക്കത്തേ നാളിൽ ഉയി
ൎത്തെഴുനീല്പിക്കയും വേണം എന്ന തന്നേ.

൪൧ അതുകൊണ്ടു സ്വൎഗ്ഗത്തിൽനിന്ന ഇറങ്ങിവന്ന അപ്പം
ഞാൻ ആകുന്നു, എന്ന അവൻ പറഞ്ഞതിനാൽ യഹൂദർ അ
൪൨ വനെ കുറിച്ച പിറുപിറുത്തു പറഞ്ഞതു: ഇവൻ യോസേഫി
ന്റെ പുത്രനായ യേശു അല്ലയോ? ഇവന്റെ അപ്പനെയും
അമ്മയെയും നാം അറിയുന്നുവല്ലോ; പിന്നേ ഞാൻ സ്വൎഗ്ഗ
ത്തിൽനിന്ന ഇറങ്ങി വന്നു എന്ന ഇവൻ ചൊല്ലുന്നതു എ
൪൩ ങ്ങിനേ? അവരോടു യേശു ഉത്തരം പറഞ്ഞതു: നിങ്ങൾ ത
൪൪ മ്മിൽ പിറുപിറുക്കേണ്ടാ. എന്നെ അയച്ച പിതാവു ആക
ൎഷിക്കാതേ ആൎക്കും എന്റെ അടുക്കൽ വരുവാൻ കഴികയില്ല;

[1] സങ്കീ. ൭൮, ൨൪.



ആയവനെ ഞാൻ ഒടുക്കത്തേ നാളിൽ ഉയിൎത്തെഴുനീല്പിക്കും.
എല്ലാവരും ദൈവത്താൽ ഉപദേശിക്കപ്പെട്ടവർ ആകും, എന്ന ൪൫
പ്രവാചകരിൽ എഴുതിയിരിക്കുന്നു.[1] പിതാവിൽനിന്ന കേട്ടു പ
ഠിച്ചവൻ എല്ലാം എന്റെ അടുക്കൽ വരുന്നു. വല്ലവനും പി ൪൬
താവിനെ കണ്ടിട്ടുണ്ടു എന്നല്ല ദൈവത്തിൻ പക്കൽനിന്നുള്ള
വനേ പിതാവിനെ കണ്ടിട്ടുള്ളു. ആമെൻ, ആമെൻ, ഞാൻ ൪൭
നിങ്ങളോടു പറയുന്നു: എങ്കൽ വിശ്വസിക്കുന്നവന്ന നിത്യജീ
വൻ ഉണ്ടു. ഞാൻ ജീവന്റെ അപ്പം ആകുന്നു. നിങ്ങളുടെ ൪൮
പിതാക്കന്മാർ മരുഭൂമിയിൽ മന്ന ഭക്ഷിച്ചു മരിക്കയും ചെയ്തു. ൪൯
ഇതോ, വല്ലവനും അതിൽനിന്ന ഭക്ഷിച്ചാൽ മരിക്കാതിരിക്കേ ൫൦
ണ്ടതിന്ന സ്വൎഗ്ഗത്തിൽനിന്ന ഇറങ്ങുന്ന അപ്പം ആകുന്നു.
സ്വൎഗ്ഗത്തിൽനിന്ന ഇറങ്ങിയ ജീവനുള്ള അപ്പം ഞാൻ ആകു ൫൧
ന്നു; ആരാനും ഈ അപ്പത്തിൽനിന്ന ഭക്ഷിച്ചാൽ അവൻ എ
ന്നേക്കും ജീവിക്കും; ഞാൻ കൊടുപ്പാനിരിക്കുന്ന അപ്പമോ ലോ
കജീവന്ന വേണ്ടി കൊടുപ്പാനിരിക്കുന്ന എന്റെ മാംസം ആ
കുന്നു.

ആകയാൽ യഹൂദന്മാർ: ഇവൻ തന്റെ മാംസം നമുക്ക ൫൨
തിന്മാൻ എങ്ങിനേ തരുവാൻ കഴിയും? എന്ന ചൊല്ലി തങ്ങ
ളിൽ ഇടഞ്ഞു. അപ്പോൾ യേശു അവരോടു ചൊല്ലിയതു: ൫൩
ആമെൻ, ആമെൻ, ഞാൻ നിങ്ങളോടു പറയുന്നു, നിങ്ങൾ മ
നുഷ്യപുത്രന്റെ മാംസം ഭക്ഷിക്കാതേയും അവന്റെ രക്തം കു
ടിക്കാതേയും ഇരുന്നാൽ നിങ്ങൾക്ക നിങ്ങളിൽ തന്നേ ജീവൻ
ഇല്ല. എന്റെ മാംസം തിന്ന എന്റെ രക്തം കുടിക്കുന്നവ ൫൪
ന്ന നിത്യജീവൻ ഉണ്ടു; ഞാൻ ഒടുക്കത്തേ നാളിൽ അവനെ
ഉയിൎത്തെഴുനീല്പിക്കയും ചെയ്യും. എന്തെന്നാൽ എന്റെ മാം ൫൫
സം സത്യമായി ഭക്ഷണം ആകുന്നു, എന്റെ രക്തം സത്യമാ
യി പാനീയം ആകുന്നു. എന്റെ മാംസം തിന്ന എന്റെ ൫൬
രക്തം കുടിക്കുന്നവൻ എന്നിലും ഞാൻ അവനിലും വസിക്കു
ന്നു. ജീവനുള്ള പിതാവു എന്നെ അയച്ചിട്ടു ഞാൻ പിതാവു ൫൭
മൂലം ജീവിക്കുന്നതു പോലേ, എന്നെ ഭക്ഷിക്കുന്നവൻ ഞാൻ
മൂലം ജീവിക്കും. സ്വൎഗ്ഗത്തിൽനിന്ന ഇറങ്ങിവന്ന അപ്പം ൫൮
ഇതു ആകുന്നു; നിങ്ങളുടെ പിതാക്കന്മാർ മന്ന ഭക്ഷിക്കയും മരി
ക്കയും ചെയ്തതു പോലേ അല്ല; ഈ അപ്പം തിന്നുന്നവൻ എ

[1] യശാ. ൫൪, ൧൩.

൫൯ ന്നേക്കും ജീവിക്കും. ഇവ അവൻ കപ്പർന്നഹൂമിലേ പള്ളി
യിൽ ഉപദേശിച്ചുകൊണ്ടു പറഞ്ഞു.
൬൦ അതുകൊണ്ടു അവന്റെ ശിഷ്യന്മാർ പലരും കേട്ടിട്ടു: ഇതു
കഠിനവാക്കു; ഇതു ആൎക്കു കേൾപ്പാൻ കഴിയും? എന്നു പറ
൬൧ ഞ്ഞു. ആകയാൽ ശിഷ്യന്മാർ അതിനെ ചൊല്ലി പിറുപിറു
ക്കുന്നതു യേശു തന്നിൽ അറിഞ്ഞു അവരോടു പറഞ്ഞു: ഇതു
൬൨ നിങ്ങളെ ഇടറിക്കുന്നുവോ? പിന്നേ മനുഷ്യപുത്രൻ പൂൎവ്വ
ത്തിൽ ഇരുന്നേടത്തേക്കു കരേറിപ്പോകുന്നതു നിങ്ങൾ കണ്ടാ
൬൩ ലോ? ജീവിപ്പിക്കുന്നതു ആത്മാവു ആകുന്നു, മാംസം ഒന്നി
ന്നും ഉപകരിക്കുന്നില്ല; ഞാൻ നിങ്ങളോടു സംസാരിക്കുന്ന
൬൪ മൊഴികൾ ആത്മാവു ആകുന്നു, ജീവനും ആകുന്നു. എങ്കിലും
വിശ്വസിക്കാത്ത ചിലർ നിങ്ങളിൽ ഉണ്ടു, എന്തെന്നാൽ വി
ശ്വസിക്കാത്തവർ ഇന്നവർ എന്നും തന്നെ കാണിച്ചു കൊടു
പ്പവൻ ഇന്നവൻ എന്നും യേശു ആദിമുതൽ അറിഞ്ഞു.
൬൫ പിന്നേ അവൻ പറഞ്ഞു: ഇതു ഹേതുവായിട്ടത്രേ ഞാൻ നി
ങ്ങളോടു എന്റെ പിതാവിൽനിന്നു നല്കപ്പെട്ടിട്ടല്ലാതേ ആൎക്കും
എന്റെ അടുക്കൽ വരുവാൻ കഴികയില്ല, എന്നു ചൊല്ലിയതു.
൬൬ ഇതുമുതൽ അവന്റെ ശിഷ്യന്മാരിൽ പലരും പിന്നോക്കം വാ
ങ്ങിപ്പോയി. അവനോടു കൂടേ പിന്നേ സഞ്ചരിച്ചതുമില്ല.
൬൭ ആകയാൽ യേശു പന്തിരുവരോടു: നിങ്ങളും പൊയ്ക്കളവാൻ
൬൮ ഇച്ഛിക്കുന്നുവോ? എന്നു പറഞ്ഞു. എന്നാറേ ശിമോൻ പ
ത്രൊസ് അവനോടു ഉത്തരം ചൊല്ലിയതു: കൎത്താവേ, ഞങ്ങൾ
ആരുടേ അടുക്കൽ പോകും? നിത്യജീവന്റെ മൊഴികൾ നിന
൬൯ ക്കു ഉണ്ടു. നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തു
ആകുന്നു എന്നു ഞങ്ങൾ വിശ്വസിച്ചും അറിഞ്ഞും ഇരിക്കുന്നു.
൭൦ യേശു അവരോടു ഉത്തരം ചൊല്ലിയതു: നിങ്ങൾ പന്തിരുവരെ
ഞാൻ തെരിഞ്ഞെടുത്തില്ലയോ? എന്നാലും നിങ്ങളിൽ ഒരു
൭൧ ത്തൻ ഒരു പിശാചു ആകുന്നു. ഇതു അവൻ ശിമോന്റെ
പുത്രനായ ഇഷ്കൎയ്യോത്തനായ യൂദാവിനെ കുറിച്ചത്രേ പറ
ഞ്ഞതു; പന്തിരുവരിൽ ഒരുത്തനായ ഇവൻ അല്ലോ അവ
നെ കാണിച്ചുകൊടുപ്പാനിരുന്നതു.

## ൭. അദ്ധ്യായം.

യേശു കൂടാരപ്പെരുനാളിൽ ൧൪. തന്റെ ഉപദേശത്തിന്നും ക്രിയെക്കും പ്രമാണം വിവരിച്ചും, ൩൭. നല്ല ഉറവിനെ പ്രശംസിച്ചും പുരുഷാരത്തോടു വാദിച്ചതു. ൪൫. അവരെ പോലേ ന്യായാധിപസംഘവും ഛിദിച്ചതു.



ഇവററിന്റെ ശേഷം യേശു ഗലീലയിൽ സഞ്ചരിച്ചു, എ
ന്തെന്നാൽ യഹൂദന്മാർ അവനെ കൊല്ലുവാൻ അന്വേഷി
ച്ചതുകൊണ്ടു, യഹൂദിയായിൽ സഞ്ചരിപ്പാൻ മനസ്സില്ലാഞ്ഞു.
എന്നാൽ യഹൂദരുടെ പെരുനാളാകുന്ന കൂടാരനാൾ അടുത്തി ൨
രുന്നു. എന്നാറേ അവന്റെ സഹോദരന്മാർ അവനോടു: നീ ൩
ചെയ്യുന്ന ക്രിയകളെ നിന്റെ ശിഷ്യന്മാരും കാണേണ്ടതിന്നു
ഇവിടം വിട്ടു യഹൂദിയായിലേക്കു പോക. പ്രസിദ്ധൻ ആ ൪
കുവാൻ അന്വേഷിക്കുന്നവൻ ആരും രഹസ്യത്തിൽ ഒന്നും
ചെയ്യുന്നില്ലല്ലോ; നീ ഇവ ചെയ്യുന്നു എങ്കിൽ ലോകത്തിന്നു
നിന്നെ തന്നേ വെളിപ്പെടുത്തുക, എന്നു പറഞ്ഞു. എന്തെ ൫
ന്നാൽ അവന്റെ സഹോദരന്മാരും അവങ്കൽ വിശ്വസിച്ചില്ല.
അതുകൊണ്ടു യേശു അവരോടു പറയുന്നു: എന്റെ സമയം ൬
ഇതുവരേയും വന്നിട്ടില്ല; നിങ്ങളുടെ സമയം എല്ലായ്പോഴും
ഒരുങ്ങിയിരിക്കുന്നു. ലോകത്തിന്നു നിങ്ങളെ പകെപ്പാൻ കഴി ൭
യുന്നതല്ല; ഞാനോ അതിന്റെ ക്രിയകൾ ദോഷമുള്ളവ ആ
കുന്നു എന്നു അതിനെ കുറിച്ചു സാക്ഷ്യം ചൊല്ലുന്നതുകൊണ്ടു
അതു എന്നെ പകെക്കുന്നു. നിങ്ങൾ ഈ പെരുനാളിന്നു കയ ൮
റിപ്പോകുവിൻ; എന്റെ സമയം ഇതുവരേയും നിവൃത്തിവ
ന്നിട്ടില്ലായ്കകൊണ്ടു ഞാൻ ഈ പെരുനാളിന്നു ഇപ്പോൾ കയ
റിപ്പോകുന്നില്ല. ഇങ്ങിനേ അവരോടു ചൊല്ലീട്ടു ഗലീലയിൽ ൯
തന്നേ പാൎത്തു. പിന്നേ അവന്റെ സഹോദരന്മാർ കയറി ൧൦
പ്പോയ ശേഷം അവനും പരസ്യമായിട്ടല്ല രഹസ്യത്തിൽ എന്ന
പോലേ പെരുനാളിന്നു പോയി. എന്നാറേ യഹൂദർ: അ ൧൧
വൻ എവിടേ? എന്നു ചൊല്ലി അവനെ പെരുനാളിൽ അ
ന്വേഷിച്ചു. പുരുഷാരങ്ങളിലും അവനെ കൊണ്ടു വളരേ ൧൨
പിറുപിറുപ്പു ഉണ്ടായി; ചിലർ: അവൻ നല്ലവൻ എന്നും മററു
ചിലർ: അല്ല, അവൻ പുരുഷാരത്തെ വഞ്ചിക്കുന്നു എന്നും
പറഞ്ഞു. എന്നാലും യഹൂദരെയുള്ള ഭയം നിമിത്തം ആരും ൧൩
പ്രസിദ്ധമായി അവനെ കുറിച്ചു സംസാരിച്ചില്ല.
എന്നാറേ പെരുനാൾ പാതിയായപ്പോൾ യേശു ദൈവാല ൧൪
യത്തിലേക്കു കയറിച്ചെന്നു ഉപദേശിച്ചു. ഇവൻ പഠിച്ചിട്ടി ൧൫
ല്ലാത്തവൻ ആയിരിക്കേ വിദ്യകൾ എങ്ങിനേ അറിയുന്നു?
എന്നു യഹൂദർ ചൊല്ലി ആശ്ചൎയ്യപ്പെട്ടു. അപ്പോൾ യേശു ൧൬
അവരോടു ഉത്തരം ചൊല്ലിയതു: എന്റെ ഉപദേശം എന്റേ

൧൭ തല്ല എന്നെ അയച്ചവന്റേതത്രേ. അവന്റെ ഇഷ്ടം ചെ
യ്‌വാൻ ഒരുത്തൻ ഇച്ഛിക്കുന്നു എങ്കിൽ ഈ ഉപദേശം ദൈവ
ത്തിൽനിന്നുള്ളതോ ഞാൻ സ്വയമായി പറയുന്നതോ, എന്നു
൧൮ അവൻ അറിയും. സ്വയമായി പറയുന്നവൻ സ്വന്ത മഹ
ത്വത്തെ അന്വേഷിക്കുന്നു; തന്നെ അയച്ചവന്റെ മഹത്വം
അന്വേഷിക്കുന്നവൻ സത്യവാൻ ആകുന്നു, നീതികേട്ട അ
൧൯ വനിൽ ഇല്ല. മോശെ നിങ്ങൾക്കു ന്യായപ്രമാണം തന്നിട്ടി
ല്ലയോ? എന്നിട്ടും നിങ്ങളിൽ ആരും ന്യായപ്രമാണത്തെ ആ
ചരിക്കുന്നില്ല, നിങ്ങൾ എന്നെ കൊല്ലുവാൻ അന്വേഷിക്കു
൨൦ ന്നതു എന്തു? പുരുഷാരം ഉത്തരം ചൊല്ലിയതു: നിനക്കു ഒരു
പിശാചു ഉണ്ടു; ആർ നിന്നെ കൊല്ലുവാൻ അന്വേഷിക്കുന്നു?
൨൧ യേശു അവരോടു ഉത്തരം പറഞ്ഞതു: ഞാൻ ഒരു ക്രിയ ചെ
യ്തു; ആയതിനെക്കൊണ്ടു നിങ്ങൾ എല്ലാവരും ആശ്ചര്യപ്പെ
൨൨ ടുന്നു. മോശെ നിങ്ങൾക്കു പരിച്ഛേദനയെ നല്കി, (അതോ
മോശെയിൽനിന്നു എന്നല്ല പിതാക്കന്മാരിൽ നിന്നത്രേ) എ
ന്നിട്ടു നിങ്ങൾ ശാബ്ബതിൽ മനുഷ്യനെ പരിച്ഛേദന ചെയ്യു
൨൩ ന്നവല്ലോ. മോശെയുടെ ന്യായപ്രമാണത്തിന്നു നീക്കം വരാ
യ്‌വാൻ ശാബ്ബതിലും മനുഷ്യൻ പരിച്ഛേദന ഏല്ക്കുന്നു എങ്കിൽ
ഞാൻ ശാബ്ബതിൽ ഒരു മനുഷ്യനെ അശേഷം സൌഖ്യമാക്കി
൨൪ യതിനാൽ എങ്കൽ ഈഷ്യപ്പെടുന്നുവോ? കാഴ്ചപ്രകാരം വിധി
൨൫ ക്കാതേ നീതിയുള്ള വിധി വിധിപ്പിൻ. എന്നാറേ യരുശലേ
മ്യരിൽ ചിലർ പറഞ്ഞു: അവർ കൊല്ലുവാൻ അന്വേഷിക്കു
൨൬ ന്നവൻ ഇവൻ അല്ലയോ? കണ്ടാലും അവൻ ധൈര്യ
ത്തോടേ സംസാരിക്കുന്നു; അവർ അവനോടു ഒന്നും പറയു
ന്നില്ല; പക്ഷേ ഇവൻ ക്രിസ്തു തന്നേ എന്നു പ്രമാണികൾ
൨൭ ഉണ്മയിൽ ബോധിച്ചുവോ? എങ്കിലും ഇവൻ എവിടേ നിന്നു
എന്നു നാം അറിയുന്നു; ക്രിസ്തു വരുമ്പോൾ അവൻ എവിടേ
നിന്നു എന്നു ആരും അറികയില്ല.
൨൮ ആകയാൽ യേശു ദൈവാലയത്തിൽ ഉപദേശിക്കുമ്പോൾ
വിളിച്ചു പറഞ്ഞതു: നിങ്ങൾ എന്നെയും അറിയുന്നു, ഞാൻ
എവിടേനിന്നു ആകുന്നു എന്നും അറിയുന്നു. ഞാനോ സ്വയ
മായിട്ടല്ല വന്നതു; എന്നാൽ എന്നെ അയച്ചവൻ സത്യമുള്ള
൨൯ വൻ ആകുന്നു, അവനെ നിങ്ങൾ അറിയുന്നില്ല. ഞാൻ
അവങ്കൽനിന്നു ആകകൊണ്ടും അവൻ എന്നെ അയച്ചതു



കൊണ്ടും ഞാൻ അവനെ അറിയുന്നു. എന്നാറേ അവർ അ ൩൦
വനെ പിടിപ്പാൻ അന്വേഷിച്ചു എങ്കിലും അവന്റെ നാഴിക
അതുവരേയും വന്നിട്ടില്ലാഞ്ഞതിനാൽ ആരും അവന്റെ മേൽ
കൈകളെ വെച്ചില്ല. പുരുഷാരത്തിൽ പലരും: ക്രിസ്തു വരു ൩൧
മ്പോൾ ഇവൻ ചെയ്തതിൽ അധികം അടയാളങ്ങളെ ചെയ്യു
മോ? എന്നു ചൊല്ലി അവനിൽ വിശ്വസിച്ചു. പുരുഷാരം അവ ൩൨
നെ കുറിച്ചു ഇങ്ങിനേ പിറുപിറുക്കുന്നതു പറീശന്മാർ കേട്ടാ
റേ അവനെ പിടിക്കേണ്ടതിന്നു പറീശരും മഹാപുരോഹിത
ന്മാരും സേവകന്മാരെ അയച്ചു. അതുകൊണ്ടു യേശു: ഞാൻ ൩൩
ഇനി കുറേക്കാലം നിങ്ങളോടു കൂടേ ഇരിക്കുന്നു; പിന്നേ എ
ന്നെ അയച്ചവന്റെ അടുക്കൽ പോകുന്നു. നിങ്ങൾ എന്നെ ൩൪
അന്വേഷിക്കും കണ്ടെത്തുകയില്ല; ഞാൻ ഇരിക്കുന്നേടത്തു നി
ങ്ങൾക്കു വരുവാൻ കഴികയുമില്ല, എന്നു അവരോടു പറഞ്ഞു.
അതുകൊണ്ടു യഹൂദന്മാർ: നാം കണ്ടെത്താതവണ്ണം ഇവൻ ൩൫
എവിടേക്കു പോകുവാൻ ഭാവിക്കുന്നു? ഗ്രേക്കന്മാരിൽ ചിതറി
പാൎക്കുന്നവരുടെ അടുക്കേ പോയി ഗ്രേക്കൎക്കു ഉപദേശിപ്പാൻ
ഭാവമോ? നിങ്ങൾ എന്നെ അന്വേഷിക്കും കണ്ടെത്തുകയില്ല, ൩൬
ഞാൻ ഇരിക്കുന്നേടത്തു നിങ്ങൾക്കു വരുവാൻ കഴികയുമില്ല,
എന്നു ഈ ചൊല്ലിയ വാക്കു എന്തു? എന്നു തമ്മിൽ പറഞ്ഞു.
പെരുനാളിന്റെ മഹാദിനമായ ഒടുക്കത്തേ നാളിൽ യേശു ൩൭
നിന്നുകൊണ്ടു വിളിച്ചു പറഞ്ഞു: ആൎക്കു ദാഹിക്കുന്നുവോ അ
വൻ എന്റെ അടുക്കൽ വന്നു കുടിക്കട്ടേ. എന്നിൽ വിശ്വ ൩൮
സിക്കുന്നവനോ, തിരുവെഴുത്തുകൾ പറഞ്ഞപ്രകാരം: ജീവ
വെള്ളത്തിന്റെ നദികൾ അവന്റെ വയററിൽനിന്നു ഒഴുകും.[1)]
എന്നാൽ ഇതു തങ്കൽ വിശ്വസിക്കുന്നവൎക്കു ലഭിപ്പാനുള്ള ആ ൩൯
ത്മാവിനെ കുറിച്ചു പറഞ്ഞു; എന്തെന്നാൽ യേശു അതുവ
രേയും മഹത്വപ്പെട്ടിട്ടില്ലാഞ്ഞതിനാൽ പരിശുദ്ധാത്മാവു അത്ര
ത്തോളം നല്കപ്പെട്ടിട്ടില്ല. പുരുഷാരത്തിൽ പലരും ആ വാക്കു ൪൦
കേട്ടാറേ: ഇവൻ സത്യമായി ആ പ്രവാചകൻ ആകുന്നു,
എന്നു പറഞ്ഞു. വേറേ ചിലർ ഇവൻ ക്രിസ്തു തന്നേ എന്നും, ൪൧
മററു ചിലർ: ഗലീലയിൽനിന്നോ ക്രിസ്തു വരുന്നതു? ദാവീ ൪൨
ദിന്റെ സന്തതിയിൽനിന്നും ദാവീദ് ഇരുന്ന ഗ്രാമമായ ബെ
ത്ളെഹേമിൽനിന്നും ക്രിസ്തു വരുന്നു എന്നു തിരുവെഴുത്തു പറ

1) ഏശാ. ൪൪, ൩. ൫൮, ൧൧.

൪൩ യുന്നില്ലയോ? എന്നും പറഞ്ഞു.[1] അങ്ങിനേ പുരുഷാരത്തിൽ
൪൪ അവനെ ചൊല്ലി ഇടച്ചൽ ഉണ്ടാകയും ചെയ്തു. അവരിൽ
ചിലർ അവനെ പിടിപ്പാൻ ഇച്ഛിച്ചു, എങ്കിലും ആരും അവ
൪൫ ന്മേൽ കൈകളെ വെച്ചില്ല. അതുകൊണ്ടു ആ സേവകന്മാർ
മഹാപുരോഹിതരുടെയും പരീശന്മാരുടെയും അടുക്കൽ വന്നു.
ആയവർ അവരോടു: നിങ്ങൾ അവനെ കൊണ്ടുവരാഞ്ഞതു
൪൬ എന്തു? എന്നു ചോദിച്ചു. ഈ മനുഷ്യനെ പോലേ മനുഷ്യൻ
ഒരുനാളും സംസാരിച്ചിട്ടില്ല, എന്നു സേവകന്മാർ ഉത്തരം പ
൪൭ റഞ്ഞു. പരീശന്മാർ അവരോടു: നിങ്ങളും വഞ്ചിക്കപ്പെട്ടുവോ?
൪൮ പ്രമാണികളിൽ ആകട്ടേ പരീശരിൽ ആകട്ടേ ഒരുത്തൻ എ
൪൯ ങ്കിലും അവനിൽ വിശ്വസിച്ചിട്ടുണ്ടോ? ന്യായപ്രമാണത്തെ
അറിയാത്ത ഈ ജനക്കൂട്ടം ശപിക്കപ്പെട്ടവരത്രേ, എന്നു പറ
൫൦ ഞ്ഞു. അവരിൽ ഒരുത്തനായി രാത്രിയിൽ അവന്റെ അടുക്കൽ
൫൧ വന്ന നിക്കോദേമൊസ് അവരോടു: നമ്മുടെ ന്യായപ്രമാ
ണം ഒരു മനുഷ്യനിൽനിന്നു മുമ്പേ കേട്ടു അവൻ ചെയ്യുന്നതു
ഇന്നതു എന്നു അറിഞ്ഞിട്ടല്ലാതേ അവനെ ന്യായം വിധിക്കു
൫൨ ന്നുവോ? എന്നു പറയുന്നു.[2] അവർ അവനോടു: നീയും ഗ
ലീലക്കാരനോ? ആരാഞ്ഞു കാൺക, ഗലീലയിൽനിന്നു ഒരു പ്ര
൫൩ വാചകനും എഴുനീററിട്ടില്ലല്ലോ, എന്നു ഉത്തരം പറഞ്ഞു. പി
ന്നേ ഓരോരുത്തൻ താന്താന്റെ വീട്ടിലേക്കു പോയി.

## ൮. അദ്ധ്യായം.

വ്യഭിചാരിണിക്കുള്ള വിധി. ൧൨. യേശു ലോകവെളിച്ചവും അവന്റെ ഉപദേശം സത്യമുള്ളതും. ൨൧. താൻ ഇന്നവൻ ആകുന്നു എന്നും, ൩൦. ഇന്നവക്കു ഇന്നവൻ പിതാവു എന്നും, ൪൮. താൻ അബ്രഹാമിനു മുമ്പനും മേല്പെട്ടവനും എന്നും ചൊല്ലിയതു.

യേശു ഒലീവ്മലെക്കു വാങ്ങിപ്പോയി. പുലൎച്ചെക്കു അ
൨ വൻ പിന്നേയും ദൈവാലയത്തിൽ എത്തിയാറേ ജനം ഒക്കേ
യും അവന്റെ അടുക്കൽ വന്നു; അവനും ഇരുന്നു അവൎക്കു ഉപ
൩ ദേശിച്ചു. അപ്പോൾ ശാസ്ത്രികളും പരീശരും വ്യഭിചാരത്തിൽ
പിടിക്കപ്പെട്ട ഒരു സ്ത്രീയെ അവന്റെ അടുക്കൽ കൊണ്ടുവന്നു
൪ നടുവിൽ നിറുത്തി, അവനോടു പറയുന്നു: ഗുരോ, ഈ സ്ത്രീ
൫ വ്യഭിചാരം ചെയ്യുന്ന നേരത്തിൽ തന്നേ പിടിക്കപ്പെട്ടു. ഇങ്ങ
നേത്തവരെ കല്ലെറിയേണം എന്നു മോശെ ന്യായപ്രമാണ
ത്തിൽ ഞങ്ങളോടു കല്പിച്ചിരിക്കുന്നു; എന്നാൽ നീ എന്തു പറ

[1] മീഖ. ൫, ൧. [2] ആവൎത്തനം ൧, ൧൬.



യുന്നു?[1] ഇതു അവനിൽ കുററം ചുമത്തുവാൻ സംഗതി ഉ ൬
ണ്ടാകേണ്ടതിന്നു അവനെ പരീക്ഷിച്ചുകൊണ്ടു പറഞ്ഞു.
യേശുവോ താഴേ കുനിഞ്ഞു വിരൽകൊണ്ടു നിലത്തിൽ എഴു
തിക്കൊണ്ടിരുന്നു. എന്നാൽ അവർ അവനോടു ചോദിച്ചുകൊ ൭
ണ്ടിരിക്കുമ്പോൾ അവൻ നിവിൎന്നു നിങ്ങളിൽ പാപമില്ലാത്ത
വൻ അവളിൽ ഒന്നാമതു കല്ലു എറിയട്ടേ, എന്നു അവരോടു
പറഞ്ഞു. പിന്നേയും താഴേ കുനിഞ്ഞു നിലത്തിൽ എഴുതി ൮
ക്കൊണ്ടിരുന്നു. അവർ കേട്ടു മനസ്സാക്ഷിയാൽ ആക്ഷേപി ൯
ക്കപ്പെട്ടിട്ടു മൂപ്പന്മാർ മുതൽ ഇളയവർ വരേയും ഓരോരുത്തനാ
യി പുറപ്പെട്ടുപോയി, യേശു മാത്രവും സ്ത്രീ നടുവിൽ നില്ക്കുന്ന
വളായും ശേഷിച്ചു. എന്നാറേ യേശു നിവിൎന്നു സ്ത്രീയെ അ ൧൦
ല്ലാതേ ആരെയും കാണാഞ്ഞു അവളോടു: സ്ത്രീയേ, നിന്നെ
കുററം ചുമത്തിയവർ എവിടേ? നിനക്കു ആരും ശിക്ഷ വിധി
ച്ചില്ലയോ? എന്നു പറഞ്ഞു. കൎത്താവേ, ആരും ഇല്ല, എന്നു ൧൧
അവൾ പറഞ്ഞാറേ: ഞാനും നിനക്കു ശിക്ഷ വിധിക്കുന്നില്ല,
പോക; ഇനി പാപം ചെയ്യരുതു, എന്നു യേശു അവളോടു
പറഞ്ഞു.

പിന്നേയും യേശു അവരോടു സംസാരിച്ചു: ഞാൻ ലോക ൧൨
ത്തിന്റെ വെളിച്ചം ആകുന്നു; എന്നെ പിന്തുടരുന്നവൻ ഇരു
ളിൽ നടക്കാതേ ജീവവെളിച്ചമുള്ളവൻ ആകും, എന്നു പറഞ്ഞു.
ആകയാൽ പരീശന്മാർ അവനോടു: നീ നിന്നെക്കുറിച്ചു ത ൧൩
ന്നേ സാക്ഷ്യം ചൊല്ലുന്നു; നിന്റെ സാക്ഷ്യം സത്യമല്ല, എ
ന്നു പറഞ്ഞു. യേശു അവരോടു ഉത്തരം ചൊല്ലിയതു: ൧൪
ഞാൻ എന്നെ കുറിച്ചു തന്നേ സാക്ഷ്യം ചൊല്ലിയാലും എ
ന്റെ സാക്ഷ്യം സത്യം ആകുന്നു; എന്തെന്നാൽ ഞാൻ എവി
ടേനിന്നു വന്നു എന്നും എവിടേക്കു പോകുന്നു എന്നും ഞാൻ
അറിയുന്നു; നിങ്ങളോ ഞാൻ എവിടേനിന്നു വന്നു എന്നും എ
വിടേക്കു പോകുന്നു എന്നും അറിയുന്നില്ല. നിങ്ങൾ ജഡപ്ര ൧൫
കാരം വിധിക്കുന്നു; ഞാൻ ആരെയും വിധിക്കുന്നില്ല. ഞാൻ ൧൬
വിധിച്ചാലും എന്റെ വിധി സത്യം ആകുന്നു; എന്തെന്നാൽ
ഞാൻ ഏകനല്ല, ഞാനും എന്നെ അയച്ച പിതാവും കൂടി ഇ
രിക്കുന്നു. രണ്ടു മനുഷ്യരുടെ സാക്ഷ്യം സത്യമുള്ളതു എന്നു ൧൭
നിങ്ങളുടെ ന്യായപ്രമാണത്തിലും എഴുതിയിരിക്കുന്നുവല്ലോ.[2]

[1] ആവൎത്തനം ൨൨, ൨൪. [2] ആവൎത്തനം ൧൯, ൧൫.

൧൮ ഞാൻ എന്നെ കുറിച്ച തന്നേ സാക്ഷ്യം ചൊല്ലുന്നവൻ ആ
കുന്നു, എന്നെ അയച്ച പിതാവും എന്നെക്കുറിച്ച സാക്ഷ്യം
൧൯ ചൊല്ലുന്നു. എന്നാറേ അവർ അവനോടു: നിന്റെ പിതാ
വു എവിടേ ആകുന്നു? എന്നു ചോദിച്ചതിന്നു, യേശു ഉത്തരം
ചൊല്ലിയതു: നിങ്ങൾ എന്നെയും എന്റെ പിതാവിനെയും
അറിയുന്നില്ല; എന്നെ അറിഞ്ഞു എങ്കിൽ എന്റെ പിതാവി
൨൦ നെയും അറിയുമായിരുന്നു. യേശു ദൈവാലയത്തിൽ ഉപദേ
ശിക്കുമ്പോൾ ഈ മൊഴികളെ ഭണ്ഡാരസ്ഥലത്തിൽ വെച്ച
പറഞ്ഞു: അവന്റെ നാഴിക അതുവരേയും വന്നിട്ടില്ലാഞ്ഞതു
കൊണ്ടു ആരും അവനെ പിടിച്ചതും ഇല്ല.
൨൧ ആകയാൽ യേശു പിന്നേയും അവരോടു: ഞാൻ പോകുന്നു,
നിങ്ങൾ എന്നെ അന്വേഷിക്കും, നിങ്ങളുടെ പാപത്തിൽ മരി
ക്കയും ചെയ്യും; ഞാൻ പോകുന്ന ഇടത്തേക്കു നിങ്ങൾക്കു വ
൨൨ രുവാൻ കഴികയില്ല, എന്നു പറഞ്ഞു. അതുകൊണ്ടു യഹൂദ
ന്മാർ: ഞാൻ പോകുന്ന ഇടത്തേക്കു നിങ്ങൾക്കു വരുവാൻ ക
ഴികയില്ല എന്നു അവൻ ചൊല്ലുന്നതിനാൽ പക്ഷേ തന്നെ
൨൩ താൻ കൊല്ലുമോ? എന്നു പറഞ്ഞു. അവരോടു അവൻ പറ
ഞ്ഞു: നിങ്ങൾ കീഴേയുള്ളവററിൽനിന്നു ആകുന്നു; ഞാൻ മേ
ലുള്ളവററിൽനിന്നു ആകുന്നു. നിങ്ങൾ ഈ ലോകത്തിൽനി
൨൪ ന്നു ആകുന്നു; ഞാൻ ഈ ലോകത്തിൽനിന്നല്ല. ആകയാൽ
നിങ്ങളുടെ പാപങ്ങളിൽ നിങ്ങൾ മരിക്കും എന്നു ഞാൻ നിങ്ങ
ളോടു പറഞ്ഞു; എന്തെന്നാൽ ഞാൻ ആകുന്നു, എന്നു നിങ്ങൾ
൨൫ വിശ്വസിക്കാഞ്ഞാൽ നിങ്ങളുടെ പാപങ്ങളിൽ മരിക്കും. അ
വർ അവനോടു: നീ ആർ ആകുന്നു? എന്നു ചോദിച്ചതിന്നു
യേശു പറഞ്ഞു: ആദിമുതൽ ഞാൻ നിങ്ങളോടു സംസാരിക്കു
൨൬ ന്നവൻ തന്നേ. നിങ്ങളെ കുറിച്ച വളരേ പറവാനും വിധി
പ്പാനും എനിക്കു ഉണ്ടു; എങ്കിലും എന്നെ അയച്ചവൻ സത്യ
വാൻ ആകുന്നു, അവനിൽനിന്നു ഞാൻ കേട്ടവ തന്നേ ലോ
൨൭ കത്തോടു പറയുന്നു. അവൻ പിതാവിനെ കുറിച്ച തങ്ങ
൨൮ ളോടു ചൊല്ലി, എന്നു അവൎക്കു തിരിഞ്ഞില്ല. അതുകൊണ്ടു
യേശു അവരോടു: നിങ്ങൾ മനുഷ്യപുത്രനെ ഉയൎത്തിയ ശേ
ഷം ഞാൻ ഇന്നവൻ ആകുന്നു എന്നും സ്വയമായി ഒന്നും
ചെയ്യാതേ എന്റെ പിതാവു എനിക്കു ഉപദേശിച്ച പോലേ
൨൯ തന്നേ സംസാരിക്കുന്നു എന്നും, എന്നെ അയച്ചവൻ എ



ന്നോടു കൂടേ ഉണ്ടു എന്നും അറിയും. ഞാൻ എല്ലായ്പോഴും അ
വന്നു പ്രസാദമുള്ളവ ചെയ്യുന്നതുകൊണ്ടു പിതാവു എന്നെ
ഏകനായി വിട്ടിട്ടില്ല.
ഇവ അവൻ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ പലരും ൩൦
അവനിൽ വിശ്വസിച്ചു. ആകയാൽ തങ്കൽ വിശ്വസിച്ച ൩൧
യഹൂദരോടു യേശു പറഞ്ഞു: നിങ്ങൾ എന്റെ വചനത്തിൽ
നിലനില്ക്കുന്നു എങ്കിൽ സത്യമായി എന്റെ ശിഷ്യന്മാർ ആകും.
നിങ്ങൾ സത്യത്തെ അറികയും, സത്യം നിങ്ങളെ വിടുതലാക്കു ൩൨
കയും ചെയ്യും. അവർ ഉത്തരം ചൊല്ലിയതു: ഞങ്ങൾ അ ൩൩
ബ്രഹാമിന്റെ സന്തതി ആകുന്നു ആൎക്കും ഒരുനാളും ദാസ
രായി ഇരുന്നിട്ടില്ല; നിങ്ങൾ വിടുതലുള്ളവർ ആകും എന്നു നീ
പറയുന്നതു എങ്ങിനേ? യേശു ഉത്തരം ചൊല്ലിയതു: ആ ൩൪
മെൻ, ആമെൻ, ഞാൻ നിങ്ങളോടു പറയുന്നു, പാപത്തെ
ചെയ്യുന്നവൻ എല്ലാം പാപത്തിന്റെ ദാസൻ ആകുന്നു.
ദാസനോ എന്നേക്കും വീട്ടിൽ വസിക്കുന്നില്ല; പുത്രൻ എ ൩൫
ന്നേക്കും വസിക്കുന്നു. ആകയാൽ പുത്രൻ നിങ്ങളെ വിടുത ൩൬
ലാക്കിയാൽ നിങ്ങൾ സാക്ഷാൽ വിടുതലുള്ളവർ ആകും. നി ൩൭
ങ്ങൾ അബ്രഹാമിന്റെ സന്തതി ആകുന്നു എന്നു ഞാൻ അ
റിയുന്നു, എങ്കിലും എന്റെ വചനം നിങ്ങളിൽ പററായ്കകൊ
ണ്ടു നിങ്ങൾ എന്നെ കൊല്ലുവാൻ അന്വേഷിക്കുന്നു. എ ൩൮
ന്റെ പിതാവിൻ പക്കൽ കണ്ടിട്ടുള്ളതിനെ ഞാൻ പറയുന്നു;
എന്നാൽ നിങ്ങളുടെ പിതാവിൻ പക്കൽ നിങ്ങൾ കണ്ടിട്ടുള്ള
തിനെ നിങ്ങൾ ചെയ്യുന്നു. അവർ അവനോടു: അബ്രഹാം ൩൯
ഞങ്ങളുടെ പിതാവു ആകുന്നു, എന്നു ഉത്തരം ചൊല്ലിയതിന്നു
യേശു പറയുന്നു: നിങ്ങൾ അബ്രഹാമിന്റെ മക്കൾ ആയി
രുന്നു എങ്കിൽ അബ്രഹാമിന്റെ ക്രിയകളെ ചെയ്യുമായിരുന്നു.
എന്നാൽ ദൈവത്തിൽനിന്നു കേട്ടിട്ടുള്ള സത്യത്തെ നിങ്ങളോടു ൪൦
പറഞ്ഞ മനുഷ്യനായ എന്നെ നിങ്ങൾ ഇപ്പോൾ കൊല്ലുവാൻ
അന്വേഷിക്കുന്നു; ഇതു അബ്രഹാം ചെയ്തില്ലല്ലോ. നിങ്ങ ൪൧
ളുടെ പിതാവിന്റെ ക്രിയകളത്രേ നിങ്ങൾ ചെയ്യുന്നതു. എ
ന്നാറേ അവർ അവനോടു: ഞങ്ങൾ വേശ്യാദോഷത്തിൽനിന്നു
ജനിച്ചവരല്ല; ഒരേ പിതാവു ഞങ്ങൾക്കു ഉണ്ടു, ദൈവം ത
ന്നേ, എന്നു പറഞ്ഞു. എന്നാറേ യേശു അവരോടു ചൊല്ലി ൪൨
യതു: ദൈവം നിങ്ങളുടെ പിതാവായിരുന്നു എങ്കിൽ നിങ്ങൾ

എന്നെ സ്നേഹിക്കുമായിരുന്നു; എന്തെന്നാൽ ഞാൻ ദൈവ
ത്തിൽനിന്ന പുറപ്പെട്ടു വന്നിരിക്കുന്നു; ഞാൻ സ്വയമായി
൪൩ വന്നതല്ല അവൻ എന്നെ അയക്ക അത്രേ ചെയ്തതു. എ
ൻ്റെ. സംസാരം നിങ്ങൾ എന്തുകൊണ്ടു തിരിച്ചറിയാത്തതു?
൪൪ എൻ്റെ വചനം കേൾപ്പാൻ കഴിയായ്കകൊണ്ടത്രേ. നിങ്ങൾ
പിശാചെന്ന പിതാവിൽനിന്ന ആകുന്നു; നിങ്ങളുടെ പിതാ
വിൻ്റെ മോഹങ്ങളെ ചെയ്വാനും ഇച്ഛിക്കുന്നു; ആയവൻ ആ
ദിമുതൽ മനുഷ്യനെ കൊല്ലുന്നവൻ ആയി; അവനിൽ സത്യം
ഇല്ലായ്കകൊണ്ടു സത്യത്തിൽ നിലനിന്നതുമില്ല. ആയവൻ
പൊളി പറയുമ്പോൾ സ്വന്തത്തിൽനിന്ന പറയുന്നു; എന്തെ
ന്നാൽ അവൻ അസത്യവാദിയും അതിൻ്റെ പിതാവും ആ
൪൫ കുന്നു. ഞാനോ സത്യത്തെ പറയുന്നതുകൊണ്ടു നിങ്ങൾ എ
൪൬ ന്നെ വിശ്വസിക്കുന്നില്ല. നിങ്ങളിൽ ആർ എന്നെ പാപത്തെ
കുറിച്ചു ബോധം വരുത്തുന്നു? എന്നാൽ ഞാൻ സത്യം പറയു
ന്ന എങ്കിൽ നിങ്ങൾ എന്തുകൊണ്ടു എന്നെ വിശ്വസിക്കു
൪൭ ന്നില്ല? ദൈവത്തിൽനിന്നുള്ളവൻ ദൈവമൊഴികളെ കേൾ
ക്കുന്നു; നിങ്ങൾ ദൈവത്തിൽനിന്ന അല്ലായ്കകൊണ്ടു കേൾ
ക്കുന്നില്ല.

൪൮ എന്നതിന്ന യഹൂദർ അവനോടു ഉത്തരം ചൊല്ലിയതു: നീ
ഒരു ശമൎയ്യനും പിശാചുള്ളവനും ആകുന്ന എന്ന ഞങ്ങൾ പറ
൪൯ യുന്നതു ശരിയല്ലയോ? യേശു ഉത്തരം ചൊല്ലിയതു: എനി
ക്ക പിശാചില്ല, ഞാൻ എൻ്റെ പിതാവിനെ ബഹുമാനിക്ക
൫൦ അത്രേ ചെയ്യുന്നതു; നിങ്ങളോ എന്നെ അപമാനിക്കുന്നു. എ
ന്നാൽ ഞാൻ എൻ്റെ മഹത്വത്തെ അന്വേഷിക്കുന്നില്ല; അ
ന്വേഷിക്കയും വിധിക്കയും ചെയ്യുന്നവൻ ഒരുവൻ ഉണ്ടു.
൫൧ ആമെൻ, ആമെൻ, ഞാൻ നിങ്ങളോടു പറയുന്നു, ഒരുത്തൻ
എൻ്റെ വചനം കാത്തുകൊണ്ടാൽ അവൻ എന്നേക്കും മരണം
൫൨ കാണുകയില്ല. എന്നാറേ യഹൂദർ പറഞ്ഞു: നിനക്കു പിശാ
ചുണ്ടു എന്ന ഇപ്പോൾ ഞങ്ങൾ അറിയുന്നു; അബ്രഹാമും
പ്രവാചകന്മാരും മരിച്ചു; നീയോ എൻ്റെ വചനത്തെ ഒരു
ത്തൻ കാത്തുകൊണ്ടാൽ എന്നേക്കും മരണം ആസ്വദിക്കയില്ല,
൫൩ എന്ന പറയുന്നു. ഞങ്ങളുടെ പിതാവായ അബ്രഹാമിലും നീ
വലിയവനോ? അവൻ മരിച്ചു, പ്രവാചകന്മാരും മരിച്ചുവ
൫൪ ല്ലോ; നിന്നെത്തന്നേ നീ ആർ ആക്കുന്നു? യേശു ഉത്തരം പ



റഞ്ഞതു: ഞാൻ എന്നെത്തന്നേ മഹത്വപ്പെടുത്തിയാൽ എൻ്റെ
മഹത്വം ഏതുമില്ല; എന്നെ മഹത്വപ്പെടുത്തുന്നതു എൻ്റെ പി
താവു ആകുന്നു; അവനെ നിങ്ങളുടെ ദൈവം എന്ന നിങ്ങൾ
ചൊല്ലുന്നു. എങ്കിലും നിങ്ങൾ അവനെ അറിയുന്നില്ല; ഞാ ൫൫
നോ അവനെ അറിയുന്നു; ഞാൻ അവനെ അറിയുന്നില്ല
എന്ന പറഞ്ഞാൽ നിങ്ങളെ പോലേ അസത്യവാദി ആകും;
എങ്കിലോ അവനെ ഞാൻ അറിയുന്നു, അവൻ്റെ വചനവും
കാത്തുകൊള്ളുന്നു. നിങ്ങളുടെ പിതാവായ അബ്രഹാം എ ൫൬
ൻ്റെ ദിവസം കാണ്മാൻ എന്നുള്ളതുകൊണ്ടു ഉല്ലസിച്ചു; അവൻ
കണ്ടു സന്തോഷിക്കയും ചെയ്തു.[1] എന്നാറേ യഹൂദർ അവ ൫൭
നോടു പറഞ്ഞു: നിനക്കു ഇതുവരേയും അമ്പതു വയസ്സു ആയി
ട്ടില്ല, എന്നിട്ടും നീ അബ്രഹാമിനെ കണ്ടുവോ? യേശു അ ൫൮
വരോടു: ആമെൻ, ആമെൻ, ഞാൻ നിങ്ങളോടു പറയുന്നു,
അബ്രഹാം ഉണ്ടായതിന്നുമുമ്പേ ഞാൻ ഉണ്ടു, എന്ന പറഞ്ഞു.
അപ്പോൾ അവർ അവങ്കൽ എറിവാൻ കല്ലുകൾ എടുത്തു; എ ൫൯
ന്നാറേ യേശു മറഞ്ഞു അവരുടെ നടുവിൽ കൂടി നടന്നുകൊ
ണ്ടു ദൈവാലയത്തിൽനിന്ന പുറപ്പെട്ടു ഇങ്ങിനേ കടന്നു
പോകയും ചെയ്തു.

## ൯. അദ്ധ്യായം.

പിറവിക്കുരുടന്നു കാഴ്ച കിട്ടുകയാൽ, ൧൩. പരീശരാൽ ന്യായവിസ്താരവും, ൩൫. ഭക്തനായ ശേഷം വിശ്വാസവും ഉണ്ടായതു.

അവൻ കടന്നു പോകുമ്പോൾ പിറവിയിലേ കുരുടനായ
ഒരു മനുഷ്യനെ കണ്ടു. എന്നാറേ അവൻ്റെ ശിഷ്യന്മാർ: റ ൨
ബ്ബീ, ഇവൻ കുരുടനായി പിറക്കത്തക്കവണ്ണം ആർ പാപം
ചെയ്തു? ഇവനോ ഇവൻ്റെ അമ്മയപ്പന്മാരോ? എന്ന അവ
നോടു ചോദിച്ചു. യേശു ഉത്തരം ചൊല്ലിയതു: ഇവൻ എ ൩
ങ്കിലും ഇവൻ്റെ അമ്മയപ്പന്മാരെങ്കിലും പാപം ചെയ്തിട്ടില്ല;
ഇവങ്കൽ ദൈവക്രിയകൾ വെളിവാകേണ്ടതിന്നത്രേ. എ ൪
ന്നെ അയച്ചവൻ്റെ ക്രിയകളെ പകൽ ഉള്ളതോളം ഞാൻ പ്ര
വൃത്തിക്കേണ്ടതാകുന്നു; രാത്രി വരുന്നു, അപ്പോൾ ആൎക്കും പ്ര
വൃത്തിപ്പാൻ കഴികയില്ല. ഞാൻ ലോകത്തിൽ ഉള്ളപ്പോൾ ൫
ലോകത്തിൻ്റെ വെളിച്ചം ആകുന്നു. എന്നതു പറഞ്ഞിട്ടു നി ൬
ലത്തു തുപ്പി തുപ്പൽകൊണ്ടു ചേറുണ്ടാക്കി ആ ചേറു കുരുട

[1] ആദ്യ. ൨൨, ൧൮.

൭ ന്റെ കണ്ണുകളിന്മേൽ പൂശി. നീ പോയി ശിലോഹാം കു
ളത്തിൽ കഴുകുക, എന്നു അവനോടു പറഞ്ഞു (ശിലോഹാം എ
ന്നതിന്നു അയക്കപ്പെട്ടവൻ എന്നു അൎത്ഥം), അവനും പോയി
൮ കഴുകി കൺ കാണുന്നവനായി വരികയും ചെയ്തു. അതുകൊ
ണ്ടു അയല്ക്കാരും അവനെ മുമ്പേ കുരുടനായി കണ്ടിട്ടുള്ളവരും:
ഇരുന്നു ഇരന്നവൻ ഇവൻ അല്ലയോ? എന്നു ചൊല്ലി.
൯ ചിലർ: അവൻ തന്നേ എന്നും, മറ്റു ചിലർ: അവന്നു സദൃ
ശനത്രേ എന്നും പറഞ്ഞു; ഞാൻ തന്നേ ആകുന്നു എന്നു അ
൧൦ വൻ പറഞ്ഞു. ആകയാൽ അവർ അവനോടു: നിന്റെ ക
൧൧ ണ്ണുകൾ എങ്ങിനേ തുറന്നു? എന്നു ചോദിച്ചു. യേശു എ
ന്നൊരു മനുഷ്യൻ ചേറുണ്ടാക്കി എന്റെ കണ്ണുകളിന്മേൽ പൂ
ശി: നീ ശിലോഹാം എന്ന കുളത്തിൽ പോയി കഴുകുക, എന്നു
എന്നോടു പറഞ്ഞു. ഞാൻ പോയി കഴുകി കാഴ്ച പ്രാപിച്ചു,
൧൨ എന്നു പറഞ്ഞു. ആയവൻ എവിടേ? എന്നു അവർ അവ
നോടു ചോദിച്ചതിന്നു: ഞാൻ അറിയുന്നില്ല, എന്നു പറഞ്ഞു.
൧൩ മുമ്പേ കുരുടനായിരുന്നവനെ അവർ പരീശന്മാരുടെ അടു
൧൪ ക്കേ കൊണ്ടു പോകുന്നു. എന്തെന്നാൽ യേശു ചേറുണ്ടാ
ക്കി അവന്റെ കണ്ണുകളെ തുറന്നതു ശാബ്ബതുനാളിൽ ആയി
൧൫ രുന്നു. ആകയാൽ പരീശന്മാർ പിന്നേയും അവനോടു നീ
കാഴ്ച പ്രാപിച്ചതു എങ്ങിനേ? എന്നു ചോദിച്ചു. അവൻ
അവരോടു: എന്റെ കണ്ണുകളിന്മേൽ അവൻ ചേറിട്ടു; ഞാൻ
൧൬ കഴുകി, കാണുകയും ചെയ്യുന്നു എന്നു പറഞ്ഞു. അപ്പോൾ
പരീശന്മാർ ചിലർ: ഈ മനുഷ്യൻ ശാബ്ബതിനെ പ്രമാണി
ക്കായ്കകൊണ്ടു ദൈവത്തിൽനിന്നല്ല, എന്നു പറഞ്ഞു. മറ്റു
ചിലർ: പാപിയായ ഒരു മനുഷ്യന്നു ഇപ്രകാരമുള്ള അടയാള
ങ്ങളെ ചെയ്വാൻ എങ്ങിനേ കഴിയും? എന്നു പറഞ്ഞു; അവ
൧൭ രിൽ ഒരു ഇടച്ചൽ ഉണ്ടാകയും ചെയ്തു. അവർ പിന്നേയും
കുരുടനോടു പറഞ്ഞു: നിന്റെ കണ്ണുകളെ തുറക്കയാൽ നീ അ
വനെ കുറിച്ചു എന്തു പറയുന്നു? എന്നതിനു: അവൻ ഒരു പ്ര
൧൮ വാചകൻ ആകുന്നു എന്നു അവൻ പറഞ്ഞു. എന്നാൽ യ
ഹൂദർ കാഴ്ച പ്രാപിച്ചവന്റെ അമ്മയപ്പന്മാരെ വിളിപ്പിക്ക
വോളം അവൻ കുരുടനായിരുന്നു എന്നും കാഴ്ച പ്രാപിച്ചു എ
൧൯ ന്നും വിശ്വസിക്കാതേയിരുന്നു. പിന്നേ അവരോടു: കുരുടനാ
യി ജനിച്ചു എന്നു നിങ്ങൾ ചൊല്ലുന്ന നിങ്ങളുടെ മകൻ ഇ



വൻ തന്നേയോ? എന്നാൽ അവൻ ഇപ്പോൾ കാണുന്നതു
എങ്ങിനേ? എന്നു ചോദിച്ചു. അവന്റെ അമ്മയപ്പന്മാർ അ ൨൦
വരോടു ഉത്തരം ചൊല്ലിയതു: ഇവൻ ഞങ്ങളുടെ മകൻ എ
ന്നും കുരുടനായി ജനിച്ചവൻ എന്നും ഞങ്ങൾ അറിയുന്നു.
ഇപ്പോൾ കൺ കാണുന്നതു എങ്ങിനേ എന്നതോ അറിയു ൨൧
ന്നില്ല; അവന്റെ കണ്ണുകളെ ആർ തുറന്നു എന്നും ഞങ്ങൾ
അറിയുന്നില്ല, അവന്നു പ്രായം ഉണ്ടല്ലോ, അവനോടു ചോ
ദിപ്പിൻ, അവൻ തനിക്കു വേണ്ടി തന്നേ പറയും. യഹൂദ ൨൨
ന്മാരെ ഭയപ്പെടുകകൊണ്ടു അവന്റെ അമ്മയപ്പന്മാർ ഇങ്ങി
നേ പറഞ്ഞു; എന്തെന്നാൽ ആരെങ്കിലും അവനെ ക്രിസ്തു എ
ന്നു അനുസരിച്ചു പറഞ്ഞാൽ പള്ളിഭ്രഷ്ടനാകേണം എന്നു യ
ഹൂദന്മാർ തമ്മിൽ പറഞ്ഞൊത്തിരുന്നു. അതുകൊണ്ടത്രേ അ ൨൩
വന്റെ അമ്മയപ്പന്മാർ: അവന്നു പ്രായം ഉണ്ടല്ലോ, അവ
നോടു ചോദിപ്പിൻ, എന്നു പറഞ്ഞതു. എന്നാറേ കുരുടനായി ൨൪
രുന്ന മനുഷ്യനെ അവർ രണ്ടാമതും വിളിച്ചു: ദൈവത്തിന്നു
മഹത്വം കൊടുക്ക, ഈ മനുഷ്യൻ പാപി ആകുന്നു എന്നു ഞ
ങ്ങൾ അറിയുന്നു, എന്നു പറഞ്ഞു. എന്നാറേ അവൻ ഉത്ത ൨൫
രം ചൊല്ലിയതു: അവൻ പാപി ആകുന്നുവോ ഞാൻ അറിയു
ന്നില്ല, ഒന്നു അറിയുന്നു, ഞാൻ കുരുടനായിരുന്നു, ഇപ്പോൾ
കാണുന്നു. അവർ പിന്നേയും അവനോടു: നിനക്കു അവൻ ൨൬
എന്തു ചെയ്തു? നിന്റെ കണ്ണുകളെ എങ്ങിനേ തുറന്നു? എന്നു
പറഞ്ഞു. എന്നാറേ അവൻ: ഞാൻ നിങ്ങളോടു പറഞ്ഞുവ ൨൭
ല്ലോ; നിങ്ങൾ കേട്ടില്ല; വീണ്ടും കേൾപ്പാൻ ഇച്ഛിക്കുന്നതു
എന്തു? പക്ഷേ നിങ്ങൾക്കും അവന്റെ ശിഷ്യന്മാർ ആകു
വാൻ മനസ്സോ? എന്നു ഉത്തരം പറഞ്ഞു. അപ്പോൾ അവർ ൨൮
അവനെ ശകാരിച്ചു: നീ അവന്റെ ശിഷ്യൻ; ഞങ്ങൾ മോശെ
യുടെ ശിഷ്യന്മാർ ആകുന്നു. മോശെയോടു ദൈവം സംസാരി ൨൯
ച്ചു എന്നു ഞങ്ങൾ അറിയുന്നു, ഇവനോ എവിടേനിന്നു എ
ന്നു ഞങ്ങൾ അറിയുന്നില്ല, എന്നു പറഞ്ഞു. അവരോടു ആ ൩൦
മനുഷ്യൻ ഉത്തരം ചൊല്ലിയതു: എന്റെ കണ്ണുകളെ തുറന്നിട്ടും
അവൻ എവിടേനിന്നു, എന്നു നിങ്ങൾ അറിയാത്തതിൽ ആ
ശ്ചൎയ്യം തന്നേ. പാപികളെ ദൈവം ചെവിക്കൊള്ളുന്നില്ല ൩൧
എന്നും വല്ലവനും ദൈവഭക്തനായിരുന്നു, അവന്റെ ഇഷ്ടം
ചെയ്യുന്നു എങ്കിൽ അവനെ ചെവിക്കൊള്ളുന്നു എന്നും നാം

൩൨ അറിയുന്നുവല്ലോ, കുരുടനായി പിറന്നവന്റെ കണ്ണുകളെ
യാതൊരുത്തൻ തുറന്ന പ്രകാരം ലോകം ഉണ്ടായതു മുതൽ കേ
൩൩ ട്ടിട്ടില്ല. ഇവൻ ദൈവത്തിൽനിന്നു അല്ലായ്കിൽ അവന്നു ഒ
൩൪ ന്നും ചെയ്യാൻ കഴികയില്ല. അവർ അവനോടു: നീ അശേ
ഷം പാപങ്ങളിൽ പിറന്നു, ഞങ്ങൾക്കു നീ ഉപദേശിക്കുന്നു
വോ? എന്നു ഉത്തരം ചൊല്ലി അവനെ പുറത്താക്കിക്കളകയും
ചെയ്തു.

൩൫ അവനെ പുറത്താക്കിയപ്രകാരം യേശു കേട്ടു. പിന്നേ അ
വനെ കണ്ടെത്തിയാറേ, അവനോടു പറഞ്ഞതു: നീ ദൈവ
൩൬ പുത്രനിൽ വിശ്വസിക്കുന്നുവോ? എന്നാറേ അവൻ: കർത്താ
വേ, ഞാൻ അവനിൽ വിശ്വസിക്കേണ്ടതിന്നു അവൻ ആർ
൩൭ ആകുന്നു? എന്നു ഉത്തരം ചൊല്ലി. അപ്പോൾ യേശു പറ
ഞ്ഞു: നീ അവനെ കണ്ടിട്ടുമുണ്ടു; നിന്നോടു സംസാരിക്കുന്ന
൩൮ വനും അവൻ തന്നേ ആകുന്നു. ആയവൻ: കർത്താവേ
ഞാൻ വിശ്വസിക്കുന്നു, എന്നു ചൊല്ലി അവനെ കുമ്പിട്ടു.
൩൯ യേശു പറഞ്ഞു: കാണാത്തവർ കാണ്മാനും കാണുന്നവർ കുരു
ടർ ആവാനും ഇങ്ങിനേ ന്യായവിധിക്കായി ഞാൻ ഇഹലോ
൪൦ കത്തിൽ വന്നു. അവനോടു കൂടേയുള്ള ചില പരീശന്മാർ
൪൧ ഇവ കേട്ടു: പക്ഷേ ഞങ്ങളും കുരുടരോ? എന്നു പറഞ്ഞു. എ
ന്നാറേ നിങ്ങൾ കുരുടർ ആയിരുന്നു എങ്കിൽ, നിങ്ങൾക്കു പാ
പം ഇല്ലായിരുന്നു; ഇപ്പോഴോ ഞങ്ങൾ കാണുന്നു എന്നു നി
ങ്ങൾ പറകയാൽ നിങ്ങളുടെ പാപം നില്ക്കുന്നു, എന്നു യേശു
അവരോടു പറഞ്ഞു.

## ൧൦. അദ്ധ്യായം.

നല്ല ഇടയൻ, ൭. ആടുകൾക്കു വാതിൽ എന്നുള്ള സദൃശങ്ങൾ. ൨൨. പ്രതിഷ്ഠാ നാളിൽ തനിക്കു പിതാവിനോടുള്ള ഐക്യം അറിയിച്ചു, ൩൧. തെളിയിച്ചതു.

ആമെൻ, ആമെൻ, ഞാൻ നിങ്ങളോടു പറയുന്നു, ആട്ടിൻ
തൊഴുത്തിൽ വാതിലൂടേ കടക്കാതേ വേറു വഴിയായി കരേറു
൨ ന്നവൻ കള്ളനും കവർച്ചക്കാരനും ആകുന്നു. വാതിലൂടേ കട
൩ ക്കുന്നവനോ ആടുകളുടെ ഇടയൻ ആകുന്നു. ആയവന്നു
വാതില്ക്കാവല്ക്കാരൻ തുറക്കുന്നു, ആടുകളും അവന്റെ ശബ്ദം
കേൾക്കുന്നു. തന്റെ സ്വന്ത ആടുകളെ അവൻ പേർ ചൊ
൪ ല്ലി വിളിച്ചു പുറത്തു കൊണ്ടുപോകുന്നു. തന്റെ സ്വന്ത ആ
ടുകളെ അവൻ പുറത്തു കൊണ്ടുപോയ ശേഷം അവററിൻ



മുമ്പേ നടക്കുന്നു; ആടുകളും അവന്റെ ശബ്ദം അറികകൊണ്ടു
അവന്റെ പിന്നാലേ ചെല്ലുന്നു. എന്നാൽ അവ അന്യരു ൫
ടെ ശബ്ദം അറിയായ്കകൊണ്ടു അന്യനെ പിന്തുടരാതേ അവ
നെ വിട്ടു ഓടിപ്പോകും. ഈ സദൃശം യേശു അവരോടു പറ ൬
ഞ്ഞു; എന്നാൽ തങ്ങളോടു ചൊല്ലിയതു ഇന്നതു എന്നു അ
വർക്കു തിരിഞ്ഞില്ല.

ആകയാൽ യേശു പിന്നേയും അവരോടു പറഞ്ഞു: ആ ൭
മെൻ, ആമെൻ, ഞാൻ നിങ്ങളോടു ചൊല്ലുന്നു, ആടുകൾക്കുള്ള
വാതിൽ ഞാൻ ആകുന്നു. എനിക്കു മുമ്പേ വന്നവർ ഒക്കേ ൮
യും കള്ളന്മാരും കവർച്ചക്കാരും ആകുന്നു; ആടുകൾ അവരെ
ചെവിക്കൊണ്ടതുമില്ല. ഞാൻ തന്നേ വാതിൽ ആകുന്നു; ആ ൯
രെങ്കിലും എന്നിലൂടേ കടന്നു എങ്കിൽ രക്ഷപ്പെടും; അവൻ അ
കമ്പൂകയും പുറപ്പെടുകയും മേച്ചൽ കണ്ടെത്തുകയും ചെയ്യും.
കപ്പാനും അറുപ്പാനും മുടിപ്പാനും അല്ലാതേ കള്ളൻ വരുന്നില്ല; ൧൦
ഞാൻ വന്നതു അവർക്കു ജീവൻ ഉണ്ടാവാനും പരിപൂർണ്ണമായി
ഉണ്ടാവാനും അത്രേ. നല്ല ഇടയൻ ഞാൻ ആകുന്നു; നല്ല ൧൧
ഇടയൻ ആടുകൾക്കു വേണ്ടി തന്റെ പ്രാണനെ വെക്കുന്നു.
ഇടയൻ അല്ല കൂലിക്കാരനായുള്ളവൻ ആടുകൾ തനിക്കു ൧൨
സ്വന്തം അല്ലായ്കയാൽ ചെന്നായി വരുന്നതു കണ്ടിട്ടു ആടുക
ളെ വിട്ടു ഓടിക്കളയുന്നു; ചെന്നായി അവററെ പിടിച്ചു ആടു
കളെ ചിന്നിക്കയും ചെയ്യുന്നു. എന്നാൽ കൂലിക്കാരൻ ഓടിക്ക ൧൩
ളയുന്നതു അവൻ കൂലിക്കാരനും ആടുകളെ കുറിച്ചു വിചാരമി
ല്ലാത്തവനും ആകകൊണ്ടത്രേ. നല്ല ഇടയൻ ഞാൻ ആകു ൧൪
ന്നു; പിതാവു എന്നെ അറികയും ഞാൻ പിതാവിനെ അറിക
യും ചെയ്യുംപോലേ ഞാൻ എനിക്കുള്ളവററെ അറിയുന്നവനും
എനിക്കുള്ളവററാൽ അറിയപ്പെട്ടവനും ആകുന്നു. ആടുക ൧൫
ൾക്കു വേണ്ടി ഞാൻ എന്റെ പ്രാണനെയും വെക്കുന്നു.
ഈ തൊഴുത്തിൽ നിന്നല്ലാത്ത വേറേ ആടുകളും എനിക്കു ഉ ൧൬
ണ്ടു; അവററെയും ഞാൻ വരുത്തേണ്ടതാകുന്നു; എന്റെ ശ
ബ്ദം അവ ചെവിക്കൊള്ളും, ഒർ [ആട്ടിൻ] കൂട്ടം ഒർ ഇടയൻ
എന്നു ആകയും ചെയ്യും. എന്റെ പ്രാണനെ പിന്നേയും ൧൭
എടുക്കേണ്ടതിന്നു ഞാൻ അതു വെക്കുന്നതുകൊണ്ടു പിതാവു
എന്നെ സ്നേഹിക്കുന്നു. ആരും അതിനെ എന്നിൽനിന്നു പി ൧൮
ടിച്ചു പറിക്കുന്നില്ല, ഞാനായിട്ടു തന്നേ അതു വെക്കുന്നു; അതു

വെപ്പാൻ എനിക്ക അധികാരം ഉണ്ടു, വീണ്ടും എടുപ്പാനും അ
ധികാരം ഉണ്ടു; ഈ കല്പന എന്റെ പിതാവിൽനിന്ന ലഭിച്ചു.
൧൯ ഈ വചനങ്ങൾ നിമിത്തം യഹൂദന്മാരിൽ പിന്നേയും ഇട
൨൦ ച്ചൽ ഉണ്ടായി. അവരിൽ പലരും: അവന്ന പിശാചു ഉണ്ടു
ഭ്രാന്തനും ആകുന്നു; അവനെ കേൾക്കുന്നതു എന്തിന്നു? എ
൨൧ ന്ന പറഞ്ഞു. മറ്റു ചിലർ: ഇവ പിശാചുള്ളവന്റെ മൊഴി
കൾ അല്ല, പിശാചിന്ന കുരുടരുടെ കണ്ണുകളെ തുറപ്പാൻ കഴി
യുമോ? എന്ന പറഞ്ഞു.

൨൨ എന്നാൽ യരുശലേമിൽ പ്രതിഷ്ഠപ്പെരുനാൾ ആയി ശീ
൨൩ തകാലവുമായിരുന്നു. യേശു ദൈവാലയത്തിൽ ശലൊമോ
൨൪ ന്റമണ്ഡപത്തിൽ നടന്നുകൊണ്ടിരുന്നു. അപ്പോൾ യഹൂദ
ന്മാർ അവനെ വളഞ്ഞു: നീ എത്രത്തോളം ഞങ്ങളുടെ ദേ
ഹിയെ സംശയിപ്പിക്കുന്നു? നീ ക്രിസ്തു ആകുന്നു എങ്കിൽ
സ്പഷ്ടമായി ഞങ്ങളോടു പറക, എന്ന അവനോടു പറഞ്ഞു.
൨൫ യേശു അവരോടു ഉത്തരം ചൊല്ലിയതു: ഞാൻ നിങ്ങളോടു
പറഞ്ഞു നിങ്ങൾ വിശ്വസിക്കുന്നില്ല; എന്റെ പിതാവി
ന്റെ നാമത്തിൽ ഞാൻ ചെയ്യുന്ന ക്രിയകളായവ എനിക്ക
൨൬ സാക്ഷ്യം ചൊല്ലുന്നു. നിങ്ങളോ വിശ്വസിക്കുന്നില്ല, എന്തെ
ന്നാൽ ഞാൻ നിങ്ങളോടു പറഞ്ഞപ്രകാരം നിങ്ങൾ എന്റെ
൨൭ ആടുകളിലുള്ളവർ അല്ല. എന്റെ ആടുകൾ എന്റെ ശബ്ദം
കേൾക്കുന്നു; ഞാൻ അവറ്റെ അറികയും അവ എന്നെ പി
൨൮ ന്തുടരുകയും ചെയ്യുന്നു. അവറ്റിന്ന ഞാൻ നിത്യജീവനെ
കൊടുക്കുന്നു, അവ ഒരുനാളും നശിച്ചുപോകയില്ല, ആരും എ
ന്റെ കൈയിൽനിന്ന അവറ്റെ പിടിച്ചുപറിക്കയും ഇല്ല.
൨൯ എനിക്ക തന്നിരിക്കുന്ന എന്റെ പിതാവു എല്ലാവരിലും വലി
യവൻ ആകുന്നു; എന്റെ പിതാവിന്റെ കൈയിൽനിന്ന
൩൦ പിടിച്ചുപറിപ്പാൻ ആൎക്കും കഴിയുന്നതുമല്ല. ഞാനും പിതാ
൩൧ വും ഒന്നാകുന്നു. എന്നാറേ യഹൂദർ പിന്നേയും അവനെ
൩൨ എറിവാൻ കല്ലുകൾ എടുത്തു, അതിന്നു യേശു അവരോടു പ
റഞ്ഞു: എന്റെ പിതാവിൽനിന്ന പല സൽക്രിയകളെയും
ഞാൻ നിങ്ങൾക്ക കാണിച്ചു, അതിൽ ഏതു ക്രിയനിമിത്തം
൩൩ നിങ്ങൾ എന്നെ കല്ലെറിയുന്നു? യഹൂദർ അവനോടു ഉത്ത
രം ചൊല്ലിയതു: സൽക്രിയ നിമിത്തമല്ല നിന്നെ കല്ലെറിയു
ന്നതു, ദൈവദൂഷണം നിമിത്തവും നീ മനുഷ്യനായിരിക്കേ



നിന്നെ തന്നേ ദൈവം ആക്കുന്നതുകൊണ്ടുമത്രേ. യേശു ൩൪
അവരോടു ഉത്തരം ചൊല്ലിയതു: നിങ്ങൾ ദൈവങ്ങൾ എന്ന
ഞാൻ പറഞ്ഞു, എന്ന നിങ്ങളുടെ വേദത്തിൽ എഴുതിയിരിക്ക
ന്നില്ലയോ?[1] ദൈവവചനം ഉണ്ടായിട്ടുള്ളവരെ ദൈവങ്ങൾ ൩൫
എന്ന ചൊല്ലി എങ്കിൽ (തിരുവെഴുത്തിന്ന നീക്കം വന്നു കൂടാ
ത്തതുമായിരുന്നാൽ), ഞാൻ ദൈവത്തിന്റെ പുത്രൻ എന്ന ൩൬
പറകകൊണ്ടു, നീ ദൈവദൂഷണം പറയുന്നു എന്ന പിതാ
വു വിശുദ്ധീകരിച്ചു ലോകത്തിൽ അയച്ചവനോടു നിങ്ങൾ
ചൊല്ലുന്നുവോ? ഞാൻ എന്റെ പിതാവിൻ ക്രിയകളെ ചെ ൩൭
യ്യുന്നില്ലെങ്കിൽ എന്നെ വിശ്വസിക്കേണ്ടാ. ചെയ്യുന്നു എങ്കി ൩൮
ലോ എന്നെ വിശ്വസിക്കാതിരുന്നാലും പിതാവു എന്നിലും
ഞാൻ അവനിലും എന്ന നിങ്ങൾ അറിഞ്ഞു വിശ്വസിക്കേ
ണ്ടതിന്ന ആ ക്രിയകളെ വിശ്വസിപ്പിൻ.

എന്നാറേ അവർ അവനെ പിന്നേയും പിടികൂടുവാൻ അ ൩൯
ന്വേഷിച്ചു, എങ്കിലും അവരുടെ കൈയിൽനിന്ന അവൻ
തെറ്റി, യോൎദ്ദാന്നക്കരേ യോഹന്നാൻ ആദിയിൽ സ്നാന ൪൦
പ്പെടുത്തിക്കൊണ്ടിരുന്ന സ്ഥലത്തേക്ക വാങ്ങിപ്പോയി അവി
ടേ പാൎത്തു. പലരും അവന്റെ അടുക്കേ വന്നു: യോഹന്നാൻ ൪൧
അടയാളം ഒന്നും ചെയ്തിട്ടില്ല എങ്കിലും ഇവനെ കുറിച്ചു യോ
ഹന്നാൻ പറഞ്ഞതു ഒക്കേയും സത്യമായിരുന്നു, എന്ന ചൊ
ല്ലി. അവിടേ പലരും അവങ്കൽ വിശ്വസിക്കയും ചെയ്തു. ൪൨

## ൧൧. അദ്ധ്യായം.

ബെഥാനിയായിലേ ലാസർ മരിച്ചതു. ൧൭. യേശു ലാസരെ ഉയൎപ്പിച്ചതു. ൪൫. അതിന്റെ ഫലങ്ങൾ.

മറിയയുടെയും അവളുടെ സഹോദരി മാൎത്തായുടെയും ഗ്രാമ
മായ ബെഥാനിയായിലേ ലാസർ എന്ന ഒരുത്തൻ രോഗി ആ
യിരുന്നു. എന്നാൽ മറിയ കൎത്താവിനെ പരിമളതൈലംകൊ ൨
ണ്ടു അഭിഷേകം ചെയ്തു തന്റെ തലമുടികൊണ്ടു അവന്റെ
കാലുകളെ തുടച്ചവൾ ആയിരുന്നു.[2] അവളുടെ സഹോദര
നായ ലാസർ തന്നേ രോഗിയായതു. ആ സഹോദരിമാർ ൩
അവന്റെ അടുക്കൽ ആളയച്ചു: കൎത്താവേ, ഇതാ നിനക്ക
പ്രിയനായവൻ രോഗി ആയിരിക്കുന്നു, എന്ന പറയിച്ചു. എ ൪
ന്നാറേ യേശു അതു കേട്ടിട്ടു: ഈ രോഗം മരണത്തിലേക്കല്ല

[1] സങ്കീ. ൮൨, ൬. [2] യോഹ. ൧൨, ൩.

ദൈവമഹത്വത്തിന്നത്രേ ആകുന്നതു, ദൈവപുത്രന്നു അതി
൫ നാൽ മഹത്വം വരുവാൻ തന്നേ, എന്നു പറഞ്ഞു. എന്നാൽ
യേശു മാൎത്തായെയും അവളുടെ സഹോദരിയെയും ലാസരി
൬ നെയും സ്നേഹിച്ചിരുന്നു. ആകയാൽ അവൻ രോഗിയായി
രിക്കുന്നു എന്നു കേട്ടാറേ താൻ അന്നു ഇരുന്ന സ്ഥലത്തിൽ
൭ രണ്ടു നാൾ പാൎത്തു. അതിന്റെ ശേഷം ശിഷ്യന്മാരോടു: നാം
൮ തിരികേ യഹൂദിയായിലേക്കു പോക, എന്നു പറയുന്നു. ശി
ഷ്യന്മാർ അവനോടു: റബ്ബീ, യഹൂദർ ഇപ്പോൾ തന്നേ നി
ന്നെ കല്ലെറിവാൻ അന്വേഷിച്ചുവല്ലോ, നീ തിരികേ അവി
൯ ടേ പോകുന്നുവോ? എന്നു പറയുന്നു. യേശു ഉത്തരം ചൊ
ല്ലിയതു: പകലിന്നു പന്ത്രണ്ടു മണിനേരം ഇല്ലയോ? ഒരു
ത്തൻ പകലിൽ നടക്കുന്നു എങ്കിൽ ഈ ലോകത്തിന്റെ വെളി
൧൦ ച്ചം കാണുന്നതുകൊണ്ടു ഇടറുന്നില്ല. രാത്രിയിൽ നടക്കുന്നു എ
൧൧ ങ്കിലോ തന്നിൽ വെളിച്ചം ഇല്ലായ്കകൊണ്ടു ഇടറുന്നു. ഇവ
പറഞ്ഞിട്ടു അവൻ: നമ്മുടെ പ്രിയനായ ലാസർ നിദ്രപ്രാപി
ച്ചിരിക്കുന്നു; എങ്കിലും അവനെ ഉറക്കുണൎത്തുവാൻ ഞാൻ
൧൨ പോകുന്നു, എന്നു അവരോടു പറയുന്നു. ആകയാൽ അവ
ന്റെ ശിഷ്യന്മാർ: കൎത്താവേ, നിദ്ര പ്രാപിച്ചു എങ്കിൽ അവൻ
൧൩ രക്ഷപ്പെടും, എന്നു പറഞ്ഞു. എന്നാൽ യേശു അവന്റെ മ
രണത്തെ കുറിച്ചത്രേ പറഞ്ഞതു; അവൎക്കോ ഉറക്കത്തിൽ നി
൧൪ ദ്രയടയുന്നതിനെ കുറിച്ചു, എന്നു തോന്നി. അപ്പോൾ യേശു
൧൫ അവരോടു സ്പഷ്ടമായി പറഞ്ഞു: ലാസർ മരിച്ചു. നിങ്ങൾ
വിശ്വസിക്കേണ്ടതിന്നു ഞാൻ അവിടേ ഇല്ലാഞ്ഞതുകൊണ്ടു
നിങ്ങളുടെ നിമിത്തം ഞാൻ സന്തോഷിക്കുന്നു, എങ്കിലും നാം
൧൬ അവന്റെ അടുക്കൽ പോക. എന്നാറേ (ദിദിമൊസ് എന്ന
നാമമുള്ള) തോമാസ് കൂട്ടു ശിഷ്യരോടു: അവനോടു കൂടേ മരി
പ്പാൻ നാമും പോക, എന്നു പറഞ്ഞു.
൧൭ പിന്നേ യേശു വന്നപ്പോൾ അവനെ കല്ലറയിൽ വെച്ചിട്ടു
൧൮ നാലു നാളായി എന്നു അറിഞ്ഞു. എന്നാൽ ബെഥാനിയ
യരുശലേമിന്നു അരികേ ഏകദേശം പതിനഞ്ചു സ്താദി [രണ്ടു
൧൯ നാഴിക] ദൂരത്തിൽ അത്രേ. മാൎത്തായെയും മറിയയെയും തങ്ങളു
ടെ സഹോദരനെ കുറിച്ചു ആശ്വസിപ്പിക്കേണ്ടതിന്നു യഹൂ
൨൦ ദരിൽ പലരും അവരുടെ അടുക്കൽ വന്നിരുന്നു. ആകയാൽ
യേശു വരുന്നു എന്നു കേട്ടപ്പോൾ മാൎത്താ അവനെ എതിരേ



ല്പാൻ പോയി; മറിയ വീട്ടിൽ തന്നേ ഇരുന്നു. മാൎത്താ യേശു ൨൧
വിനോടു പറഞ്ഞു: കൎത്താവേ, നീ ഇവിടേ ഉണ്ടായിരുന്നു എ
ങ്കിൽ എന്റെ സഹോദരൻ മരിക്കയില്ലായിരുന്നു. ഇപ്പോഴും ൨൨
നീ ദൈവത്തോടു എന്തു ചോദിച്ചാലും ദൈവം നിനക്കു തരും,
എന്നു ഞാൻ അറിയുന്നു. യേശു അവളോടു: നിന്റെ സ ൨൩
ഹോദരൻ ഉയിൎത്തെഴുനീല്ക്കും എന്നു പറയുന്നു. മാൎത്താ അ ൨൪
വനോടു പറയുന്നു: ഒടുക്കത്തേ നാളിലേ ഉയിൎപ്പിൽ അവൻ
ഉയിൎത്തെഴുനീല്ക്കും, എന്നു ഞാൻ അറിയുന്നു. യേശു അവ ൨൫
ളോടു പറഞ്ഞു: ഞാൻ തന്നേ ഉയിൎപ്പും ജീവനും ആകുന്നു; എ
ന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും. ജീവിച്ചി ൨൬
രുന്നു, എങ്കൽ വിശ്വസിക്കുന്നവൻ ആരും ഒരിക്കലും മരിക്ക
യില്ല; ഇതിനെ നീ വിശ്വസിക്കുന്നുവോ? അവനോടു അ ൨൭
വൾ പറയുന്നു: ഉവ്വ കൎത്താവേ, ലോകത്തിൽ വരുവാനുള്ള
ദൈവപുത്രനായ ക്രിസ്തു നീ തന്നേ, എന്നു ഞാൻ വിശ്വസി
ച്ചിരിക്കുന്നു. എന്നു ചൊല്ലീട്ടു പോയി തന്റെ സഹോദരി ൨൮
യായ മറിയയെ ഗുപ്തമായി വിളിച്ചു: ഗുരു വന്നു നിന്നെ വി
ളിക്കുന്നു, എന്നു പറഞ്ഞു. അവൾ കേട്ട ഉടനേ വേഗം എഴു ൨൯
നീറ്റു അവന്റെ അടുക്കേ വരുന്നു. എന്നാൽ യേശു ഗ്രാമ ൩൦
ത്തിൽ ചെല്ലാതേ മാൎത്താ അവനെ എതിരേറ്റ സ്ഥലത്തിൽ
തന്നേ ആയിരുന്നു. വീട്ടിൽ അവളോടു കൂടേ ഇരുന്നു അവ ൩൧
ളെ ആശ്വസിപ്പിക്കുന്നവരായ യഹൂദന്മാർ, മറിയ വേഗം എ
ഴുനീറ്റു പുറപ്പെടുന്നതു കണ്ടിട്ടു: അവൾ കല്ലറെക്കൽ കര
വാൻ പോകുന്നു, എന്നു ചൊല്ലി പിൻചെന്നു. എന്നാൽ ൩൨
മറിയ യേശു ഇരിക്കുന്നേടത്തു എത്തി അവനെ കണ്ടിട്ടു അ
വന്റെ കാല്ക്കൽ വീണു: കൎത്താവേ, നീ ഇവിടേ ഉണ്ടായിരു
ന്നു എങ്കിൽ എന്റെ സഹോദരൻ മരിക്കയില്ലായിരുന്നു, എന്നു
പറഞ്ഞു. ആകയാൽ അവൾ കരയുന്നതും അവളോടു കൂടേ ൩൩
വന്ന യഹൂദന്മാർ കരയുന്നതും യേശു കണ്ടാറേ ആത്മാവിൽ
വിങ്ങിക്കൊണ്ടു കലങ്ങി: അവനെ എവിടേ വെച്ചു? എന്നു ൩൪
ചോദിച്ചു: കൎത്താവേ, വന്നു കാണ്ക, എന്നു അവർ അവ
നോടു പറയുന്നു. യേശു കണ്ണീർ വാൎത്തു. ആകയാൽ യഹൂ ൩൫ ൩൬
ദന്മാർ: കണ്ടോ അവനോടു എത്ര പ്രിയം ഉണ്ടായിരുന്നു, എ
ന്നു പറഞ്ഞു. അവരിൽ ചിലർ: കുരുടന്റെ കണ്ണുകളെ തുറ ൩൭
ന്ന ഇവന്നു ഇവനെയും മരിക്കാതാക്കുവാൻ കഴികയില്ലാഞ്ഞു

൩൭ വോ? എന്നു പറഞ്ഞു. യേശു പിന്നേയും ഉള്ളിൽ വിങ്ങി
ക്കൊണ്ടു കല്ലറെക്കൽ ചെന്നു; അതു ഒരു ഗുഹ ആയിരുന്നു;
൩൮ ഒരു കല്ലും അതിന്മേൽ വെച്ചിരുന്നു. യേശു: കല്ലിനെ നീ
ക്കുവിൻ എന്നു പറയുന്നു. മരിച്ചവന്റെ സഹോദരിയായ
മാൎത്ത: കൎത്താവേ, ഇപ്പോൾ നാററം വെച്ചിരിക്കുന്നു; നാലാം
൪൦ നാളാകുന്നുവല്ലോ, എന്നു പറയുന്നു. യേശു അവളോടു പ
റയുന്നു: നീ വിശ്വസിച്ചാൽ ദൈവത്തിന്റെ മഹത്വത്തെ
൪൧ കാണും, എന്നു ഞാൻ നിന്നോടു പറഞ്ഞില്ലയോ? എന്നാറേ
മരിച്ചവൻ കിടന്ന ഇടത്തിൽനിന്നു അവർ കല്ലിനെ നീക്കി
യപ്പോൾ യേശു കണ്ണുകളെ ഉയൎത്തി പറഞ്ഞു: പിതാവേ, നീ
൪൨ എന്നെ കേട്ടതുകൊണ്ടു ഞാൻ നിന്നെ വാഴ്ത്തുന്നു. നീ എ
പ്പോഴും എന്നെ കേൾക്കുന്നു എന്നു ഞാൻ അറിഞ്ഞിരിക്കുന്നു,
എങ്കിലും നീ എന്നെ അയച്ചു എന്നു ചുററും നില്ക്കുന്ന പുരു
ഷാരം വിശ്വസിക്കേണ്ടതിന്നു അവരുടേ നിമിത്തം ഞാൻ പ
൪൩ റഞ്ഞു. ഇപ്രകാരം പറഞ്ഞ ശേഷം: ലാസരേ, പുറത്തു വാ,
൪൪ എന്നു മഹാശബ്ദത്തോടേ വിളിച്ചു. മരിച്ചവനും കൈകാലു
കൾ ശീലകളാൽ കെട്ടപ്പെട്ടും മുഖം റൂമാൽകൊണ്ടു മൂടിക്കെട്ടിയും
പുറത്തു വന്നു: അവനെ കെട്ടഴിച്ചു പോകുവാൻ വിടുവിൻ,
എന്നു യേശു അവരോടു ചൊല്ലുന്നു.

൪൫ ആകയാൽ മറിയയുടെ അടുക്കൽ വന്ന യഹൂദന്മാരിൽ പ
൪൬ ലരും അവൻ ചെയ്തതു കണ്ടിട്ടു അവങ്കൽ വിശ്വസിച്ചു. എ
ന്നാൽ ചിലർ പറീശരുടെ അടുക്കൽ പോയി യേശു ചെയ്തതു
൪൭ അവരോടു അറിയിച്ചു. ആകയാൽ മഹാപുരോഹിതരും പറീ
ശന്മാരും സംഘം കൂടി: നാം എന്തു ചെയ്യുന്നു? ഈ മനുഷ്യൻ
൪൮ വളരേ അടയാളങ്ങളെ ചെയ്യുന്നുവല്ലോ; അവനെ ഇങ്ങനേ
വിട്ടേച്ചാൽ എല്ലാവരും അവങ്കൽ വിശ്വസിക്കും, റോമക്കാരും
വന്നു നമ്മുടെ സ്ഥലവും വംശവും എടുത്തു കളയും, എന്നു പ
൪൯ റഞ്ഞു. എന്നാറേ അവരിൽ ഒരുത്തനായി ആ വൎഷത്തേ
മഹാപുരോഹിതനായ കയ്യഫാ അവരോടു ചൊല്ലിയതു: നി
൫൦ ങ്ങൾ ഒന്നും അറിയുന്നില്ല. വംശം എല്ലാം നശിച്ചുപോകാ
തവണ്ണം ഒരു മനുഷ്യൻ ജനത്തിന്നു വേണ്ടി മരിക്കുന്നതു ന
൫൧ മുക്കു ഉപകാരം എന്നു വിചാരിക്കുന്നതുമില്ല. ഇതു സ്വമേ
ധയാൽ പറഞ്ഞതല്ല, താൻ ആ വൎഷത്തേ മഹാപുരോഹി
തൻ ആകയാൽ ജനത്തിന്നു വേണ്ടി യേശു മരിപ്പാനിരി



ക്കുന്നു എന്നു അവൻ പ്രവചിച്ചതത്രേ. ആ ജനത്തിന്നു ൫൨
വേണ്ടി മാത്രമല്ല, ചിതറിയിരിക്കുന്ന ദൈവമക്കളെ ഒന്നായിട്ടു
ചേൎത്തുകൊള്ളേണ്ടതിന്നും കൂടേ തന്നേ. എന്നാറേ അവർ അ ൫൩
ന്നു മുതൽ അവനെ കൊല്ലുവാൻ തങ്ങളിൽ നിരൂപിച്ചു. അ ൫൪
തുകൊണ്ടു യേശു യഹൂദരുടെ ഇടയിൽ പിന്നേ പ്രസിദ്ധ
മായി നടക്കാതേ അവിടം വിട്ടു മരുഭൂമിക്കരികിൽ എഫ്രായിം
എന്ന നഗരത്തിലേക്കു വാങ്ങി, തന്റെ ശിഷ്യരുമായി അവി
ടേ പാൎത്തു. യഹൂദരുടെ പെസഹാ അടുത്തിരിക്കയാൽ പല ൫൫
രും തങ്ങൾക്കു ശുദ്ധി വരുത്തുവാൻ പെസഹായിക്കു മുമ്പേ
നാടു വിട്ടു യരുശലേമിലേക്കു കരേറി. അവർ യേശുവിനെ ൫൬
അന്വേഷിച്ചു ദൈവാലയത്തിൽ നില്ക്കുമ്പോൾ: നിങ്ങൾക്കു
എങ്ങിനേ തോന്നുന്നു? അവൻ പെരുനാൾക്കു വരികയില്ലെ
ന്നോ? എന്നു തങ്ങളിൽ പറകയും ചെയ്തു. എന്നാൽ മഹാപു ൫൭
രോഹിതന്മാരും പറീശരും അവനെ പിടികൂടേണ്ടതിന്നു അ
വൻ ഇരിക്കുന്ന ഇടം ആരെങ്കിലും അറിഞ്ഞാൽ ബോധിപ്പി
ക്കേണം, എന്നു കല്പന കൊടുത്തിരുന്നു.

## ൧൨. അദ്ധ്യായം.

ബെഥാനിയായിലേ അഭിഷേകം (മത്ത. ൨൬. മാ. ൧൪). ൻ. യരുശലേംനഗരപ്രവേശനം (മത്ത. ൨൧. മാ. ൧൧. ലൂ. ൧൯). ൨൦. ഗ്രേക്കന്മാർ സന്ദൎശിച്ചതും അന്ത്യപ്രസംഗവും. ൩൭. യഹൂദരുടെ മനഃകാഠിന്യം.

പിന്നേ പോയ ശേഷം മരിച്ചവരിൽനിന്നു താൻ ഉയിൎപ്പിച്ച
ലാസർ ഇരുന്ന ബെഥാനിയായിൽ യേശു പെസഹായിക്കു
ആറുനാൾ മുമ്പേ വന്നു. എന്നാറേ അവന്നു അവിടേ അ ൨
ത്താഴം ഉണ്ടാക്കി, മാൎത്ത ശുശ്രൂഷ ചെയ്തു; ലാസരോ അവ
നോടു കൂടേ ഭക്ഷണത്തിന്നിരുന്നവരിൽ ഒരുവൻ ആയിരുന്നു.
അപ്പോൾ മറിയ വിലയേറിയ സ്വച്ഛജടാമാംസി തൈലം ൩
ഒരു റാത്തൽ എടുത്തു, യേശുവിന്റെ കാലുകളിൽ പൂശി, കാലു
കളെ തന്റെ തലമുടികൊണ്ടു തുവൎത്തി; തൈലത്തിന്റെ
സൌരഭ്യം വീട്ടിൽ നിറകയും ചെയ്തു. എന്നാറേ അവന്റെ ൪
ശിഷ്യന്മാരിൽ ഒരുത്തനായി അവനെ കാണിച്ചുകൊടുപ്പാനി
രുന്ന ശിമോൻ പുത്രനായ യൂദാ ഇഷ്കൎയ്യോത്ത് പറയുന്നു:
ഈ തൈലം മുന്നൂറു പണത്തിന്നു വിററു ദരിദ്രൎക്കു കൊടുക്കാ ൫
ഞ്ഞതു എന്തുകൊണ്ടു? എന്നാൽ ഇതു ദരിദ്രരെ കുറിച്ചു വി ൬
ചാരം ഉണ്ടായിട്ടല്ല, അവൻ കള്ളൻ ആകകൊണ്ടും മടിശ്ശീല

തന്റെ പക്കൽ ആകയാൽ അതിൽ ഇടപ്പെട്ടതിനെ ചുമക്ക
൭ കൊണ്ടും അത്രേ പറഞ്ഞതു. ആകയാൽ യേശു: അവളെ
വിടുക, എന്റെ ശവസംസ്കാരത്തിനുള്ള നാൾക്കായിട്ടു അവൾ
൮ ഇതിനെ സംഗ്രഹിച്ചിരുന്നു. ദരിദ്രർ നിങ്ങൾക്കു എല്ലാ
യ്പോഴും അടുക്കേ ഉണ്ടല്ലോ; ഞാൻ നിങ്ങൾക്കു എല്ലായ്പോഴും
ഇല്ല താനും, എന്നു പറഞ്ഞു.
൯ എന്നാറേ അവൻ അവിടേ ഉള്ളപ്രകാരം അറിഞ്ഞിട്ടു യഹൂ
ദരുടെ ഒരു വലിയ കൂട്ടം യേശുവിന്റെ നിമിത്തം തന്നേ അ
ല്ല, അവൻ മരിച്ചവരിൽനിന്നു ഉയിൎപ്പിച്ച ലാസരെ കാണ്മാ
൧൦ നായിട്ടും വന്നു. അവൻ ഹേതുവായിട്ടു അനേകം യഹൂദ
൧൧ ന്മാർ പോയി യേശുവിൽ വിശ്വസിക്കയാൽ, ലാസരെയും
൧൨ കൊല്ലേണം, എന്നു മഹാപുരോഹിതർ നിരൂപിച്ചു. പിറേറ
നാൾ പെരുനാൾക്കു വന്നോരു വലിയ പുരുഷാരം യേശു
൧൩ യരുശലേമിൽ വരുന്നു എന്നു കേട്ടിട്ടു, ഈത്തപ്പനകളുടെ കുരു
ത്തോലകൾ എടുത്തും കൊണ്ടു അവനെ എതിരേല്പാൻ പുറ
പ്പെട്ടു പോയി: ഹോശാനാ, ഇസ്രയേലിൻ രാജാവായി കൎത്താ
വിൻ നാമത്തിൽ വരുന്നവൻ വാഴ്ത്തപ്പെട്ടവൻ, എന്നു ആൎത്തു.[1]
൧൪ യേശു ഒരു ചെറിയ കഴുതയെ കണ്ടിട്ടു അതിന്മേൽ കയറി ഇ
൧൫ രുന്നു. സിയോൻ പുത്രീ, ഭയപ്പെടേണ്ടാ; കണ്ടാലും നിന്റെ
രാജാവു കഴുതക്കുട്ടിപ്പുറത്തു ഇരുന്നുകൊണ്ടു വരുന്നു എന്നു എഴു
൧൬ തിയിരിക്കുന്ന പ്രകാരം തന്നേ.[2] ആയതു അവന്റെ ശിഷ്യ
ന്മാർ ആദിയിൽ അറിഞ്ഞില്ല; യേശു മഹത്വപ്പെട്ട ശേഷം
ഇവ അവനെ കുറിച്ചു എഴുതപ്പെട്ടിരിക്കുന്നു എന്നും തങ്ങൾ
അവനോടു ഇവ ചെയ്തു എന്നും അവൎക്കു ഓൎമ്മ ഉണ്ടായി.
൧൭ ആകയാൽ അവൻ ലാസരെ കല്ലറയിൽനിന്നു വിളിച്ചു മരി
ച്ചവരിൽനിന്നു എഴുനീല്പിച്ചപ്പോൾ അവനോടു കൂടേ ഉണ്ടാ
൧൮ യിരുന്ന പുരുഷാരം സാക്ഷ്യം ചൊല്ലി. അതുകൊണ്ടു പുരു
ഷാരം അവൻ ഈ അടയാളം ചെയ്ത പ്രകാരം കേട്ടിട്ടു അവനെ
൧൯ എതിരേറ്റു കൂടി. ആകയാൽ പരീശർ തമ്മിൽ തമ്മിൽ: നി
ങ്ങളാൽ ഒന്നും സാധിക്കുന്നില്ല എന്നു കാണുന്നുവോ? ഇതാ
ലോകം അവന്റെ പിന്നാലേ ആയ്പോയി എന്നു പറകയും
ചെയ്തു.
൨൦ പെരുനാളിൽ കുമ്പിടുവാൻ കയറിവരുന്നവരിൽ ചില ഗ്രേ

[1] സങ്കീ. ൧൧൮, ൨൬. [2] സഖ. ൯, ൯.



ക്കന്മാർ ഉണ്ടായിരുന്നു. ആയവർ ഗലീലയിലേ ബെത്സ ൨൧
യിദക്കാരനായ ഫീലിപ്പൊസിന്റെ അടുക്കൽ ചെന്നു അവ
നോടു: യജമാനനേ, ഞങ്ങൾക്കു യേശുവിനെ കാണ്മാൻ ആ
ഗ്രഹമുണ്ടു, എന്നു അപേക്ഷിച്ചു പറഞ്ഞു. ഫീലിപ്പൊസ് ൨൨
വന്നു അന്ത്രെയാസിനോടു പറയുന്നു, പിന്നേ അന്ത്രെയൊസും
ഫീലിപ്പൊസും യേശുവിനോടു പറയുന്നു. എന്നാൽ യേശു ൨൩
അവരോടു ഉത്തരം ചൊല്ലിയതു: മനുഷ്യപുത്രൻ മഹത്വപ്പെടു
വാനുള്ള നാഴിക വന്നിരിക്കുന്നു. ആമെൻ, ആമെൻ, ഞാൻ ൨൪
നിങ്ങളോടു പറയുന്നു, കോതമ്പുമണി നിലത്തിൽ വീണു ചാ
കുന്നില്ല എങ്കിൽ അതു തനിയേ ഇരിക്കുന്നു; ചത്തു എങ്കിലോ
വളരേ ഫലം തരുന്നു. തന്റെ ദേഹിയെ സ്നേഹിക്കുന്നവൻ ൨൫
അതിനെ കളയും; ഇഹലോകത്തിൽ തന്റെ ദേഹിയെ പകെ
ക്കുന്നവൻ അതിനെ നിത്യജീവനോളം സൂക്ഷിക്കും.[1] യാ ൨൬
തൊരുത്തൻ എന്നെ ശുശ്രൂഷ ചെയ്യുന്നു എങ്കിൽ അവൻ എ
ന്നെ പിന്തുടരട്ടേ; ഞാൻ എവിടേ ഇരിക്കുന്നുവോ അവിടേ എ
ന്റെ ശുശ്രൂഷക്കാരനും ഇരിക്കും; യാതൊരുത്തൻ എന്നെ ശു
ശ്രൂഷ ചെയ്താൽ അവനെ പിതാവു മാനിക്കും. ഇപ്പോൾ ൨൭
എൻദേഹി കലങ്ങിയിരിക്കുന്നു; പിന്നേ ഞാൻ എന്തു പറവൂ?
പിതാവേ, ഈ നാഴികയിൽനിന്നു എന്നെ രക്ഷിക്കേണമേ;
എങ്കിലും ഇതിൻ നിമിത്തം ഈ നാഴികയിലേക്കു ഞാൻ വ
ന്നു. പിതാവേ, നിന്റെ നാമത്തെ മഹത്വപ്പെടുത്തേണമേ. ൨൮
എന്നാറേ: ഞാൻ മഹത്വപ്പെടുത്തി ഇനിയും മഹത്വപ്പെടു
ത്തുകയും ചെയ്യും, എന്നൊരു ശബ്ദം വാനത്തിൽനിന്നു വന്നു.
അതു കേട്ടിട്ടു, നില്ക്കുന്ന പുരുഷാരം: ഇടി ഉണ്ടായി, എന്നു പ ൨൯
റഞ്ഞു; മറ്റു ചിലർ: ഒരു ദൂതൻ അവനോടു സംസാരിച്ചു, എ
ന്നു പറഞ്ഞു. യേശു ഉത്തരം ചൊല്ലിയതു: ഈ ശബ്ദം എ ൩൦
ന്റെ നിമിത്തമല്ല നിങ്ങളുടെ നിമിത്തം അത്രേ ഉണ്ടായതു.
ഇപ്പോൾ ഈ ലോകത്തിന്റെ ന്യായവിധി ആകുന്നു; ഇ ൩൧
പ്പോൾ ഈ ലോകപ്രഭു പുറത്തുകളയപ്പെടും. ഞാൻ ഭൂമി ൩൨
യിൽനിന്നു ഉയൎത്തപ്പെട്ടു എങ്കിൽ എല്ലാവരെയും എങ്കലേക്കു
ആകൎഷിക്കയും ചെയ്യും. ഇതു താൻ മരിപ്പാനുള്ള മരണവി ൩൩
ധം ഇന്നതു എന്നു സൂചിപ്പിച്ചു പറഞ്ഞതത്രേ. പുരുഷാരം ൩൪
അവനോടു ഉത്തരം ചൊല്ലിയതു: ക്രിസ്തു എന്നേക്കും ഇരിക്കുന്നു

[1] ലൂക്കൊസ് ൯, ൨൪.

എന്നു ഞങ്ങൾ വേദത്തിൽനിന്നു കേട്ടിരിക്കുന്നു;[1] പിന്നേ
മനുഷ്യപുത്രൻ ഉയൎത്തപ്പെടേണ്ടതു എന്നു നീ എങ്ങിനേ പ
൩൫ റയുന്നു? ഈ മനുഷ്യപുത്രൻ ആർ ആകുന്നു? എന്നാറേ യേ
ശു അവരോടു പറഞ്ഞു: ഇനി കുറയ കാലം വെളിച്ചം നിങ്ങ
ളോടു കൂടേ ഇരിക്കുന്നു; ഇരുൾ നിങ്ങളെ പിടിക്കാതവണ്ണം നി
ങ്ങൾക്കു വെളിച്ചം ഉള്ളളവു നടന്നുകൊൾവിൻ, ഇരുളിൽ ന
ടക്കുന്നവൻ താൻ എവിടേ പോകുന്നു എന്നു അറിയുന്നില്ല
൩൬ ല്ലോ. നിങ്ങൾക്കു വെളിച്ചം ഉള്ളളവു വെളിച്ചത്തിന്റെ മ
ക്കൾ ആകേണ്ടതിന്നു വെളിച്ചത്തിൽ വിശ്വസിപ്പിൻ. ഇവ
യേശു പറഞ്ഞു; പിന്നേ വാങ്ങിപ്പോയി അവരിൽനിന്നു ഒളി
ച്ചുകൊൾകയും ചെയ്തു.
൩൭ ഇത്ര വലിയ അടയാളങ്ങളെ അവർ കാണ്കേ ചെയ്താറേ
൩൮ യും അവർ അവനിൽ വിശ്വസിച്ചില്ല. കൎത്താവേ, ഞങ്ങ
ളുടെ പ്രസംഗം ആർ വിശ്വസിച്ചു? കൎത്താവിൻ ഭുജം ആ
ൎക്കു വെളിപ്പെട്ടു? എന്നു ഏശായാ പ്രവാചകൻ പറഞ്ഞ വച
൩൯ നം പൂരിപ്പാൻ തന്നേ.[2] ഇതു നിമിത്തം അവൎക്കു വിശ്വ
സിപ്പാൻ കഴിഞ്ഞതുമില്ല; എന്തെന്നാൽ ഏശായാ പിന്നേയും
൪൦ പറയുന്നു: അവർ കണ്ണുകൊണ്ടു കാണാതേയും ഹൃദയംകൊ
ണ്ടു തിരിച്ചറിയാതേയും മനം തിരിയാതേയും ഞാൻ അവരെ
സൌഖ്യമാക്കാതേയും ഇരിപ്പാൻ അവരുടെ കണ്ണുകളെ അ
൪൧ വൻ കുരുടാക്കി ഹൃദയത്തെയും തടിപ്പിച്ചിരിക്കുന്നു. ഇവ ഏ
ശായാ പറഞ്ഞതു അവന്റെ മഹത്വം കണ്ടു അവനെ കുറി
൪൨ ച്ചു സംസാരിച്ചപ്പോൾ ആയിരുന്നു.[3] എന്നിട്ടും പ്രമാണി
കളിലും അനേകർ അവനിൽ വിശ്വസിച്ചു; എങ്കിലും പള്ളി
ഭ്രഷ്ടർ ആകായ്വാൻ പരീശരുടെ നിമിത്തം ഏററു പറഞ്ഞില്ല.
൪൩ എന്തെന്നാൽ അവർ ദൈവമഹത്വത്തെക്കാളും മനുഷ്യമഹത്വ
൪൪ ത്തെ ഏററം സ്നേഹിച്ചു. യേശു വിളിച്ചു പറഞ്ഞു: എ
ന്നിൽ വിശ്വസിക്കുന്നവൻ എന്നിലല്ല എന്നെ അയച്ചവ
൪൫ നിൽ വിശ്വസിക്കുന്നു. എന്നെ കാണുന്നവൻ എന്നെ അ
൪൬ യച്ചവനെ കാണുന്നു. എന്നിൽ വിശ്വസിക്കുന്നവൻ ആ
രും ഇരുളിൽ വസിക്കായ്വാൻ ഞാൻ വെളിച്ചമായി ലോക
൪൭ ത്തിൽ വന്നു. എന്റെ മൊഴികൾ ആരെങ്കിലും കേട്ടു വിശ്വ
സിക്കാതേ ഇരുന്നാൽ അവനെ ഞാൻ വിധിക്കുന്നില്ല; എ

[1] ദാനി. ൭, ൧൪. [2] ഏശാ. ൫൩, ൧. [3] ഏശാ. ൬, ൯.



ന്തെന്നാൽ ലോകത്തെ വിധിപ്പാനല്ല ലോകത്തെ രക്ഷിപ്പാ
നത്രേ ഞാൻ വന്നതു. എന്റെ മൊഴികളെ കൈക്കൊള്ളാതേ ൪൮
എന്നെ തള്ളുന്നവന്നു ന്യായം വിധിക്കുന്നവൻ ഉണ്ടു; ഞാൻ
പറഞ്ഞ വചനം ഒടുക്കത്തേ നാളിൽ അവന്നു ന്യായം വിധി
ക്കും. എന്തെന്നാൽ ഞാൻ സ്വയമായി സംസാരിച്ചിട്ടില്ല; ൪൯
എന്നെ അയച്ച പിതാവു തന്നേ ഞാൻ ഇന്നതു പറയേണം
എന്നും ഇന്നതു സംസാരിക്കേണം എന്നും എനിക്കു കല്പന ത
ന്നു. അവന്റെ കല്പന നിത്യജീവൻ ആകുന്നു എന്നു ഞാൻ ൫൦
അറിയുന്നു; ആകയാൽ ഞാൻ സംസാരിക്കുന്നവ പിതാവു
എന്നോടു അരുളിയപ്രകാരം തന്നേ സംസാരിക്കുന്നു.

## ൧൩. അദ്ധ്യായം.

യേശു ശിഷ്യരുടെ കാൽ കഴുകി, ൧൨. ഉപദേശിച്ചതു. ൨൧. യൂദാവിൻ ദ്രോഹം. ൩൪. അന്യോന്യസ്നേഹത്തെ കുറിച്ചുള്ള കല്പന. ൩൬. പത്രൊസിന്റെ വീഴ്ചയും അറിയിച്ചതു (മത്ത. ൨൬. മാ. ൧൪. ലൂ. ൨൨).

൧ പെസഹാപെരുനാൾക്കു മുമ്പേ യേശു ഈ ലോകം വിട്ടു
പിതാവിൻ അരികിൽ പോകുവാനുള്ള തന്റെ നാഴിക വന്നു
എന്നു അറിഞ്ഞിട്ടു, അവൻ ലോകത്തിൽ തനിക്കുള്ളവരെ സ്നേ
ഹിച്ചിരിക്കയാൽ അവരെ അവസാനത്തോളം സ്നേഹിച്ചു.
അവനെ കാണിച്ചു കൊടുക്കേണ്ടതിന്നു ശിമോൻ പുത്രനായ ൨
യൂദാ ഇഷ്കൎയ്യോത്തിന്റെ ഹൃദയത്തിൽ പിശാചു തോന്നിച്ചി
രിക്കേ, അത്താഴം തുടങ്ങും നേരം, യേശു, തന്റെ കൈയിൽ ൩
പിതാവു സകലവും ഏല്പിച്ചിരിക്കുന്നു എന്നും താൻ ദൈവ
ത്തിൽനിന്നു പുറപ്പെട്ടു വന്നു എന്നും ദൈവത്തിൻ അടുക്കേ
പോകുന്നു എന്നും അറിഞ്ഞിട്ടു, അത്താഴത്തിൽനിന്നു എഴുനീ ൪
ററു വസ്ത്രങ്ങളെ ഊരിവെച്ചു ഒരു ശീല എടുത്തു തന്റെ അര
യിൽ ചുററി കെട്ടിക്കൊണ്ടു, ഒരു പാത്രത്തിൽ വെള്ളം ഒഴി ൫
ച്ചു ശിഷ്യരുടെ കാലുകളെ കഴുകുവാനും താൻ അരയിൽ ചുററി
യിരുന്ന ശീലകൊണ്ടു തുവൎത്തുവാനും തുടങ്ങി. അപ്പോൾ അ ൬
വൻ ശിമോൻ പത്രൊസിന്റെ അടുക്കൽ വരുന്നു; എന്നാറേ
ആയവൻ അവനോടു: കൎത്താവേ, നീ എന്റെ കാലുകളെ
കഴുകുന്നുവോ? എന്നു പറയുന്നു. യേശു അവനോടു: ഞാൻ ൭
ചെയ്യുന്നതിനെ നീ ഇപ്പോൾ അറിയുന്നില്ല, പിന്നേ അറി
യും താനും, എന്നു ഉത്തരം ചൊല്ലി. നീ ഒരു നാളും എന്റെ ൮
കാലുകളെ കഴുകരുതു, എന്നു പത്രൊസ് പറയുന്നു; യേശു

ഉത്തരം ചൊല്ലിയതു: ഞാൻ നിന്നെ കഴുകാഞ്ഞാൽ നിനക്കു
൯ എന്നോടു കൂടേ പങ്കു ഇല്ല. എന്നാറേ ശിമോൻ പത്രൊസ്:
കൎത്താവേ, എന്റെ കാലുകൾ മാത്രമല്ല കൈകളും തലയും
൧൦ കൂടേ, എന്നു പറയുന്നു. യേശു അവനോടു: കുളിച്ചിരിക്കുന്ന
വന്നു കാലുകൾ അല്ലാതേ കഴുകുവാൻ ആവശ്യം ഇല്ല; അ
വൻ മുഴുവനും ശുദ്ധിയുള്ളവൻ ആകുന്നു; നിങ്ങൾ ശുദ്ധിയു
ള്ളവർ ആകുന്നു, എല്ലാവരും അല്ല താനും, എന്നു പറയുന്നു.
൧൧ തന്നെ കാണിച്ചുകൊടുക്കുന്നവനെ അറിഞ്ഞിരിക്കകൊണ്ടത്രേ
എല്ലാവരും ശുദ്ധിയുള്ളവരല്ല എന്നു പറഞ്ഞതു.
൧൨ അവരുടെ കാലുകളെ കഴുകി തന്റെ വസ്ത്രങ്ങളെ ധരിച്ച
ശേഷം അവൻ പിന്നേയും ഭോജനപ്പന്തിയിൽ ഇരുന്നു അ
വരോടു പറഞ്ഞു: ഞാൻ നിങ്ങൾക്കു ചെയ്തതു ഇന്നതു എന്നു
൧൩ അറിയുന്നുവോ? നിങ്ങൾ എന്നെ ഗുരുവെന്നും കൎത്താവെ
ന്നും വിളിക്കുന്നു; ഞാൻ അപ്രകാരം ആകയാൽ നിങ്ങൾ ചൊ
൧൪ ല്ലുന്നതു ശരി. കൎത്താവും ഗുരുവുമായ ഞാൻ നിങ്ങളുടെ കാ
ലുകളെ കഴുകി എങ്കിൽ നിങ്ങളും തമ്മിൽ തമ്മിൽ കാലുകളെ ക
൧൫ ഴുകേണ്ടതാകുന്നു. ഞാൻ നിങ്ങൾക്കു ചെയ്തപ്രകാരം നിങ്ങളും
ചെയ്യേണ്ടതിന്നു ഞാൻ നിങ്ങൾക്കു ദൃഷ്ടാന്തം തന്നിരിക്കുന്നു
൧൬ വല്ലോ. ആമെൻ, ആമെൻ, ഞാൻ നിങ്ങളോടു ചൊല്ലുന്നതു,
ദാസൻ തന്റെ കൎത്താവിനെക്കാൾ വലിയവൻ അല്ല; അ
൧൭ യക്കപ്പെട്ടവൻ അയച്ചവനെക്കാൾ വലിയവനുമല്ല.[1] ഇവ
നിങ്ങൾ അറിയുന്നു എങ്കിൽ അവറ്റെ ചെയ്താൽ ഭാഗ്യവാ
൧൮ ന്മാർ ആകുന്നു. നിങ്ങളെ എല്ലാവരെയും കുറിച്ചു ചൊല്ലുന്നി
ല്ല, ഞാൻ തെരിഞ്ഞെടുത്തവരെ അറിയുന്നു; എന്നാൽ എ
ന്നോടു കൂടേ അപ്പം തിന്നുന്നവൻ എന്റെ നേരേ തന്റെ
മടമ്പു ഉയൎത്തി എന്നുള്ള തിരുവെഴുത്തിന്നു പൂൎത്തിവരേണ്ടതാ
൧൯ കുന്നു.[2] അതു സംഭവിക്കുമ്പോൾ ഞാൻ തന്നേ ആകുന്നു
എന്നു വിശ്വസിക്കേണ്ടതിന്നു അതു സംഭവിക്കും മുമ്പേ ഇ
൨൦ പ്പോഴേ ഞാൻ നിങ്ങളോടു പറയുന്നു. ആമെൻ, ആമെൻ,
ഞാൻ നിങ്ങളോടു ചൊല്ലുന്നതു, ഞാൻ അയക്കുന്ന ഏവനെ
എങ്കിലും കൈക്കൊള്ളുന്നവൻ എന്നെ കൈക്കൊള്ളുന്നു, എ
ന്നെ കൈക്കൊള്ളുന്നവൻ എന്നെ അയച്ചവനെ കൈക്കൊ
ള്ളുന്നു.[3]

[1] മത്ത. ൧൦, ൨൪. [2] സങ്കീ. ൪൧, ൧൦. [3] മത്ത. ൧൦, ൪൦.



ഇവ പറഞ്ഞിട്ടു യേശു ആത്മാവിൽ കലങ്ങി: ആമെൻ, ൨൧
ആമെൻ, ഞാൻ നിങ്ങളോടു ചൊല്ലുന്നു, നിങ്ങളിൽ ഒരുത്തൻ
എന്നെ കാണിച്ചുകൊടുക്കും, എന്നു സാക്ഷിപ്പെടുത്തി പറഞ്ഞു.
ഇതു ആരെക്കൊണ്ടു പറഞ്ഞു എന്നു ശിഷ്യന്മാർ സംശയിച്ചു ൨൨
തമ്മിൽ തമ്മിൽ നോക്കി. ശിഷ്യന്മാരിൽവെച്ചു യേശു സ്നേ ൨൩
ഹിച്ചിരുന്ന ഒരുത്തൻ യേശുവിന്റെ നെഞ്ഞോടു ചാരിക്കൊ
ണ്ടിരിക്കേ, ഈ ചൊല്ലിയതു ആരെക്കൊണ്ടു എന്നു ചോദി ൨൪
പ്പാൻ ശിമോൻ പത്രൊസ് അവനോടു ആംഗികം കാട്ടി.
ആയവൻ യേശുവിന്റെ മാൎവ്വിടത്തിൽ ചരിഞ്ഞുകൊണ്ടു: ക ൨൫
ൎത്താവേ, അതു ആർ ആകുന്നു? എന്നു ചോദിച്ചു. ഞാൻ അ ൨൬
പ്പഖണ്ഡം മുക്കിക്കൊടുക്കുന്നതു ആക്കോ അവൻ തന്നേ എ
ന്നു യേശു ഉത്തരം പറഞ്ഞു; ഖണ്ഡം മുക്കീട്ടു ശിമോൻ പുത്ര
നായ യൂദാ ഇഷ്കൎയ്യോത്തിന്നു കൊടുത്തു. ഖണ്ഡത്തിന്റെ ൨൭
ശേഷം സാത്താൻ ഉടനേ അവനിൽ പ്രവേശിച്ചു. ആക
യാൽ യേശു അവനോടു: നീ ചെയ്യുന്നതു അതിവേഗത്തിൽ
ചെയ്ക, എന്നു പറയുന്നു. എന്നാൽ ഇതു ഇന്നതിനെ കുറി ൨൮
ച്ചു ചൊല്ലിയതെന്നു ഭോജനപ്പന്തിയിൽ ഇരുന്നവരിൽ ആരും
അറിഞ്ഞില്ല. മടിശ്ശീല യൂദാവിൻ പക്കൽ ആകയാൽ പെരു ൨൯
നാൾക്കു വേണ്ടുന്നതു മേടിക്ക എന്നോ ദരിദ്രൎക്കു ഏതാനും
കൊടുക്ക എന്നോ യേശു അവനോടു കല്പിക്കുന്നപ്രകാരം ചി
ലൎക്കു തോന്നി. എന്നാറേ അവൻ ഖണ്ഡം വാങ്ങീട്ടു ക്ഷ ൩൦
ണത്തിൽ പുറപ്പെട്ടു പോയി; അപ്പോൾ രാത്രി ആയിരുന്നു.
അവൻ പുറപ്പെട്ടു പോയപ്പോൾ യേശു പറയുന്നു: ഇ ൩൧
പ്പോൾ മനുഷ്യപുത്രൻ മഹത്വപ്പെട്ടു, ദൈവവും അവനിൽ
മഹത്വപ്പെട്ടു. ദൈവം അവനിൽ മഹത്വപ്പെട്ടു എങ്കിൽ ദൈ ൩൨
വം അവനെ തന്നിൽ തന്നേ മഹത്വപ്പെടുത്തും, പെട്ടെന്നു മ
ഹത്വപ്പെടുത്തുകയും ചെയ്യും. പൈതങ്ങളേ, ഞാൻ ഇനി കു ൩൩
റഞ്ഞൊന്നു നിങ്ങളോടു കൂടേ ഇരിക്കുന്നു. നിങ്ങൾ എന്നെ
അന്വേഷിക്കും, പിന്നേ ഞാൻ പോകുന്ന ഇടത്തു നിങ്ങൾക്കു
വരുവാൻ കഴികയില്ല എന്നു യഹൂദരോടു പറഞ്ഞപ്രകാരം ഇ
ന്നു നിങ്ങളോടും ചൊല്ലുന്നു.[1] നിങ്ങൾ തമ്മിൽ സ്നേഹിക്കേ ൩൪
ണം, എന്നു ഒരു പുതിയ കല്പന നിങ്ങൾക്കു തരുന്നു; ഞാൻ
നിങ്ങളെ സ്നേഹിച്ചതു പോലേ നിങ്ങളും തമ്മിൽ സ്നേഹിക്കേ

[1] യോഹ. ൭, ൩൪.

൩൫ ണം എന്നു തന്നേ. നിങ്ങൾക്ക തമ്മിൽ സ്നേഹം ഉണ്ടെങ്കിൽ
നിങ്ങൾ എന്റെ ശിഷ്യർ ആകുന്നു എന്നു അതിനാൽ എല്ലാ
൩൬ വരും അറിയും. ശിമോൻ പത്രൊസ് അവനോടു: കൎത്താവേ,
നീ എവിടേ പോകുന്നു? എന്നു പറയുന്നു: ഞാൻ പോകുന്ന
ഇടത്തേക്ക നിനക്ക ഇപ്പോൾ എന്നെ പിന്തുടരുവാൻ കഴിക
യില്ല; പിന്നേ നീ എന്നെ പിന്തുടരും താനും, എന്നു യേശു
൩൭ അവനോടു ഉത്തരം പറഞ്ഞു. പത്രൊസ് അവനോടു: ക
ൎത്താവേ, ഇപ്പോൾ തന്നേ എനിക്ക നിന്നെ പിന്തുടരുവാൻ
കഴിയാത്തതു എന്തുകൊണ്ടു? നിനക്ക വേണ്ടി എന്റെ പ്രാ
൩൮ ണനെ വെച്ചുകളയും, എന്നു പറഞ്ഞു. യേശു ഉത്തരം ചൊ
ല്ലിയതു: നിന്റെ പ്രാണനെ എനിക്ക വേണ്ടി വെക്കുമോ?
ആമെൻ, ആമെൻ, ഞാൻ നിന്നോടു പറയുന്നു, നീ മൂന്നു
പ്രാവശ്യം എന്നെ തള്ളിപ്പറയുവോളം കോഴി കൂവുകയില്ല.

## ൧൪. അദ്ധ്യായം.

യേശു ശിഷ്യരെ ആശ്വസിപ്പിച്ചുകൊണ്ടു തന്റെ യാത്രയും, ൯. പിതാവിനോടുള്ള ഐക്യവും, ൧൫. ശിഷ്യർ ആത്മാവിനെ പ്രാപിപ്പതും, ൨൧. തന്റെ പ്രത്യക്ഷതയും അറിയിച്ചു, ൨൭. സമാധാനം ചൊല്ലുന്നതു.

നിങ്ങളുടെ ഹൃദയം കലങ്ങിപ്പോകായ്ക; ദൈവത്തിൽ വിശ്വ
൨ സിപ്പിൻ, എന്നിലും വിശ്വസിപ്പിൻ. എന്റെ പിതാവിൻ
ഭവനത്തിൽ പല പാൎപ്പിടങ്ങൾ ഉണ്ടു; അല്ലാഞ്ഞാൽ ഞാൻ
നിങ്ങളോടു പറയുമായിരുന്നു, ഞാൻ നിങ്ങൾക്ക സ്ഥലം ഒരു
൩ ക്കുവാൻ പോകുന്നു. ഞാൻ പോയി നിങ്ങൾക്ക സ്ഥലം ഒരു
ക്കി എങ്കിൽ ഞാൻ ഇരിക്കുന്ന ഇടത്തു നിങ്ങളും ഇരിക്കേണ്ട
തിന്നു പിന്നേയും വന്നു നിങ്ങളെ എന്റെ അടുക്കൽ ചേൎത്തു
൪ കൊള്ളും. ഞാൻ പോകുന്ന ഇടം നിങ്ങൾ അറിയുന്നു, വഴി
൫ യും അറിയുന്നു. തോമാസ് അവനോടു: കൎത്താവേ, നീ എ
വിടേ പോകുന്നു എന്നു ഞങ്ങൾ അറിയുന്നില്ല; പിന്നേ വഴി
൬ എങ്ങിനേ അറിയാം? എന്നു പറയുന്നു. യേശു അവനോടു
ചൊല്ലുന്നു: ഞാൻ തന്നേ വഴിയും സത്യവും ജീവനും ആകു
ന്നു; എന്നിലൂടേ അല്ലാതേ ആരും പിതാവിന്റെ അടുക്കൽ വ
൭ രുന്നില്ല. നിങ്ങൾ എന്നെ അറിഞ്ഞു എങ്കിൽ എന്റെ പി
താവിനെയും അറിയുമായിരുന്നു; വിശേഷിച്ചു ഇന്നു മുതൽ
നിങ്ങൾ അവനെ അറിയുന്നു, അവനെ കണ്ടും ഇരിക്കുന്നു.
൮ ഫീലിപ്പൊസ് അവനോടു: കൎത്താവേ, പിതാവിനെ ഞങ്ങ



ൾക്ക കാണിച്ചു തരേണം, എന്നാൽ ഞങ്ങൾക്ക മതി, എന്നു
പറയുന്നു. യേശു അവനോടു ചൊല്ലുന്നു: ഞാൻ ഇത്രകാലം ൯
നിങ്ങളോടു കൂടേ ഇരുന്നിട്ടും നീ എന്നെ അറിഞ്ഞില്ലയോ ഫീ
ലിപ്പൊസേ? എന്നെ കണ്ടവൻ പിതാവിനെ കണ്ടു; പിന്നേ
പിതാവിനെ ഞങ്ങൾക്ക കാണിച്ചു തരേണം, എന്നു ചൊല്ലു
ന്നതു എങ്ങിനേ? ഞാൻ പിതാവിലും പിതാവു എന്നിലും ൧൦
ആകുന്നു, എന്നു നീ വിശ്വസിക്കുന്നില്ലയോ? ഞാൻ നിങ്ങ
ളോടു ചൊല്ലുന്ന മൊഴികളെ സ്വയമായി ചൊല്ലുന്നില്ല; എ
ന്നിൽ വസിക്കുന്ന പിതാവു താൻ തന്നേ ക്രിയകളെ ചെയ്യു
ന്നു. ഞാൻ പിതാവിലും പിതാവു എന്നിലും ആകുന്നു എന്നു ൧൧
എന്നെ വിശ്വസിപ്പിൻ, അല്ലെങ്കിൽ ക്രിയകൾ നിമിത്തം ത
ന്നേ എന്നെ വിശ്വസിപ്പിൻ. ആമെൻ, ആമെൻ, ഞാൻ ൧൨
നിങ്ങളോടു ചൊല്ലുന്നു, എന്നിൽ വിശ്വസിക്കുന്നവൻ ഞാൻ
ചെയ്യുന്ന ക്രിയകളെ അവനും ചെയ്യും, ഇവററിലും വലിയവ
അവൻ ചെയ്യും, എന്തെന്നാൽ ഞാൻ എന്റെ പിതാവിന്റെ
അടുക്കൽ പോകുന്നു. നിങ്ങൾ എന്റെ നാമത്തിൽ എന്തു ൧൩
യാചിച്ചാലും പിതാവു പുത്രനിൽ മഹത്വപ്പെടേണ്ടതിന്നു
ഞാൻ അതിനെ ചെയ്യും. നിങ്ങൾ എന്റെ നാമത്തിൽ ൧൪
എന്തു എങ്കിലും യാചിച്ചാൽ അതു ഞാൻ ചെയ്യും.
നിങ്ങൾ എന്നെ സ്നേഹിക്കുന്നു എങ്കിൽ എന്റെ കല്പനക ൧൫
ളെ കാത്തുകൊൾവിൻ. എന്നാൽ ഞാൻ പിതാവിനോടു ചോ ൧൬
ദിക്കും; അവൻ എന്നേക്കും നിങ്ങളോടു കൂടേ വസിപ്പാനുള്ള
സത്യാത്മാവായ മററൊരു ആശ്വാസപ്രദനെ നിങ്ങൾക്ക
തരും. അവനെ ലോകത്തിന്നു കൈക്കൊൾവാൻ കഴികയി ൧൭
ല്ല; എന്തെന്നാൽ അതു അവനെ കാണുന്നില്ല അറിയുന്നതു
മില്ല; നിങ്ങളോ അവനെ അറിയുന്നു; എന്തെന്നാൽ അവൻ
നിങ്ങളോടു കൂടേ വസിക്കുന്നു, നിങ്ങളിൽ ഇരിക്കയും ചെയ്യും.
ഞാൻ നിങ്ങളെ ഉടയവനില്ലാത്തവരായി വിടുകയില്ല, നിങ്ങ ൧൮
ളുടെ അടുക്കൽ ഞാൻ വരും. ഇനി അല്പം നേരം [കഴിഞ്ഞാൽ] ൧൯
ലോകം എന്നെ കാണുകയില്ല, നിങ്ങളോ എന്നെ കാണുന്നു;
ഞാൻ ജീവിച്ചിരിക്കുന്നതുകൊണ്ടു നിങ്ങളും ജീവിച്ചിരിക്കും.
ഞാൻ എന്റെ പിതാവിലും നിങ്ങൾ എന്നിലും ഞാൻ നിങ്ങ ൨൦
ളിലും എന്നു നിങ്ങൾ അന്നു അറിയും. എന്റെ കല്പനകൾ ൨൧
ഉള്ളവനായി അവററെ കാക്കുന്നവൻ എന്നെ സ്നേഹിക്കുന്ന

വൻ ആകുന്നു; എന്നെ സ്നേഹിക്കുന്നവൻ എൻ്റെ പിതാവി
നാൽ സ്നേഹിക്കപ്പെടും, ഞാനും അവനെ സ്നേഹിച്ച അവ
ന്നു എന്നെ തന്നേ വെളിപ്പെടുത്തും.
൨൨ ഇഷ്കൎയ്യോത്തല്ലാത്ത യൂദാ അവനോടു പറയുന്നു: കൎത്താ
വേ, നീ ലോകത്തിന്നല്ല ഞങ്ങൾക്കു നിന്നെ തന്നേ വെളി
൨൩ പ്പെടുത്തുവാൻ പോകുന്നതു എന്തുകൊണ്ടാകുന്നു? യേശു
അവനോടു ഉത്തരം ചൊല്ലിയതു: ഒരുത്തൻ എന്നെ സ്നേഹി
ച്ചാൽ അവൻ എൻ്റെ വചനം കാത്തുകൊള്ളും, എൻ്റെ പി
താവു അവനെ സ്നേഹിക്കും, ഞങ്ങൾ അവന്നടുക്കേ വന്നു
൨൪ അവനോടു കൂടേ വസിക്കയും ചെയ്യും. എന്നെ സ്നേഹിക്കാ
ത്തവൻ എൻ്റെ വചനങ്ങളെ കാക്കുന്നില്ല, നിങ്ങൾ കേൾ
ക്കുന്ന വചനമോ എൻേറതല്ല എന്നെ അയച്ച പിതാവി
൨൫ ൻേറതത്രേ. [ഇപ്പോൾ] നിങ്ങളോടു കൂടേ വസിച്ചിരിക്കേ
൨൬ ഞാൻ ഇവ നിങ്ങളോടു സംസാരിച്ചിരിക്കുന്നു. എങ്കിലും പി
താവു എൻ്റെ നാമത്തിൽ അയപ്പാനുള്ള പരിശുദ്ധാത്മാവു
എന്ന ആശ്വാസപ്രദൻ നിങ്ങൾക്കു സകലവും ഉപദേശി
ക്കും, ഞാൻ നിങ്ങളോടു പറഞ്ഞതു ഒക്കേയും ഓൎമ്മപ്പെടുത്തു
കയും ചെയ്യും.
൨൭ സമാധാനം ഞാൻ നിങ്ങൾക്കു തന്നേച്ചു [പോകുന്നു], എ
ൻ്റെ സമാധാനം ഞാൻ നിങ്ങൾക്കു തരുന്നു; ലോകം തരും
പോലേ അല്ല ഞാൻ നിങ്ങൾക്കു തരുന്നതു; നിങ്ങളുടെ ഹൃദ
൨൮ യം കലങ്ങുകയും അഞ്ചുകയും അരുതു. ഞാൻ പോകുന്നു,
പിന്നേ നിങ്ങളുടെ അടുക്കൽ വരുന്നു, എന്നു നിങ്ങളോടു പറ
ഞ്ഞതു കേട്ടുവല്ലോ; നിങ്ങൾ എന്നെ സ്നേഹിക്കുന്നു എങ്കിൽ
ഞാൻ പിതാവിൻ്റെ അരികിലേക്കു പോകുന്നതിനാൽ സ
ന്തോഷിക്കുമായിരുന്നു, എന്തെന്നാൽ പിതാവു എന്നെക്കാൾ
൨൯ വലിയവൻ ആകുന്നു. അതു സംഭവിക്കുമ്പോൾ നിങ്ങൾ
വിശ്വസിപ്പാനായിട്ടു അതു സംഭവിക്കും മുമ്പേ ഇപ്പോഴേ
൩൦ ഞാൻ നിങ്ങളോടു പറഞ്ഞിരിക്കുന്നു. ഞാൻ ഇനി നിങ്ങ
ളോടു വളരേ സംസാരിക്കയില്ല, എന്തെന്നാൽ ഈ ലോകത്തി
൩൧ ൻ്റെ പ്രഭു വരുന്നു, അവന്നു എന്നിൽ ഏതുമില്ല. എങ്കിലും
ഞാൻ പിതാവിനെ സ്നേഹിക്കുന്നു എന്നും പിതാവു എന്നോടു
കല്പിച്ചപ്രകാരം ഞാൻ ചെയ്യുന്നു എന്നും ലോകം അറിയേണ്ട
തിന്നത്രേ; എഴുനീല്പിൻ, നാം ഇവിടേനിന്നു പോക.



## ൧൫. അദ്ധ്യായം.

മുന്തിരിവള്ളിയുടെ ഉപമ. ൯. തൻ്റെ സ്നേഹത്തിലും തമ്മിലുള്ള സ്നേഹത്തിലും നി
ല്പാനും (൧൭. ൧൩, ൪). ലോകദ്വേഷത്തെ സഹിപ്പാനും പ്രബോധനം.

ഞാൻ സത്യമായുള്ള മുന്തിരിവള്ളിയും എൻ്റെ പിതാവു
തോട്ടക്കാരനും ആകുന്നു.[1] എന്നിൽ കായ്ക്കാത്ത കൊമ്പു ഒക്കേ ൨
യും അവൻ ചെത്തിക്കളയുന്നു; കായ്ക്കുന്നതു ഒക്കേയും അധി
കം ഫലം കായ്ക്കേണ്ടതിന്നു ചെത്തി ശുദ്ധമാക്കുന്നു. ഞാൻ ൩
നിങ്ങളോടു സംസാരിച്ചിട്ടുള്ള വചനം മൂലം നിങ്ങൾ ഇപ്പോ
ഴേ ശുദ്ധിയുള്ളവരാകുന്നു. എന്നിൽ വസിപ്പിൻ ഞാനും നിങ്ങ ൪
ളിൽ [വസിക്കും;] കൊമ്പു മുന്തിരിവള്ളിയിൽ വസിച്ചിട്ടല്ലാതേ
തന്നാൽ തന്നേ കായ്പാൻ കഴിയാത്തപ്രകാരം എന്നിൽ വസി
ച്ചിട്ടല്ലാതേ നിങ്ങൾക്കും കഴികയില്ല. ഞാൻ മുന്തിരിവള്ളിയും ൫
നിങ്ങൾ കൊമ്പുകളും ആകുന്നു; ഒരുത്തൻ എന്നിലും ഞാൻ
അവനിലും വസിക്കുന്നു എങ്കിൽ അവൻ വളരേ ഫലം തരും;
എന്തെന്നാൽ എന്നെ കൂടാതേ നിങ്ങൾക്കു ഒന്നും ചെയ്വാൻ
കഴികയില്ല. ആരെങ്കിലും എന്നിൽ വസിക്കാഞ്ഞാൽ അ ൬
വൻ ഒരു കൊമ്പു പോലേ പുറത്തുകളയപ്പെട്ടു ഉണങ്ങിപ്പോ
കും, ആ വക ചേൎത്തു തീയിൽ ഇടുന്നു, അവ വെന്തുപോകയും
ചെയ്യും. നിങ്ങൾ എന്നിലും എൻ്റെ മൊഴികൾ നിങ്ങളിലും ൭
വസിച്ചാൽ നിങ്ങൾ ഇച്ഛിക്കുന്നതു എന്തെങ്കിലും യാചിക്കും,
അതു നിങ്ങൾക്കു ഉണ്ടാകയും ചെയ്യും. നിങ്ങൾ വളരേ ഫലം ൮
കായ്ക്കുന്നതിനാൽ തന്നേ എൻ്റെ പിതാവു മഹത്വപ്പെടുന്നു;
ഇങ്ങിനേ നിങ്ങൾ എൻ്റെ ശിഷ്യർ ആകും.
പിതാവു എന്നെ സ്നേഹിച്ചതു പോലേ ഞാൻ നിങ്ങളെ ൯
സ്നേഹിച്ചു; എൻ്റെ സ്നേഹത്തിൽ വസിപ്പിൻ. എൻ്റെ ൧൦
പിതാവിൻ്റെ കല്പനകളെ ഞാൻ കാത്തുകൊണ്ടു അവൻ്റെ
സ്നേഹത്തിൽ വസിക്കുന്നതു പോലേ നിങ്ങൾ എൻ്റെ കല്പ
നകളെ കാത്തുകൊണ്ടാൽ എൻ്റെ സ്നേഹത്തിൽ വസിക്കും.
എൻ്റെ സന്തോഷം നിങ്ങളിൽ വസിപ്പാനും നിങ്ങളുടെ സ ൧൧
ന്തോഷം നിറവാനും ഞാൻ ഇവ നിങ്ങളോടു സംസാരിച്ചിരി
ക്കുന്നു. നിങ്ങളെ ഞാൻ സ്നേഹിച്ചപ്രകാരം നിങ്ങൾ തമ്മി ൧൨
ലും സ്നേഹിക്കേണം, എന്നതു എൻ്റെ കല്പന ആകുന്നു.
തൻ്റെ സ്നേഹിതന്മാൎക്കു വേണ്ടി തൻ്റെ പ്രാണനെ വെക്കു ൧൩

[1] സങ്കീ. ൮൦, ൯.

൧൪ ന്നതിലും അധികമുള്ള സ്നേഹം ആൎക്കും ഇല്ല. ഞാൻ നിങ്ങ
ളോടു കല്പിക്കുന്നവറ്റെ ചെയ്താൽ നിങ്ങൾ എന്റെ സ്നേഹി
൧൫ തന്മാർ ആകുന്നു. ദാസൻ തന്റെ കൎത്താവു ചെയ്യുന്നതു
അറിയായ്കകൊണ്ടു ഞാൻ നിങ്ങളെ ദാസർ എന്നു ഇനി
വിളിക്കുന്നില്ല; ഞാൻ എന്റെ പിതാവിൽനിന്നു കേട്ടതു എ
ല്ലാം നിങ്ങളോടു അറിയിച്ചതുകൊണ്ടു നിങ്ങളെ സ്നേഹിത
൧൬ ന്മാർ എന്നു വിളിച്ചിരിക്കുന്നു. നിങ്ങൾ എന്നെ തെരിഞ്ഞെ
ടുത്തു എന്നല്ല, ഞാൻ നിങ്ങളെ തെരിഞ്ഞെടുക്കയും നിങ്ങൾ
എന്റെ നാമത്തിൽ പിതാവിനോടു എന്തു യാചിച്ചാലും അ
വൻ നിങ്ങൾക്കു തരുവാനായിട്ടു നിങ്ങൾ പോയി ഫലം തരേ
ണ്ടതിന്നും നിങ്ങളുടെ ഫലം ഇരിക്കേണ്ടതിന്നും ഞാൻ നിങ്ങ
൧൭ ളെ ആക്കി വെക്കയും ചെയ്തിരിക്കുന്നു. നിങ്ങൾ തമ്മിൽ ത
മ്മിൽ സ്നേഹിക്കേണ്ടതിന്നു ഞാൻ ഇവ നിങ്ങളോടു കല്പിക്കുന്നു.
൧൮ ലോകം നിങ്ങളെ പകെക്കുന്നു എങ്കിൽ അതു നിങ്ങൾക്കു മു
൧൯ മ്പേ എന്നെ പകെച്ചിരിക്കുന്നു എന്നു അറിവിൻ. നിങ്ങൾ
ലോകക്കാർ ആയിരുന്നു എങ്കിൽ ലോകം തനിക്കു സ്വന്തമായ
തിനെ പ്രിയപ്പെട്ടമായിരുന്നു; എന്നാൽ നിങ്ങൾ ലോകക്കാരാ
യിരിക്കാതേ ഞാൻ നിങ്ങളെ ലോകത്തിൽനിന്നു തെരിഞ്ഞെടു
൨൦ ത്തതുകൊണ്ടു ലോകം നിങ്ങളെ പകെക്കുന്നു. ദാസൻ ത
ന്റെ കൎത്താവിനെക്കാൾ വലിയവനല്ല, എന്നു ഞാൻ നിങ്ങ
ളോടു പറഞ്ഞ വചനം ഓൎക്കുവിൻ;[1] അവർ എന്നെ പീഡി
പ്പിച്ചു എങ്കിൽ നിങ്ങളെയും പീഡിപ്പിക്കും; എന്റെ വചനം
൨൧ കാത്തു എങ്കിൽ നിങ്ങളുടേതും കാക്കും. എങ്കിലും എന്നെ അയ
ച്ചവനെ അവർ അറിയായ്കകൊണ്ടു എന്റെ നാമം നിമിത്തം
൨൨ ഇവ ഒക്കേയും അവർ നിങ്ങളോടു ചെയ്യും. ഞാൻ വന്നു അ
വരോടു സംസാരിച്ചില്ല എങ്കിൽ അവൎക്കു പാപം ഇല്ലായിരു
ന്നു; ഇപ്പോഴോ തങ്ങളുടെ പാപത്തിന്നു ഒരു ഒഴികഴിവില്ല.
൨൩ എന്നെ പകെക്കുന്നവൻ എന്റെ പിതാവിനെയും പകെക്കു
൨൪ ന്നു. മറ്റാരും ചെയ്തിട്ടില്ലാത്ത ക്രിയകളെ ഞാൻ അവരുടെ
ഇടയിൽ ചെയ്യാതിരുന്നു എങ്കിൽ അവൎക്കു പാപം ഇല്ലായിരു
ന്നു; ഇപ്പോഴോ അവർ കണ്ടിട്ടും എന്നെയും എന്റെ പിതാ
൨൫ വിനെയും പകെച്ചിരിക്കുന്നു. അവർ വെറുതേ എന്നെ പ
കെച്ചു എന്നു അവരുടെ വേദത്തിൽ എഴുതിയിരിക്കുന്ന വച

[1] യോഹ. ൧൩, ൧൬.



നം പൂരിക്കേണ്ടതിന്നു തന്നേ. എങ്കിലും ഞാൻ പിതാവിൻ ൨൬
പക്കൽനിന്നു നിങ്ങൾക്കു അയപ്പാനുള്ള ആശ്വാസപ്രദനാ
യി പിതാവിൽനിന്നു പുറപ്പെടുന്ന സത്യാത്മാവായവൻ വരു
മ്പോൾ അവൻ എനിക്കു സാക്ഷ്യം ചൊല്ലും. നിങ്ങളും ആ ൨൭
ദിമുതൽ എന്നോടു കൂടേ ഇരിക്കകൊണ്ടു സാക്ഷ്യം ചൊല്ലും.

## ൧൬. അദ്ധ്യായം.

൧. താൻ പോയശേഷം ആത്മാവിനാലുള്ള വരവും വ്യാപാരങ്ങളും, ൧൬. തന്റെ മരണാദികളും അറിയിക്കയാൽ, ൨൦. ദുഃഖിതരായിത്തീൎന്ന ശിഷ്യന്മാരെ ഉറപ്പിച്ചതു.

നിങ്ങൾക്കു ഇടൎച്ച വരാതിരിപ്പാൻ ഇവ ഞാൻ നിങ്ങളോടു
ചൊല്ലിയിരിക്കുന്നു. അവർ നിങ്ങളെ പള്ളിഭ്രഷ്ടർ ആക്കും; ൨
അത്രയുമല്ല നിങ്ങളെ കൊല്ലുന്നവൻ എല്ലാം ദൈവത്തിന്നു
ഉപാസന കഴിക്കുന്നു, എന്നു വിചാരിക്കുന്ന നാഴിക വരുന്നു.
അവർ പിതാവിനെയും എന്നെയും അറിയാത്തതിനാൽ ഈ ൩
വക നിങ്ങളോടു ചെയ്യും. എന്നാൽ ആ നാഴിക വരുമ്പോൾ ൪
ഞാൻ നിങ്ങളോടു പറഞ്ഞിട്ടുണ്ടെന്നു നിങ്ങൾ ഓൎക്കേണ്ടതിന്നു
ഇവ ഇപ്പോൾ നിങ്ങളോടു ചൊല്ലിയിരിക്കുന്നു; ആദിയിൽ
ഇവ നിങ്ങളോടു പറയാഞ്ഞതു ഞാൻ നിങ്ങളോടു കൂടേ ഇരി
ക്കകൊണ്ടത്രേ.

ഇപ്പോഴോ എന്നെ അയച്ചവന്റെ അടുക്കലേക്കു ഞാൻ ൫
പോകുന്നു; എവിടേ പോകുന്നു, എന്നു നിങ്ങൾ ആരും എ
ന്നോടു ചോദിക്കുന്നതും ഇല്ല. ഇവ നിങ്ങളോടു ചൊല്ലുകകൊ ൬
ണ്ടു ദുഃഖം നിങ്ങളുടെ ഹൃദയത്തെ നിറെച്ചിരിക്കുന്നു. എന്നാ ൭
ലും ഞാൻ നിങ്ങളോടു സത്യം ചൊല്ലുന്നു; ഞാൻ പോകുന്നതു
നിങ്ങൾക്കു പ്രയോജനം ആകുന്നു; എന്തെന്നാൽ ഞാൻ പോ
കാഞ്ഞാൽ ആശ്വാസപ്രദൻ നിങ്ങളുടെ അടുക്കേ വരികയില്ല;
ഞാൻ പോയാൽ അവനെ നിങ്ങൾക്കു അയക്കും. ആയവൻ ൮
വന്നു പാപത്തെയും നീതിയെയും ന്യായവിധിയെയും കുറിച്ചു
ലോകത്തെ ആക്ഷേപിക്കും. അവർ എന്നിൽ വിശ്വസിക്കാ ൯
യ്കകൊണ്ടു പാപത്തെ കുറിച്ചും, ഞാൻ എന്റെ പിതാവി ൧൦
ന്റെ അടുക്കൽ പോയി നിങ്ങൾ ഇനി എന്നെ കാണാതേ
ഇരിക്കും എന്നതുകൊണ്ടു നീതിയെ കുറിച്ചും, ഇഹലോക ൧൧
ത്തിൻ പ്രഭുവിനെ വിധിച്ചിരിക്കകൊണ്ടു ന്യായവിധിയെ
കുറിച്ചും തന്നേ. ഇനി വളരേ നിങ്ങളോടു പറവാൻ ഉണ്ടു, ൧൨
എന്നാൽ നിങ്ങൾക്കു ഇപ്പോൾ വഹിപ്പാൻ കഴികയില്ല. എ ൧൩

ങ്കിലും സത്യാത്മാവായവൻ വന്ന ശേഷം അവൻ നിങ്ങളെ
സകല സത്യത്തിലും വഴിനടത്തും; എന്തെന്നാൽ അവൻ സ്വ
യമായി പറയാതേ താൻ കേൾക്കുന്നവ ചൊല്ലുകയും വരുവാ
൧൪ നുള്ളവ നിങ്ങൾക്ക അറിയിക്കയും ചെയ്യും. ആയവൻ എനി
ക്കുള്ളതിൽനിന്ന എടുത്ത നിങ്ങൾക്ക അറിയിപ്പതുകൊണ്ട എ
൧൫ ന്നെ മഹത്വപ്പെടുത്തും. പിതാവിനുള്ളവ ഒക്കെയും എനിക്ക
ള്ളവ ആകുന്നു; അതുകൊണ്ടത്രേ അവൻ എനിക്കുള്ളതിൽ
നിന്ന എടുത്ത നിങ്ങൾക്ക അറിയിക്കും എന്ന പറഞ്ഞതു.
൧൬ ഞാൻ പിതാവിന്റെ അടുക്കൽ പോകുന്നതുകൊണ്ട കുറ
ഞ്ഞോന്ന കഴിഞ്ഞിട്ട നിങ്ങൾ എന്നെ കാണുകയില്ല, പിന്നേ
൧൭ യും കുറഞ്ഞോന്ന കഴിഞ്ഞിട്ട നിങ്ങൾ എന്നെ കാണും. എ
ന്നാറേ അവന്റെ ശിഷ്യന്മാരിൽ ചിലർ തമ്മിൽ പറഞ്ഞു:
കുറഞ്ഞോന്ന കഴിഞ്ഞിട്ട നിങ്ങൾ എന്നെ കാണുകയില്ല, പി
ന്നേയും കുറഞ്ഞോന്ന കഴിഞ്ഞിട്ട എന്നെ കാണും എന്നും ഞാൻ
പിതാവിന്റെ അടുക്കലേക്ക പോകുന്നതുകൊണ്ട എന്നും അ
൧൮ വൻ നമ്മോട ചൊല്ലുന്ന ഇതു എന്തു? ആകയാൽ അവർ
പറഞ്ഞു: കുറഞ്ഞോന്ന, എന്ന അവൻ പറയുന്ന ഇതു എ
ന്താകുന്നു? അവൻ എന്തു ചൊല്ലുന്നു എന്ന നാം അറിയുന്നി
൧൯ ല്ല. തന്നോട ചോദിപ്പാൻ മനസ്സുള്ളപ്രകാരം യേശു അറി
ഞ്ഞു അവരോട പറഞ്ഞു: കുറഞ്ഞോന്ന കഴിഞ്ഞിട്ട എന്നെ
കാണുകയില്ല, പിന്നേയും കുറഞ്ഞോന്ന കഴിഞ്ഞിട്ട എന്നെ
കാണും, എന്ന ഞാൻ ചൊല്ലുകയാൽ നിങ്ങൾ തമ്മിൽ തമ്മിൽ
൨൦ വിചാരിക്കുന്നുവോ? ആമെൻ, ആമെൻ, ഞാൻ നിങ്ങളോട
പറയുന്നു, നിങ്ങൾ കരഞ്ഞു വിലാപിക്കും, ലോകമോ സന്തോ
ഷിക്കും; നിങ്ങൾ ദുഃഖിക്കും, എന്നാൽ നിങ്ങളുടെ ദുഃഖം സ
൨൧ ന്തോഷമായി തീരും. സ്ത്രീ പ്രസവിക്കുമ്പോൾ തന്റെ നാ
ഴിക വന്നതുകൊണ്ട അവൾക്ക ദുഃഖം ഉണ്ടു; എന്നാൽ കുഞ്ഞി
നെ പെററ ശേഷം ഒരു മനുഷ്യൻ ലോകത്തിലേക്ക പിറന്നു,
എന്നുള്ള സന്തോഷം നിമിത്തം അവൾ ആ കഷ്ടത്തെ പി
൨൨ ന്നേ ഓർക്കുന്നില്ല. അങ്ങിനേ നിങ്ങൾക്കും ഇപ്പോൾ ദുഃഖം
ഉണ്ടു എങ്കിലും ഞാൻ പിന്നേയും നിങ്ങളെ കാണും, അപ്പോൾ
നിങ്ങളുടെ ഹൃദയം സന്തോഷിക്കും, ആ സന്തോഷം ആരും
൨൩ നിങ്ങളിൽനിന്ന എടുത്തു കളകയില്ല. അന്ന നിങ്ങൾ എ
ന്നോട ഒന്നും ചോദിക്കയുമില്ല. ആമെൻ, ആമെൻ, ഞാൻ



നിങ്ങളോട പറയുന്നു, നിങ്ങൾ എന്റെ നാമത്തിൽ പിതാവി
നോട എന്തെല്ലാം യാചിച്ചാലും അവൻ നിങ്ങൾക്ക തരും.
ഇന്നേവരേ നിങ്ങൾ എന്റെ നാമത്തിൽ ഒന്നും യാചിച്ചി ൨൪
ട്ടില്ല; യാചിപ്പിൻ, എന്നാൽ നിങ്ങളുടെ സന്തോഷം നിറവാ
കുംവണ്ണം നിങ്ങൾക്ക ലഭിക്കും.
ഇവ നിങ്ങളോട സദൃശങ്ങളായി ചൊല്ലിയിരിക്കുന്നു എങ്കി ൨൫
ലും ഞാൻ ഇനി നിങ്ങളോട സദൃശങ്ങളായിട്ട ചൊല്ലാതേ പി
താവിനെ സംബന്ധിച്ച നിങ്ങൾക്ക സ്പഷ്ടമായി അറിയിക്കും
നാഴിക വരുന്നു. അന്ന നിങ്ങൾ എന്റെ നാമത്തിൽ യാചി ൨൬
ക്കും ഞാൻ നിങ്ങൾക്ക വേണ്ടി പിതാവിനോട ചോദിക്കും എ
ന്ന ഞാൻ നിങ്ങളോട പറയുന്നതുമില്ല. എന്തെന്നാൽ നി ൨൭
ങ്ങൾ എന്നെ പ്രിയപ്പെട്ട ഞാൻ ദൈവത്തിൻ പക്കൽനിന്ന
പുറപ്പെട്ട വന്നു എന്ന വിശ്വസിച്ചിരിക്കകൊണ്ട പിതാവു താ
നും നിങ്ങളെ പ്രിയപ്പെടുന്നു. ഞാൻ പിതാവിൻ പക്കൽനിന്ന ൨൮
പുറപ്പെട്ട ലോകത്തിൽ വന്നിരിക്കുന്നു, പിന്നേയും ലോകത്തെ
വിട്ട പിതാവിന്റെ അടുക്കലേക്ക പോകുന്നു. എന്നാറേ അ ൨൯
വന്റെ ശിഷ്യന്മാർ: ഇതാ, ഇപ്പോൾ നീ സദൃശം ഒന്നും ചൊ
ല്ലാതേ സ്പഷ്ടമായി പറയുന്നു. നീ സകലവും അറിയുന്നു ൩൦
എന്നും ആരും നിന്നോട ചോദിപ്പാൻ നിനക്ക ആവശ്യം ഇ
ല്ല എന്നും ഞങ്ങൾ ഇപ്പോൾ അറിയുന്നു. ഇതിനാൽ നീ
ദൈവത്തിൽനിന്ന പുറപ്പെട്ട വന്നു എന്ന ഞങ്ങൾ വിശ്വ
സിക്കുന്നു, എന്ന അവനോട പറയുന്നു. യേശു അവരോട ൩൧
ഉത്തരം ചൊല്ലിയതു: ഇപ്പോൾ നിങ്ങൾ വിശ്വസിക്കുന്നു.
കണ്ടാലും നിങ്ങൾ ഓരോരുത്തൻ അവനവന്റെ സ്വന്ത ൩൨
ത്തിലേക്ക ചിതറിപ്പോയി എന്നെ ഏകനായി വിടുന്ന നാഴിക
വരുന്നു, വന്നും ഇരിക്കുന്നു; പിതാവു എന്നോട കൂടേ ഇരിക്ക
കൊണ്ട ഞാൻ ഏകനല്ല താനും. നിങ്ങൾക്ക എന്നിൽ സ ൩൩
മാധാനം ഉണ്ടാകേണ്ടതിന്ന ഇവ നിങ്ങളോട ചൊല്ലിയിരിക്കു
ന്നു; ലോകത്തിൽ നിങ്ങൾക്ക ഉപദ്രവം ഉണ്ടാകും, എങ്കിലും
ധൈര്യപ്പെടുവിൻ, ഞാൻ ലോകത്തെ ജയിച്ചിരിക്കുന്നു.

## ൧൭. അദ്ധ്യായം.

യേശു തനിക്കും, ൯. ശിഷ്യന്മാർക്കും, ൨൦. വിശ്വാസികൾക്കും വേണ്ടി പ്രാർത്ഥിച്ചതു.

ഇവ യേശു ചൊല്ലീട്ട തന്റെ കണ്ണുകളെ വാനത്തിലേക്ക
ഉയർത്തി പറഞ്ഞു: പിതാവേ, നാഴിക വന്നിരിക്കുന്നു; നിന്റെ

പുത്രൻ നിന്നെ മഹത്വപ്പെടുത്തേണ്ടതിന്നു നീ നിന്റെ പു
൨ ത്രനെ മഹത്വപ്പെടുത്തേണമേ. നീ അവന്നു കൊടുത്തിട്ടുള്ള
വൎക്ക എല്ലാവൎക്കും അവൻ നിത്യജീവനെ കൊടുക്കേണ്ടതിന്നു
നീ സകല ജഡത്തിന്മേലും അവന്നു അധികാരം നല്കിയപ്ര
൩ കാരം തന്നേ. നിത്യജീവൻ എന്നതു സത്യമായുള്ള ഏകദൈ
വമാകുന്ന നിന്നെയും നീ അയച്ച യേശുക്രിസ്തുവിനെയും
൪ അറിയുന്നതു തന്നേ ആകുന്നു. ഞാൻ ഭൂമിയിൽ നിന്നെ മ
ഹത്വപ്പെടുത്തി, എനിക്ക ചെയ്വാൻ തന്നിട്ടുള്ള വേലയെ തി
൫ കെച്ചു. ഇപ്പോൾ പിതാവേ, ലോകം ഉണ്ടാകും മുമ്പേ എനി
ക്ക നിന്നോടു കൂടേ ഉണ്ടായിരുന്ന മഹത്വംകൊണ്ടു എന്നെ
൬ നിന്നോടു കൂടേ മഹത്വപ്പെടുത്തേണമേ. നീ ലോകത്തിൽനി
ന്നു എനിക്ക തന്നിട്ടുള്ള മനുഷ്യൎക്ക ഞാൻ നിന്റെ നാമം പ്ര
ത്യക്ഷമാക്കി; അവർ നിനക്കുള്ളവർ ആയിരുന്നു, നീ അവരെ
എനിക്ക തന്നു; നിന്റെ വചനത്തെ അവർ കാത്തും ഇരിക്കു
൭ ന്നു. നീ എനിക്ക തന്നതു എല്ലാം നിന്റെ പക്കൽനിന്നു ആ
൮ കുന്നു എന്നു അവർ ഇപ്പോൾ ബോധിച്ചിരിക്കുന്നു. എന്തെ
ന്നാൽ നീ എനിക്ക തന്ന മൊഴികളെ ഞാൻ അവൎക്ക കൊടു
ത്തു, അവർ അവററെ കൈക്കൊണ്ടു ഞാൻ നിന്റെ പക്കൽ
നിന്നു പുറപ്പെട്ടു എന്നു സത്യമായി അറിഞ്ഞും നീ എന്നെ
അയച്ചു എന്നു വിശ്വസിച്ചുമിരിക്കുന്നു.
൯ അവൎക്ക വേണ്ടി ഞാൻ അപേക്ഷിക്കുന്നു, ലോകത്തിന്നു
വേണ്ടി അല്ല, നീ എനിക്ക തന്നിട്ടുള്ളവർ നിനക്കുള്ളവർ ആ
കകൊണ്ടു അവൎക്ക വേണ്ടിയത്രേ ഞാൻ അപേക്ഷിക്കുന്നതു.
൧൦ എന്റേതു എല്ലാം നിന്റേതും നിന്റേതു എന്റേതും ആകു
൧൧ ന്നു, ഞാൻ അവററിൽ മഹത്വപ്പെട്ടുമിരിക്കുന്നു. ഇനി ഞാൻ
ലോകത്തിൽ ഇരിക്കുന്നില്ല, ഇവരോ ലോകത്തിൽ ഇരിക്കുന്നു;
ഞാൻ നിന്റെ അടുക്കൽ വരുന്നു; പരിശുദ്ധ പിതാവേ, നീ
എനിക്ക തന്നിരിക്കുന്നവർ നമ്മെപ്പോലേ ഒന്നാകേണ്ടതിന്നു
൧൨ അവരെ നിന്റെ നാമത്തിൽ കാത്തുകൊള്ളേണമേ. ഞാൻ
ലോകത്തിൽ അവരോടു കൂടേ ഇരുന്നപ്പോൾ അവരെ നിന്റെ
നാമത്താൽ കാത്തുകൊണ്ടിരുന്നു; നീ എനിക്ക തന്നവരെ
ഞാൻ സൂക്ഷിച്ചു, തിരുവെഴുത്തിന്നു നിവൃത്തി വരേണ്ടതിന്നു
നാശപുത്രൻ ഒഴികേ അവരിൽ ഒരുത്തനും നശിച്ചുപോയതും
൧൩ ഇല്ല. ഇപ്പോഴോ ഞാൻ നിന്റെ അടുക്കേ വരുന്നു: എ



ന്റെ സന്തോഷം അവൎക്ക ഉള്ളിൽ നിറവായി കിട്ടേണ്ടതിന്നു
ഇവ ലോകത്തിൽ വെച്ചു പറകയും ചെയ്യുന്നു. നിന്റെ വ ൧൪
ചനത്തെ ഞാൻ അവൎക്ക കൊടുത്തിരിക്കുന്നു; ഞാൻ ലോക
ത്തിൽനിന്നു അല്ലാത്തതു പോലേ അവരും ലോകക്കാർ അല്ലാ
യ്കകൊണ്ടു ലോകം അവരെ പകെച്ചു. അവരെ ലോകത്തി ൧൫
ൽനിന്നു എടുക്കേണം എന്നല്ല, ദോഷത്തിൽനിന്നു അവരെ
കാത്തുകൊള്ളേണം എന്നത്രേ അപേക്ഷിക്കുന്നു. ഞാൻ ലോ ൧൬
കത്തിൽനിന്നു അല്ലാത്തതു പോലേ അവരും ലോകത്തിൽനി
ന്നുള്ളവർ അല്ല. നിന്റെ സത്യത്താൽ അവരെ വിശുദ്ധീ ൧൭
കരിക്കേണമേ, നിന്റെ വചനം തന്നേ സത്യം. നീ എന്നെ ൧൮
ലോകത്തിലേക്ക അയച്ചപ്രകാരം ഞാൻ അവരെയും ലോക
ത്തിലേക്ക അയച്ചു. അവരും സത്യത്തിൽ വിശുദ്ധീകരിക്ക ൧൯
പ്പെട്ടവർ ആകേണ്ടതിന്നു അവൎക്ക വേണ്ടി എന്നെ തന്നേ
ഞാൻ വിശുദ്ധീകരിക്കുന്നു.
എന്നാൽ ഞാൻ ഇവൎക്ക വേണ്ടി മാത്രമല്ല ഇവരുടെ വച ൨൦
നത്താൽ എന്നിൽ വിശ്വസിപ്പാൻ ഇരിക്കുന്നവൎക്ക വേണ്ടി
യും അപേക്ഷിക്കുന്നു. അവർ എല്ലാവരും ഒന്നാകേണ്ടതി ൨൧
ന്നും നീ എന്നെ അയച്ചു, എന്നു ലോകം വിശ്വസിപ്പാനായിട്ടു
പിതാവേ, നീ എന്നിലും ഞാൻ നിന്നിലും ആകുന്നതു പോ
ലേ അവരും നമ്മിൽ ഒന്നാകേണ്ടതിന്നും തന്നേ. പിന്നേ ൨൨
നീ എനിക്ക തന്നിട്ടുള്ള മഹത്വത്തെ, നാം ഒന്നായിരിക്കുന്ന
പ്രകാരം അവരും ഒന്നാകുവാനായി, ഞാൻ അവൎക്ക കൊടുത്തി
രിക്കുന്നു. ഞാൻ അവരിലും നീ എന്നിലുമായി, അവർ ഒന്നി ൨൩
ലേക്ക തികഞ്ഞവരായിരിപ്പാനും നീ എന്നെ അയച്ചു എന്നും
നീ എന്നെ സ്നേഹിച്ചപ്രകാരം അവരെയും സ്നേഹിച്ചു എന്നും
ലോകം അറിവാനും തന്നേ. പിതാവേ, നീ ലോകസ്ഥാപന ൨൪
ത്തിന്നു മുമ്പേ എന്നെ സ്നേഹിക്കകൊണ്ടു എനിക്ക നല്കിയ
എന്റെ മഹത്വത്തെ നീ എനിക്ക തന്നിട്ടുള്ളവർ കാണേണ്ട
തിന്നു ഞാൻ ഇരിക്കുന്ന ഇടത്തു ആയവരും എന്നോടു കൂടേ
ഇരിക്കേണം, എന്നു ഞാൻ ഇച്ഛിക്കുന്നു. നീതിയുള്ള പിതാ ൨൫
വേ, ലോകം നിന്നെ അറിഞ്ഞിട്ടില്ല, ഞാനോ നിന്നെ അറി
ഞ്ഞിരിക്കുന്നു; നീ എന്നെ അയച്ചു എന്നും ഇവരും അറിഞ്ഞി
രിക്കുന്നു. നീ എന്നെ സ്നേഹിച്ച സ്നേഹം അവരിൽ ആവാ ൨൬
നും ഞാൻ അവരിൽ [ആവാനും] നിന്റെ നാമത്തെ ഞാൻ
അവൎക്ക അറിയിച്ചു; ഇനി അറിയിക്കയും ചെയ്യും.

## ൧൮. അദ്ധ്യായം.

യൂദാവിൻ ദ്രോഹവും പത്രൊസിന്റെ വെട്ടും. ൧൨. അന്നാസും കയ്യഫാവും വിസ്തരിക്കുംനേരം പത്രൊസിന്റെ വീഴ്ച (മത്ത. ൨൬. മാ. ൧൪. ലൂ. ൨൨). ൨൮. പിലാത്തൊസിനോടുള്ള സംഭാഷണം (ലൂ. ൨൩, ൪).

യേശു ഇവ പറഞ്ഞ ശേഷം തന്റെ ശിഷ്യന്മാരോടു കൂടേ
കെദ്രോൻ തോട്ടിന്നു അക്കരെക്കു പുറപ്പെട്ടു; അവിടേ ഒരു
തോട്ടം ഉണ്ടായിരുന്നു; അതിൽ അവനും അവന്റെ ശിഷ്യന്മാ
൨ രും പ്രവേശിച്ചു. അവിടേ യേശു പലപ്പോഴും തന്റെ ശി
ഷ്യരോടു കൂടേ പോയിരുന്നതിനാൽ ആ സ്ഥലം അവനെ കാ
൩ ണിച്ചുകൊടുത്ത യൂദാവും അറിഞ്ഞിരുന്നു. എന്നാറേ യൂദാ
പട്ടാളത്തെയും മഹാപുരോഹിതൎക്കും പറീശൎക്കും ഉള്ള സേവക
രെയും കൂട്ടിക്കൊണ്ടു ദീപട്ടി പന്തങ്ങളോടും ആയുധങ്ങളോടും
൪ കൂടേ അവിടേ വരുന്നു. തന്റെ മേൽ വരുവാനുള്ളവ എല്ലാം
യേശു അറിഞ്ഞിട്ടു പുറത്തു വന്നു: നിങ്ങൾ ആരെ തിരയുന്നു?
൫ എന്നു അവരോടു പറഞ്ഞു. നസറായക്കാരനായ യേശുവി
നെ എന്നു അവർ ഉത്തരം ചൊല്ലിയാറേ: അതു ഞാൻ ആ
കുന്നു, എന്നു യേശു പറയുന്നു; അവനെ കാണിച്ചുകൊടുത്ത
൬ യൂദാവും അവരോടു കൂടേ നിന്നിരുന്നു. ഞാൻ ആകുന്നു,
എന്നു അവരോടു പറഞ്ഞ ഉടനേ അവർ പിൻവാങ്ങി നില
൭ ത്തു വീണു. നിങ്ങൾ ആരെ തിരയുന്നു? എന്നു അവൻ പി
ന്നേയും അവരോടു ചോദിച്ചു; അതിന്നു അവർ: നസറായക്കാ
൮ രനായ യേശുവിനെ, എന്നു പറഞ്ഞു. അപ്പോൾ യേശു ഉ
ത്തരം ചൊല്ലിയതു: ഞാൻ ആകുന്നു എന്നു നിങ്ങളോടു പറ
ഞ്ഞുവല്ലോ; ആകയാൽ എന്നെ തിരയുന്നു എങ്കിൽ ഇവരെ
൯ പോകുവാൻ വിടുവിൻ. എന്നതിനാൽ നീ എനിക്കു തന്നവ
രിൽ ഒരുത്തനെയും ഞാൻ നഷ്ടമാക്കീട്ടില്ല, എന്നു അവൻ
൧൦ ചൊല്ലിയ വചനം നിവൃത്തിയായി.[1] പിന്നേ ശിമോൻ പ
ത്രൊസ് തനിക്കുള്ള വാൾ ഊരി മഹാപുരോഹിതന്റെ ദാസ
നെ വെട്ടി അവന്റെ വലത്തു കാതു അറുത്തുകളഞ്ഞു; ആ ദാ
൧൧ സന്റെ പേർ മല്ക്കൻ എന്നു ആയിരുന്നു. എന്നാറേ യേശു
പത്രൊസിനോടു: നിന്റെ വാൾ ഉറയിൽ ഇടുക; പിതാവു എ
നിക്കു തന്ന പാനപാത്രത്തെ ഞാൻ കുടിക്കേണ്ടയോ? എന്നു
പറഞ്ഞു.

1) യോഹ. ൧൭, ൧൨.



പട്ടാളവും സഹസ്രാധിപനും യഹൂദരുടെ സേവകരും യേ ൧൨
ശുവെ പിടിച്ചു കെട്ടി, മുമ്പേ അന്നാസിന്റെ അടുക്കൽ കൊ ൧൩
ണ്ടുപോയി; എന്തെന്നാൽ അവൻ ആ വൎഷത്തേ മഹാപു
രോഹിതനായ കയ്യഫാവിന്റെ അമ്മായപ്പൻ ആയിരുന്നു.
കയ്യഫാ എന്നവനോ, ജനത്തിന്നു വേണ്ടി ഒരു മനുഷ്യൻ ന ൧൪
ശിച്ചുപോകുന്നതു ഉപകാരം എന്നു യഹൂദരോടു ആലോചിച്ചു
പറഞ്ഞവൻ തന്നേ.[1] ശിമോൻ പത്രൊസും മറേറ ശിഷ്യ ൧൫
നും യേശുവിന്റെ പിന്നാലേ ചെന്നു; ആ ശിഷ്യൻ മഹാപു
രോഹിതന്നു പരിചയമുള്ളവൻ ആകയാൽ യേശുവിനോടു
കൂടേ മഹാപുരോഹിതന്റെ നടുമുററത്തു കടന്നു. പത്രൊസ് ൧൬
വാതില്ക്കൽ പുറത്തു നില്ക്കുമ്പോൾ മഹാപുരോഹിതന്നു പരിച
യമുള്ള മറേറ ശിഷ്യൻ പുറത്തു വന്നു വാതില്ക്കാവല്ക്കാരത്തി
യോടു പറഞ്ഞു പത്രൊസിനെ അകത്തു കയററി. എന്നാറേ ൧൭
വാതിൽ കാക്കുന്ന ബാല്യക്കാരത്തി പത്രൊസിനോടു: നീയും
ഈ മനുഷ്യന്റെ ശിഷ്യന്മാരിൽ ഒരുവനല്ലയോ? എന്നു പ
റയുന്നു. അല്ല, എന്നു അവൻ പറയുന്നു. അന്നു കുളിർ ൧൮
ആകകൊണ്ടു ദാസരും സേവകരും കനൽ കൂട്ടി തീ കാഞ്ഞു
കൊണ്ടു നിന്നു; പത്രൊസും അവരോടു കൂടേ തീ കാഞ്ഞുകൊ
ണ്ടു നിന്നു. എന്നാറേ മഹാപുരോഹിതൻ യേശുവിനോടു ൧൯
അവന്റെ ശിഷ്യന്മാരെയും ഉപദേശത്തെയും കുറിച്ചു ചോദി
ച്ചു. അപ്പോൾ യേശു ഉത്തരം ചൊല്ലിയതു: ഞാൻ ലോക ൨൦
ത്തോടു പരസ്യത്തിൽ പറഞ്ഞിരിക്കുന്നു, പള്ളിയിലും എല്ലാ
യഹൂദന്മാരും കൂടുന്ന ദൈവാലയത്തിലും ഞാൻ എപ്പോഴും ഉ
പദേശിച്ചു, രഹസ്യത്തിൽ ഒന്നും സംസാരിച്ചിട്ടും ഇല്ല. നീ ൨൧
എന്നോടു ചോദിക്കുന്നതു എന്തുകൊണ്ടു? ഞാൻ എന്തു ചൊ
ല്ലിയിരിക്കുന്നു, എന്നു കേട്ടവരോടു ചോദിക്ക; കണ്ടാലും ഞാൻ
പറഞ്ഞതു അവർ അറിയുന്നു. അവൻ ഇങ്ങിനേ പറയു ൨൨
മ്പോൾ സേവകരിൽ അരികേ നിന്ന ഒരുത്തൻ: മഹാപുരോ
ഹിതനോടു ഇങ്ങിനേയോ ഉത്തരം ചൊല്ലുന്നതു? എന്നു പറ
ഞ്ഞു, യേശുവിന്റെ കന്നത്തു ഒർ അടി കൊടുത്തു. യേശു ൨൩
അവനോടു: ഞാൻ ദോഷമായി സംസാരിച്ചു എങ്കിൽ ദോഷ
ത്തിന്നു തെളിവു കൊടുക്ക, നല്ലവണ്ണം എങ്കിൽ നീ എന്നെ
തല്ലുന്നതു എന്തു? എന്നു ഉത്തരം പറഞ്ഞു. അന്നാസ് അ ൨൪

1) യോഹ. ൧൧, ൫൦.

വനെ കെട്ടപ്പെട്ടവനായി മഹാപുരോഹിതനായ കയ്യഫാവി
൨൫ ന്റെ അടുക്കൽ അയച്ചു. ശിമോൻ പത്രൊസ് തീ കാഞ്ഞു
നില്ക്കുമ്പോൾ: നീയും അവന്റെ ശിഷ്യരിൽ ഒരുത്തനല്ലയോ?
എന്നു ചിലർ അവനോടു പറഞ്ഞു. അല്ല, എന്നു അവൻ
൨൬ മറുത്തു പറഞ്ഞു. മഹാപുരോഹിതന്റെ ദാസരിൽ വെച്ചു
പത്രൊസ് കാതറുത്തവന്റെ ചാച്ചക്കാരനായ ഒരുത്തൻ:
നിന്നെ അവനോടു കൂടേ തോട്ടത്തിൽ ഞാൻ കണ്ടില്ലയോ?
൨൭ എന്നു പറയുന്നു. പത്രൊസ് പിന്നേയും മറുത്തു പറഞ്ഞു,
ഉടനേ പൂവങ്കോഴി കൂകി.
൨൮ പിന്നേ പുലച്ചെക്ക അവർ യേശുവിനെ കയ്യഫാവിന്റെ
അടുക്കൽനിന്നു ആസ്ഥാനത്തിലേക്ക കൊണ്ടുപോയി; തങ്ങൾ
മലിനപ്പെടാതേ പെസഹാ ഭക്ഷിപ്പാന്തക്കവണ്ണം ആസ്ഥാന
൨൯ ത്തിൽ പ്രവേശിക്കാതേ നിന്നു. അതുകൊണ്ടു പിലാത്തൊ
സ് അവരുടെ അടുക്കേ പുറത്തു വന്നു: ഈ മനുഷ്യന്റെ
൩൦ നേരേ എന്തു കുറ്റം ബോധിപ്പിക്കുന്നു? എന്നു ചോദിച്ചു. ഇ
വൻ പാതകൻ അല്ലാഞ്ഞു എങ്കിൽ, അവനെ നിന്റെ പ
ക്കൽ ഏല്പിക്കയില്ലായിരുന്നു, എന്നു അവർ അവനോടു ഉത്ത
൩൧ രം പറഞ്ഞു. പിലാത്തൊസ് അവരോടു: നിങ്ങൾ അവനെ
കൊണ്ടുപോയി നിങ്ങളുടെ ന്യായപ്രമാണപ്രകാരം വിധിപ്പിൻ
എന്നു പറഞ്ഞാറേ, യഹൂദർ അവനോടു: ആരെയും കൊല്ലു
൩൨ ന്നതു ഞങ്ങൾക്ക വിഹിതമല്ലല്ലോ എന്നു പറഞ്ഞു. ഇങ്ങി
നേ താൻ ഇന്ന മരണം മരിക്കും എന്നു യേശു[1] സൂചിപ്പിച്ച
൩൩ വചനം നിവൃത്തി ആകുവാൻ സംഗതി വന്നു. ആകയാൽ
പിലാത്തൊസ് പിന്നേയും ആസ്ഥാനത്തിൽ പ്രവേശിച്ചു
യേശുവിനെ വിളിച്ചു: നീ യഹൂദരുടെ രാജാവോ? എന്നു ചോ
൩൪ ദിച്ചു. എന്നാറേ യേശു ഉത്തരം ചൊല്ലിയതു: ഇതു നീ സ്വ
യമായി പറയുന്നതോ? മറ്റുള്ളവർ എന്നെക്കൊണ്ടു നിന്നോടു
൩൫ ബോധിപ്പിച്ചിട്ടോ? പിലാത്തൊസ് ഉത്തരമായി: ഞാൻ യ
ഹൂദനോ? നിന്റെ ജനവും മഹാപുരോഹിതരും നിന്നെ എ
ന്റെ പക്കൽ ഏല്പിച്ചു; നീ എന്തു ചെയ്തു? എന്നു പറഞ്ഞു.
൩൬ അപ്പോൾ യേശു ഉത്തരം ചൊല്ലിയതു: എന്റെ രാജ്യം ഈ
ലോകത്തിൽനിന്നുള്ളതല്ല; എന്റെ രാജ്യം ഈ ലോകത്തിൽ
നിന്നു ആയിരുന്നു എങ്കിൽ ഞാൻ യഹൂദരുടെ കയ്യിൽ ഏല്പി

[1] യോഹ. ൩, ൧൪; ൧൨, ൩൨.



ക്കപ്പെടാതവണ്ണം എന്റെ സേവകർ പോരാട്ടമായിരുന്നു, എ
ന്നാൽ ഇപ്പോൾ എന്റെ രാജ്യം ഇവിടേ നിന്നല്ല സ്പഷ്ടം.
ആകയാൽ പിലാത്തൊസ് അവനോടു: എന്നാൽ നീ ഒരു ൩൭
രാജാവോ? എന്നു പറഞ്ഞാറേ യേശു ഉത്തരം ചൊല്ലിയതു:
ഞാൻ രാജാവാകുന്നു എന്നു നീ പറയുന്നുവല്ലോ; സത്യത്തി
ന്നു സാക്ഷി നില്ക്കേണ്ടതിന്നു ഞാൻ ജനിച്ചിരിക്കുന്നു, ഇതി
ന്നായി ലോകത്തിൽ വന്നും ഇരിക്കുന്നു; സത്യത്തിൽനിന്നു ഉള്ള
വൻ എല്ലാം എന്റെ ശബ്ദം കേൾക്കുന്നു. പിലാത്തൊസ് ൩൮
അവനോടു: സത്യം എന്താകുന്നു? എന്നു പറഞ്ഞും വെച്ചു പി
ന്നേയും യഹൂദരുടെ അടുക്കേ പുറത്തു ചെന്നു അവരോടു പ
റഞ്ഞു: അവനിൽ ഞാൻ ഒരു കുറ്റവും കാണുന്നില്ല. എ ൩൯
ന്നാൽ പെസഹായിൽ ഞാൻ നിങ്ങൾക്ക ഒരുത്തനെ വിട്ടു
തരിക മര്യാദ ഉണ്ടല്ലോ, അതുകൊണ്ടു യഹൂദരാജാവിനെ
ഞാൻ നിങ്ങൾക്ക വിട്ടു തരേണം, എന്നു ഇച്ഛിക്കുന്നുവോ?
എന്നാറേ അവർ എല്ലാവരും പിന്നേയും നിലവിളിച്ചു: ഇവ ൪൦
നെ അല്ല ബറബ്ബാസിനെ തന്നേ, എന്നു പറഞ്ഞു; എന്നാൽ
ബറബ്ബാസ് ഒരു കവച്ചക്കാരൻ ആയിരുന്നു.

## ൧൯. അദ്ധ്യായം.

യേശുവിനെ അടിച്ചു കലെക്ക വിധിച്ചതും, ൧൭. കുരിശിച്ചതും. ൩൮. വിലാപ്പുറത്തേ കല്ലും ശവസംസ്കാരവും (മത്ത. ൨൭. മാ. ൧൫. ലൂ. ൨൩).

അപ്പോൾ പിലാത്തൊസ് യേശുവിനെ പിടിച്ചു വാറു
കൊണ്ടു അടിപ്പിച്ചു. പടയാളികൾ മുള്ളുകൾകൊണ്ടു ഒരു മു ൨
കിരീടം മെടഞ്ഞു അവന്റെ തലയിൽ വെച്ചു ധൂമ്രവൎണ്ണമുള്ള
പുതെപ്പും ധരിപ്പിച്ചു. യഹൂദരുടെ രാജാവേ, വാഴുക, എന്നു ൩
പറഞ്ഞു അവനെ കന്നത്തടിച്ചു. പിലാത്തൊസ് പിന്നേ ൪
യും പുറത്തു വന്നു: ഞാൻ അവനിൽ ഒരു കുറ്റവും കാണു
ന്നില്ല എന്നു നിങ്ങൾ അറിയേണ്ടതിന്നു അവനെ നിങ്ങളു
ടെ അടുക്കൽ ഇതാ പുറത്തു കൊണ്ടു വരുന്നു, എന്നു അവരോടു
പറഞ്ഞു. എന്നാറേ യേശു മുൾക്കിരീടവും ധൂമ്രവൎണ്ണ പുതെ ൫
പ്പും ധരിച്ചു പുറത്തു വന്നു. അപ്പോൾ: ആ മനുഷ്യൻ ഇതാ,
എന്നു അവൻ അവരോടു പറയുന്നു. എന്നാറേ മഹാപുരോ ൬
ഹിതരും സേവകരും അവനെ കണ്ടപ്പോൾ: കുരിശിക്ക, അ
വനെ കുരിശിക്ക, എന്നു ആൎത്തു വിളിച്ചു. പിലാത്തൊസ്
അവരോടു: നിങ്ങൾ അവനെ കൊണ്ടുപോയി കുരിശിപ്പിൻ;

ഞാനോ കുററം അവനിൽ കാണുന്നില്ല, എന്ന പറയുന്നു.
൭ യഹൂദർ അവനോട്ട ഉത്തരം ചൊല്ലിയതു: ഞങ്ങൾക്ക ഒരു
ന്യായപ്രമാണം ഉണ്ടു; അവൻ തന്നെത്താൻ ദൈവപുത്രൻ
ആക്കിയതുകൊണ്ടു ഞങ്ങളുടെ ന്യായപ്രമാണപ്രകാരം അ
൮ വൻ മരിക്കേണ്ടതാകുന്നു. ഈ വാക്ക പിലാത്തൊസ് കേട്ട
൯ പ്പോൾ ഏററവും ഭയപ്പെട്ടു. പിന്നേയും ആസ്ഥാനത്തിൽ
ചെന്നു: നീ എവിടേനിന്ന ആകുന്നു? എന്ന യേശുവിനോട്ട
൧൦ പറയുന്നു. യേശു അവന്ന ഉത്തരം കൊടുത്തില്ല. പിലാ
ത്തൊസ് അവനോട്ട പറയുന്നു: നീ എന്നോട്ട സംസാരിക്കു
ന്നില്ലയോ? എനിക്ക നിന്നെ കുരിശിപ്പാൻ അധികാരമുണ്ടെ
ന്നും നിന്നെ വിട്ടയപ്പാൻ അധികാരമുണ്ടെന്നും നീ അറിയു
൧൧ ന്നില്ലയോ? യേശു ഉത്തരം ചൊല്ലിയതു: മേലിൽനിന്ന നി
നക്ക തരപ്പെട്ടില്ല എങ്കിൽ എന്റെ നേരേ നിനക്ക ഒർ അ
ധികാരവും ഇല്ല; ആയതുകൊണ്ടു എന്നെ നിന്റെ പക്കൽ
൧൨ ഏല്പിച്ചവന്ന അധികം പാപം ഉണ്ടു. എന്നതു നിമിത്തം
പിലാത്തൊസ് അവനെ വിട്ടയപ്പാൻ അന്വേഷിച്ചു; യഹൂ
ദരോ: നീ ഇവനെ വിട്ടയച്ചാൽ കൈസരുടെ സ്നേഹിതൻ
അല്ല; തന്നെത്താൻ രാജാവാക്കുന്നവൻ എല്ലാം കൈസരോട്ട
൧൩ മറുക്കുന്നവല്ലോ, എന്ന ആർത്തു പറഞ്ഞു. ആകയാൽ ഈ
വചനം പിലാത്തൊസ് കേട്ടു യേശുവിനെ പുറത്തു കൊണ്ടു
വന്നു, എബ്രായ ഭാഷയിൽ ഗബ്ബഥ എന്ന ചൊല്ലുന്ന കല്ത്തള
൧൪ മാകുന്ന സ്ഥലത്തു ന്യായാസനത്തിൽ ഇരുന്നു. അപ്പോൾ
പെസഹായുടെ ഒരുക്കനാളും ഏകദേശം ആറു മണിനേരവും
ആയിരുന്നു. അവൻ യഹൂദരോട്ടു: ഇതാ നിങ്ങളുടെ രാജാവു,
൧൫ എന്ന പറയുന്നു. അതിന്ന അവർ: നീക്കിക്കളക, അവനെ
നീക്കിക്കളക, കുരിശിക്ക, എന്ന ആർത്തു വിളിച്ചു. നിങ്ങളുടെ
രാജാവിനെ ഞാൻ കുരിശിക്കയോ? എന്ന പിലാത്തൊസ് അ
വരോട്ട പറയുന്നു; മഹാപുരോഹിതന്മാർ: ഞങ്ങൾക്ക കൈ
സർ ഒഴികേ രാജാവില്ല, എന്ന ഉത്തരം പറഞ്ഞു.
൧൬ അപ്പോൾ അവനെ കുരിശിക്കേണ്ടതിന്ന അവൎക്ക ഏല്പി
ച്ചു കൊടുത്തു. ആയവർ യേശുവിനെ കയ്യേററു കൊണ്ടുപോ
൧൭ കയും ചെയ്തു. അവൻ തന്റെ കുരിശിനെ ചുമന്നുകൊണ്ടു
എബ്രായഭാഷയിൽ ഗൊല്ഗൊഥാ എന്ന ചൊല്ലുന്ന തലയോ
൧൮ ടിടം എന്ന സ്ഥലത്തേക്ക പുറപ്പെട്ടു പോയി. അവിടേ അ



വനെയും അവനോട്ട കൂടേ വേറേ രണ്ടു ആളുകളെയും [ഒരു
ത്തനെ] അപ്പുറത്തും [ഒരുത്തനെ] ഇപ്പുറത്തും യേശുവിനെ
നടുവിലുമായി കുരിശിച്ചു. വിശേഷിച്ചും പിലാത്തൊസ് ഒരു ൧൯
സൂചകം എഴുതി കുരിശിന്മേൽ പതിപ്പിച്ചു; അതിൽ: നസറാ
യക്കാരനായ യേശു യഹൂദരുടെ രാജാവു, എന്ന ഇങ്ങിനേ
എഴുതിയിരുന്നു. യേശുവിനെ കുരിശിച്ച സ്ഥലം നഗരത്തി ൨൦
ന്ന സമീപം ആകയാൽ അനേകം യഹൂദന്മാർ ഈ സൂചക
ത്തെ വായിച്ചു. ആയതു എബ്രായ ഗ്രേക്ക റോമ എന്നീ ഭാ
ഷകളിൽ എഴുതിയിരുന്നു. പിന്നേ യഹൂദന്മാരുടെ മഹാപു ൨൧
രോഹിതന്മാർ പിലാത്തൊസിനോട്ട പറഞ്ഞു: യഹൂദരുടെ രാ
ജാവു എന്നല്ല, ഞാൻ യഹൂദരുടെ രാജാവു ആകുന്നു, എന്ന
അവൻ പറഞ്ഞപ്രകാരമത്രേ എഴുതേണ്ടതു. എന്നാറേ പി ൨൨
ലാത്തൊസ്: ഞാൻ എഴുതിയതു എഴുതി, എന്ന ഉത്തരം പറ
ഞ്ഞു. പടയാളികൾ യേശുവിനെ കുരിശിച്ചശേഷം അവ ൨൩
ന്റെ വസ്ത്രങ്ങളെ എടുത്തു ഓരോ പടയാളിക്ക ഓരോ പങ്കായിട്ടു
നാലംശം ആക്കി, അങ്കിയെയും എടുത്തു, എന്നാൽ അങ്കി തു
ന്നൽ ഇല്ലാതേ മേലിൽനിന്ന മുററും നെയ്തു പണിയായിരു
ന്നു. ഇതു നാം കീറരുതു, ആൎക്ക വരും എന്ന ചീട്ടു ഇടുക, എ ൨൪
ന്ന അവർ തമ്മിൽ പറഞ്ഞു: എന്റെ വസ്ത്രങ്ങളെ അവർ ത
ങ്ങളിൽ പകുത്തു എന്റെ ഉടുപ്പിന്മേൽ ചീട്ടിട്ടു എന്നുള്ള തിരു
വെഴുത്തു[1] നിവൃത്തി വരേണ്ടതിന്ന പടയാളികൾ ഇവ ചെ
യ്തു. യേശുവിന്റെ കുരിശിൻ അരികേ അവന്റെ അമ്മയും ൨൫
അമ്മയുടെ സഹോദരിയും ക്ലെയോപ്പായുടെ ഭാൎയ്യ മറിയയും
മഗ്ദലക്കാരത്തി മറിയയും നിന്നിരുന്നു. എന്നാറേ യേശു ത ൨൬
ന്റെ അമ്മയും താൻ സ്നേഹിച്ച ശിഷ്യനും അരികേ നില്ക്കു
ന്നതു കണ്ടിട്ടു: സ്ത്രീയേ, കണ്ടാലും നിന്റെ മകൻ, എന്ന ത
ന്റെ അമ്മയോട്ട പറഞ്ഞു. അനന്തരം ശിഷ്യനോട്ടു: കണ്ടാ ൨൭
ലും നിന്റെ അമ്മ, എന്ന പറഞ്ഞു. ആ നാഴിക മുതൽ ആ
ശിഷ്യൻ അവളെ തന്നിടത്തിലേക്ക കൈക്കൊണ്ടു. അതി ൨൮
ന്റെ ശേഷം സകലവും തികഞ്ഞു എന്ന യേശു അറിഞ്ഞിട്ടു,
തിരുവെഴുത്തിന്ന നിവൃത്തിയാകേണ്ടതിന്നു: എനിക്ക ദാഹിക്കു
ന്നു, എന്ന പറയുന്നു. അവിടേ കാടി നിറഞ്ഞ ഒരു പാത്രം ൨൯
വെച്ചിട്ടുണ്ടായിരുന്നു; അവരും ഒരു സ്പോങ്ങു കാടികൊണ്ടു നി

[1] സങ്കീ. ൨൨, ൧൮.

റെച്ചു ഈസോപ്പിന്മേൽ ആക്കി, അവന്റെ വായോടു അടുപ്പി
൩൦ ച്ചു; യേശു കാടി വാങ്ങിയ ശേഷം: നിവൃത്തിയായി, എന്നു
ചൊല്ലി തല ചാച്ചു ആത്മാവിനെ ഏല്പിക്കയും ചെയ്തു.
൩൧ എന്നാറെ അന്നു ഒരുക്കനാളും (ആ ശാബ്ബതുനാൾ വലിയ
തും) ആകകൊണ്ടു ശരീരങ്ങൾ ശാബ്ബതുദിവസത്തിൽ കുരിശി
ന്മേൽ ഇരിക്കരുതു എന്നു വെച്ചു അവരുടെ കാലുകളെ ഒടിച്ചു,
എടുപ്പിക്കപ്പെടേണം, എന്നു യഹൂദന്മാർ പിലാത്തൊസിനോടു
൩൨ അപേക്ഷിച്ചു. അതുകൊണ്ടു പടയാളികൾ വന്നു ഒന്നാമ
ത്തവന്റെയും അവനോടു കൂടേ കുരിശിക്കപ്പെട്ട മറേറവന്റെ
൩൩ യും കാലുകളെ ഒടിച്ചു. പിന്നേ അവർ യേശുവിൻ അടുക്കേ
വന്നു, അവൻ മരിച്ചുപോയപ്രകാരം കാണ്കയാൽ അവന്റെ
൩൪ കാലുകളെ ഒടിച്ചില്ല. എങ്കിലും പടയാളികളിൽ ഒരുത്തൻ കു
ന്തംകൊണ്ടു അവന്റെ വിലാപ്പുറത്തു കുത്തി ഉടനേ രക്തവും
൩൫ വെള്ളവും പുറപ്പെടുകയും ചെയ്തു. ഇതു കണ്ടവൻ സാക്ഷ്യം
പറഞ്ഞിരിക്കുന്നു; അവന്റെ സാക്ഷ്യം സത്യമുള്ളതു ആകുന്നു;
നിങ്ങൾ വിശ്വസിക്കേണ്ടതിന്നു താൻ സത്യം പറയുന്നു, എ
൩൬ ന്നു ആയവൻ അറിഞ്ഞും ഇരിക്കുന്നു. എന്നാൽ അവന്റെ
ഒർ അസ്ഥിയും ഒടിക്കപ്പെടുകയില്ല,[1] എന്നുള്ള തിരുവെഴുത്തു
൩൭ പൂരിക്കേണ്ടതിന്നു ഇവ സംഭവിച്ചു. പിന്നേ അവർ കുത്തി
യവങ്കലേക്കു നോക്കും,[2] എന്നു മറെറാരു തിരുവെഴുത്തും പറ
യുന്നു.
൩൮ അനന്തരം (യഹൂദരെയുള്ള ഭയം ഹേതുവാൽ മറഞ്ഞിരുന്ന
വനായി യേശുവിന്റെ ഒരു ശിഷ്യനായ) അറിമത്ഥ്യയിലേ
യോസേഫ് യേശുവിന്റെ ശരീരം എടുത്തു കൊണ്ടുപോകേ
ണ്ടതിന്നു പിലാത്തൊസിനോടു അപേക്ഷിച്ചു; പിലാത്തൊ
സ് അനുവദിക്കയാൽ അവൻ വന്നു യേശുവിന്റെ ശരീരം
൩൯ എടുത്തു. (ആദ്യം രാത്രിയിൽ യേശുവിന്റെ അടുക്കേ വന്ന)
നിക്കൊദേമൊസും മൂരും അകിലും കൊണ്ടുള്ള ഒരുകൂട്ടു നൂറു റാ
൪൦ ത്തലോളം എടുപ്പിച്ചുംകൊണ്ടു വന്നു. ആയവർ യേശുവി
ന്റെ ശരീരം എടുത്തു യഹൂദർ ശവം അടക്കുന്ന മൎയ്യാദപ്രകാ
രം അതിനെ സുഗന്ധവൎഗ്ഗങ്ങളോടു കൂടേ തുണികളിൽ കെട്ടി.
൪൧ അവനെ കുരിശിച്ച പ്രദേശത്തു ഒരു തോട്ടവും ആ തോട്ട
ത്തിൽ മുമ്പേ ആരെയും വെച്ചിട്ടില്ലാത്ത ഒരു പുതിയ കല്ല

[1] പുറപ്പാടു ൧൨, ൪൬; സങ്കീ. ൩൪, ൨൧. [2] സഖ. ൧൨, ൧൦.



റയും ഉണ്ടായിരുന്നു. ആ കല്ലറ സമീപം ആകകൊണ്ടു അ ൪൨
വർ യഹൂദരുടെ ഒരുക്കനാൾ നിമിത്തം യേശുവിനെ അ
വിടേ വെച്ചു.

## ൨൦. അദ്ധ്യായം.

യേശുവിൻ ശരീരം കല്ലറയിൽ ഇല്ല എന്നു കേട്ടു രണ്ടു ശിഷ്യന്മാർ അവിടേ എത്തി യതു. ൧൧. മഗ്ദലക്കാരത്തിക്കും, ൧൯. പത്തു ശിഷ്യർക്കും (മത്ത. ൨൮. മാ. ൧൬. ലൂ. ൨൪). ൨൪. തോമാസിന്നും യേശു പ്രത്യക്ഷനായതു. ൩൦. സുവിശേഷത്തിന്റെ താല്പൎയ്യം.

ആഴ്ചവട്ടത്തിൽ ഒന്നാം നാൾ മഗ്ദലക്കാരത്തി മറിയ രാവി
ലേ ഇരുട്ടുള്ളപ്പോൾ തന്നേ കല്ലറയരികേ വന്നു, കല്ലറയിൽ
നിന്നു കല്ലു നീക്കപ്പെട്ടതു കണ്ടു. അപ്പോൾ അവൾ ഓടി ൨
ശിമോൻ പത്രൊസിന്റെയും യേശുവിന്നു പ്രിയനായ മറേറ
ശിഷ്യന്റെയും അടുക്കൽ എത്തി: കൎത്താവിനെ കല്ലറയിൽനി
ന്നു എടുത്തുകൊണ്ടുപോയി എവിടേ വെച്ചു എന്നു ഞങ്ങൾ
അറിയുന്നില്ല, എന്നു അവരോടു പറയുന്നു. അതുകൊണ്ടു ൩
പത്രൊസും മറേറ ശിഷ്യനും പുറപ്പെട്ടു കല്ലറെക്കൽ വന്നു.
എന്നാൽ ഇരുവരും ഒന്നിച്ചു ഓടുമ്പോൾ ആ മറേറ ശിഷ്യൻ ൪
പത്രൊസിനെക്കാൾ വേഗത്തിൽ പാഞ്ഞു മുമ്പേ കല്ലറെക്കൽ
എത്തി. കുനിഞ്ഞു നോക്കി തുണികൾ കിടക്കുന്നതു കണ്ടു, ൫
എങ്കിലും അകത്തു പോയില്ല. അവന്റെ പിന്നാലേ ശി ൬
മോൻ പത്രൊസും വന്നു കല്ലറയിൽ കടന്നു തുണികൾ കിട
ക്കുന്നതും, അവന്റെ തലയിലേ ശീല തുണികളോടു കൂ ൭
ടേ കിടക്കാതേ വേറിട്ടു ഒരിടത്തു ചുരുട്ടി വെച്ചിരിക്കുന്നതും ക
ണ്ടു. അപ്പോൾ കല്ലറെക്കൽ മുമ്പേ എത്തിയ മറേറ ശിഷ്യ ൮
നും അകത്തു ചെന്നു കണ്ടു വിശ്വസിക്കയും ചെയ്തു. എന്തെ ൯
ന്നാൽ അവൻ മരിച്ചവരിൽനിന്നു ഉയിൎത്തെഴുനീല്ക്കേണ്ടതാകു
ന്നു എന്നുള്ള തിരുവെഴുത്തിനെ അവർ അതുവരേയും അറി
ഞ്ഞില്ല. പിന്നേ ശിഷ്യന്മാർ തങ്ങളുടെ ഇടത്തേക്കു മടങ്ങി ൧൦
പ്പോയി,
എന്നാറേ മറിയ കല്ലറെക്കൽ പുറത്തു കരഞ്ഞുകൊണ്ടു നി ൧൧
ന്നു; കരയുന്നതിനിടയിൽ അവൾ കല്ലറയിൽ കുനിഞ്ഞു നോ
ക്കി. യേശുവിന്റെ ശരീരം കിടന്നിരുന്ന ഇടത്തു വെള്ളവ ൧൨
സ്ത്രം ധരിച്ച രണ്ടു ദൂതന്മാർ ഒരുത്തൻ തലെക്കലും ഒരുത്തൻ
കാല്ക്കലും ഇരിക്കുന്നതു കാണുന്നു. അവർ അവളോടു: സ്ത്രീ ൧൩
യേ, നീ കരയുന്നതു എന്തു? എന്നു പറയുന്നു. അവൾ എ
ന്റെ കൎത്താവിനെ എടുത്തുകൊണ്ടുപോയി, അവനെ എവി

ടേ വെച്ച എന്ന ഞാൻ അറിയായ്കയാൽ തന്നേ, എന്ന അ
൧൪ വൾ അവരോടു പറയുന്നു. ഇവ ചൊല്ലീട്ടു പിന്നോക്കം തി
രിഞ്ഞു യേശു നില്ക്കുന്നതു കാണുന്നു, എന്നാൽ യേശു ആകു
൧൫ ന്നു എന്ന അവൾ അറിഞ്ഞില്ല. യേശു അവളോടു: സ്ത്രീയേ,
നീ കരയുന്നതു എന്തു? ആരെ തിരയുന്നു? എന്ന അവളോടു
പറയുന്നു; അവൻ തോട്ടക്കാരൻ, എന്ന അവൾ നിരൂപി
ച്ചിട്ടു: യജമാനനേ, നീ അവനെ എടുത്തുകൊണ്ടു പോയി
എങ്കിൽ അവനെ എവിടേ വെച്ചു എന്ന എന്നോടു പറക,
ഞാൻ അവനെ എടുത്തു കൊണ്ടു പോകാം, എന്ന അവനോടു
൧൬ പറയുന്നു. യേശു അവളോടു: മറിയയേ, എന്ന പറയുന്നു.
അവൾ തിരിഞ്ഞു അവനോടു: (ഗുരോ എന്നൎത്ഥമുള്ള) റബ്ബൂനി
൧൭ എന്ന പറയുന്നു. യേശു അവളോടു പറയുന്നു: എന്നെ തൊ
ടരുതു, എന്തെന്നാൽ ഞാൻ ഇതുവരേ എന്റെ പിതാവിന്റെ
അടുക്കൽ കരേറിപ്പോയില്ല, എങ്കിലും എന്റെ സഹോദരന്മാ
രുടെ അടുക്കൽ ചെന്നു, എന്റെ പിതാവും നിങ്ങളുടെ പിതാ
വും എന്റെ ദൈവവും നിങ്ങളുടെ ദൈവവുമായവന്റെ അ
൧൮ ടുക്കൽ ഞാൻ കരേറിപ്പോകുന്നു, എന്ന പറക. മഗ്ദലക്കാര
ത്തി മറിയ വന്നു കൎത്താവിനെ കണ്ടതും അവൻ ഇവ ത
ന്നോടു പറഞ്ഞ പ്രകാരവും ശിഷ്യന്മാരോടു അറിയിക്കയും
ചെയ്തു.
൧൯ ആഴ്ചവട്ടത്തിന്റെ ആ ഒന്നാം നാൾ വൈകുന്നേരത്തു ശി
ഷ്യന്മാർ കൂടിവന്ന സ്ഥലത്തിൽ യഹൂദരെയുള്ള ഭയം ഹേതു
വായി വാതിലുകൾ പൂട്ടിയിരിക്കേ യേശു വന്നു നടുവിൽ നി
ന്നുകൊണ്ടു: നിങ്ങൾക്കു സമാധാനം! എന്ന അവരോടു പറ
൨൦ യുന്നു. ഇതു ചൊല്ലീട്ടു തന്റെ കൈകളെയും വിലാപ്പുറത്തെ
യും അവൎക്കു കാണിച്ചു; കൎത്താവിനെ കണ്ടിട്ടു ശിഷ്യന്മാർ സ
൨൧ ന്തോഷിക്കയും ചെയ്തു. യേശു പിന്നേയും അവരോടു പറ
ഞ്ഞു: നിങ്ങൾക്കു സമാധാനം! പിതാവു എന്നെ അയച്ചപ്ര
൨൨ കാരം ഞാനും നിങ്ങളെ അയക്കുന്നു. ഇങ്ങിനേ ചൊല്ലിയ
ശേഷം അവൻ അവരുടെ മേൽ ഊതി പറയുന്നു: പരിശുദ്ധാ
൨൩ ത്മാവിനെ കൈക്കൊൾവിൻ. ആരുടെ പാപങ്ങൾ എങ്കിലും
നിങ്ങൾ മോചിച്ചാൽ അവൎക്കു മോചിക്കപ്പെടുന്നു, ആരുടെ
എങ്കിലും പിടിപ്പിച്ചാൽ അവൎക്കു പിടിക്കപ്പെട്ടിരിക്കുന്നു.
൨൪ എന്നാൽ യേശു വന്നപ്പോൾ പന്തിരുവരിൽ ഒരുവനായ



ദിദിമൊസ് എന്ന ചൊല്ലപ്പെട്ട തോമാസ് അവരോടു കൂടേ ഉ
ണ്ടായിരുന്നില്ല. പിന്നേ മറേറ ശിഷ്യന്മാർ: ഞങ്ങൾ കൎത്താ ൨൫
വിനെ കണ്ടു എന്ന അവനോടു പറഞ്ഞാറേ: അവന്റെ കൈ
കളിൽ ഞാൻ ആണികളുടെ പഴുതു കണ്ടു, ആണിപ്പഴുതിൽ
എന്റെ വിരൽ ഇട്ടു, അവന്റെ വിലാപ്പുറത്തു എന്റെ കൈ
ഇട്ടെങ്കിൽ അല്ലാതേ ഞാൻ വിശ്വസിക്കയില്ല, എന്ന അവ
രോടു പറഞ്ഞു. എട്ടു നാൾ കഴിഞ്ഞിട്ടു ശിഷ്യന്മാർ പിന്നേയും ൨൬
തോമാസുമായി അകത്തു കൂടിയിരുന്നു, വാതിലുകൾ പൂട്ടിയി
രിക്കേ യേശു വന്നു നടുവിൽ നിന്നുകൊണ്ടു: നിങ്ങൾക്കു സ
മാധാനം, എന്ന പറഞ്ഞു. പിന്നേ തോമാസിനോടു: നിന്റെ ൨൭
വിരൽ ഇങ്ങോട്ടു നീട്ടി എന്റെ കൈകളെ കാണ്ക; നിന്റെ
കൈയും നീട്ടി എന്റെ വിലാപ്പുറത്തു ഇടുക; അവിശ്വാസി
ആകാതേ വിശ്വാസിയായി തീരുക, എന്ന പറഞ്ഞു. തോമാ ൨൮
സ് അവനോടു: എന്റെ കൎത്താവും എന്റെ ദൈവവും ആ
യുള്ളോവേ, എന്ന ഉത്തരം പറഞ്ഞു. യേശു അവനോടു പ ൨൯
റയുന്നു: തോമാസേ, നീ എന്നെ കാണ്കകൊണ്ടു വിശ്വസി
ച്ചിരിക്കുന്നു; കാണാതേ വിശ്വസിച്ചവർ ഭാഗ്യവാന്മാർ.
വിശേഷിച്ചു ഈ പുസ്തകത്തിൽ എഴുതിയതല്ലാതേ മററു ൩൦
അനേകം അടയാളങ്ങളെയും യേശു തന്റെ ശിഷ്യന്മാർ കാ
ണ്കേ ചെയ്തു. എന്നാൽ ഇവ യേശു ദൈവത്തിന്റെ പുത്ര ൩൧
നായ ക്രിസ്തു ആകുന്നു എന്ന നിങ്ങൾ വിശ്വസിപ്പാനും വി
ശ്വസിച്ചിട്ടു അവന്റെ നാമത്തിൽ ജീവൻ ഉണ്ടാവാനും ത
ന്നേ എഴുതിയിരിക്കുന്നു.

## ൨൧. അദ്ധ്യായം.

ഗലീലയിലേ ഒന്നാം പ്രത്യക്ഷത. ൧൫. ശിമോൻ യോഹന്നാൻ എന്നവരോടു യേശു പ്രവചിച്ചതു.

ഇവററിൻ ശേഷം യേശു പിന്നേയും തിബെൎയ്യാസ് കടല്ക്ക
രയിൽ വെച്ചു ശിഷ്യന്മാൎക്കു പ്രത്യക്ഷനായി; അവൻ പ്രത്യ
ക്ഷനായതു ഈവണ്ണം ആയിരുന്നു. ശിമോൻ പത്രൊസും ൨
ദിദിമൊസ് എന്ന പറയുന്ന തോമാസും ഗലീലയിലുള്ള കാ
നാവിലേ നഥാനയേലും സബദിമക്കളും അവന്റെ ശിഷ്യ
ന്മാരിൽ വേറേ രണ്ടു ആളും ഒരുമിച്ചിരുന്നു. അപ്പോൾ ശി ൩
മോൻ പത്രൊസ് അവരോടു: ഞാൻ മീൻ പിടിപ്പാൻ പോകു
ന്നു, എന്ന പറയുന്നു. ഞങ്ങളും നിന്നോടു കൂടി പോരുന്നു,

എന്ന അവർ പറഞ്ഞു പുറപ്പെട്ടു ഉടനെ പടവിൽ കയറി
൪ പ്പോയി; ആ രാത്രിയിൽ ഒന്നും പിടിച്ചില്ല. പുലച്ച ആയ
പ്പോൾ യേശു കരയിൽ നിന്നിരുന്നു; യേശു ആകുന്ന എന്ന
൫ ശിഷ്യന്മാർ അറിഞ്ഞില്ല താനും. യേശു അവരോട്ട കുഞ്ഞു
ങ്ങളേ, കൂട്ടുവാൻ വല്ലതും ഉണ്ടോ? എന്ന ചോദിച്ചു; ഇല്ല,
൬ എന്ന അവർ ഉത്തരം ചൊല്ലി. എന്നാറേ: പടവിന്റെ വ
ലത്തു ഭാഗത്തു വല വീശുവിൻ; എന്നാൽ കിട്ടും, എന്ന അ
വൻ അവരോട്ട പറഞ്ഞു; അവർ വീശി മീനുകളുടെ പെരുപ്പം
൭ ഹേതുവായി അതു വലിപ്പാൻ കഴിഞ്ഞതും ഇല്ല. അതുകൊ
ണ്ടു യേശു സ്നേഹിച്ച ശിഷ്യനായവൻ പത്രൊസിനോട:
അതു കൎത്താവു ആകുന്ന, എന്ന പറയുന്നു; കൎത്താവു ആകു
ന്ന എന്ന ശിമോൻ പത്രൊസ് കേട്ടിട്ടു, താൻ നഗ്നനാകയാൽ
൮ അങ്കി അരയിൽ ചുററി കെട്ടി കടലിൽ ചാടി. ശേഷം ശിഷ്യ
ന്മാർ (കരയിൽനിന്ന ഏകദേശം ഇരുനൂറു മുഴത്തിൽ അധികം
ദൂരത്തല്ലായ്കയാൽ) മീൻ നിറഞ്ഞ വല ഇഴെച്ചുംകൊണ്ടു ചെ
൯ റിയ പടവിൽ വന്നു. കരെക്ക ഇറങ്ങിയപ്പോൾ തീക്കനലും
അതിന്മേൽ മീൻ വെച്ചിരിക്കുന്നതും അപ്പവും കാണുന്നു.
൧൦ യേശു അവരോട: ഇപ്പോൾ പിടിച്ച മീനുകൾ ചിലതു കൊ
൧൧ ണ്ടുവരുവിൻ, എന്ന പറഞ്ഞു. ശിമോൻ പത്രൊസ് കയറി
നൂററമ്പത്തുമൂന്ന വലിയ മീൻ നിറഞ്ഞിട്ടുള്ള വലയെ കര
മേൽ വലിച്ചു കരേററി; അത്ര വളരേ ഉണ്ടായിട്ടും വല കീറി
൧൨ യില്ല. യേശു അവരോട: വന്ന പ്രാതൽ കഴിച്ചുകൊൾവിൻ,
എന്ന പറഞ്ഞു; കൎത്താവാകുന്ന എന്ന അറിഞ്ഞിട്ടു ശിഷ്യന്മാ
രിൽ ഒരുത്തനും: നീ ആർ? എന്ന അവനോട്ട ചോദിപ്പാൻ
൧൩ തുനിഞ്ഞില്ല. യേശു വന്ന അപ്പം എടുത്തു അവൎക്ക കൊടു
൧൪ ത്തു; മീനും അപ്രകാരം തന്നേ. യേശു മരിച്ചവരിൽനിന്ന
ഉയിൎത്ത ശേഷം ഇങ്ങിനേ മൂന്നാമതു തന്റെ ശിഷ്യന്മാൎക്ക
പ്രത്യക്ഷനായി.
൧൫ അവർ പ്രാതൽ കഴിച്ച ശേഷം യേശു ശിമോൻ പത്രൊസി
നോട: യോനാവിൻ പുത്രനായ ശിമോനേ, എന്നെ നീ ഇ
വരെക്കാൾ അധികം സ്നേഹിക്കുന്നുവോ?[1] എന്ന പറയുന്നു.
എന്നാറേ അവൻ: ഉവ്വ കൎത്താവേ, എനിക്ക നിന്നിൽ പ്രി
യമുള്ളപ്രകാരം നീ അറിയുന്നുവല്ലോ എന്ന പറയുന്നു; എ

[1] മാൎക്കൊസ് ൧൪, ൨൯.



ന്റെ കുഞ്ഞാടുകളെ മേയ്ക്ക, എന്ന അവൻ അവനോട്ട പറ
യുന്നു. രണ്ടാമതും അവനോട: യോനാവിൻ പുത്രനായ ശി ൧൬
മോനേ, നീ എന്നെ സ്നേഹിക്കുന്നുവോ? എന്ന ചോദിച്ചു.
എന്നാറേ അവൻ: ഉവ്വ കൎത്താവേ, എനിക്ക നിന്നിൽ പ്രിയ
മുള്ളപ്രകാരം നീ അറിയുന്നുവല്ലോ, എന്ന പറയുന്നു; എന്റെ
ആടുകളെ പാലിക്ക, എന്ന അവൻ അവനോട്ട പറയുന്നു.
മൂന്നാമതും അവനോട: യോനാവിൻ പുത്രനായ ശിമോനേ, എ ൧൭
നിനക്ക എന്നിൽ പ്രിയം ഉണ്ടോ? എന്ന ചോദിച്ചു. എന്നിൽ
പ്രിയം ഉണ്ടോ എന്ന മൂന്നാമതും തന്നോട്ട പറകയാൽ പത്രൊ
സ് ദുഃഖിച്ചു: കൎത്താവേ, നീ സകലവും അറിഞ്ഞിരിക്കുന്നു,
എനിക്ക നിന്നിൽ പ്രിയമുള്ളപ്രകാരം നീ അറിയുന്നുവല്ലോ,
എന്ന അവനോട്ട പറഞ്ഞു. യേശു അവനോട: എന്റെ ആ
ടുകളെ മേയ്ക്ക, എന്ന പറയുന്നു. ആമെൻ, ആമെൻ, ഞാൻ ൧൮
നിന്നോട്ട ചൊല്ലുന്നു, നീ പ്രായം കുറഞ്ഞവൻ ആയിരുന്ന
പ്പോൾ നീ തന്നേ അര കെട്ടിക്കൊണ്ടു ഇഷ്ടമുള്ളേടത്തു നട
ന്നുവല്ലോ; എന്നാൽ നീ വയസ്സനായ ശേഷം നിന്റെ കൈ
കളെ നീട്ടും, മറെറാരുത്തൻ നിന്റെ അരകെട്ടി ഇഷ്ടമല്ലാത്ത
ഇടത്തേക്ക നിന്നെ കൊണ്ടുപോകും. എന്നതിനാൽ അവൻ ൧൯
ഇന്നപ്രകാരമുള്ള മരണംകൊണ്ടു ദൈവത്തെ മഹത്വപ്പെടു
ത്തും എന്ന സൂചിപ്പിച്ചു; ഇതു ചൊല്ലീട്ടു: എന്നെ പിന്തുട
രുക, എന്ന അവനോട്ട പറയുന്നു. പത്രൊസ് തിരിഞ്ഞു ൨൦
യേശു സ്നേഹിച്ച ശിഷ്യൻ പിൻചെല്ലുന്നതു കാണുന്നു; അ
ത്താഴത്തിൽ അവന്റെ മാറിടത്തോട്ട ചാരിക്കൊണ്ടു: കൎത്താ
വേ, നിന്നെ കാണിച്ചുകൊടുക്കുന്നവൻ ആർ? എന്ന ചോദി
ച്ചവൻ ഇവൻ തന്നേ. ആയവനെ പത്രൊസ് കണ്ടു: ൨൧
കൎത്താവേ, ഇവന്റെ കാൎയ്യം എങ്ങിനേ? എന്ന യേശുവി
നോട്ട പറയുന്നു. യേശു അവനോട: ഞാൻ വരുവോളം ൨൨
ഇവൻ ഇരിപ്പാൻ എനിക്ക ഇഷ്ടം ഉണ്ടെങ്കിൽ അതു നിന
ക്ക എന്തു? നീ എന്നെ പിന്തുടരുക, എന്ന പറയുന്നു. ആ ൨൩
കയാൽ ആ ശിഷ്യൻ മരിക്കയില്ല എന്നുള്ള ശ്രുതി സഹോദ
രന്മാരിൽ പരന്നു. യേശുവോ അവൻ മരിക്കയില്ല എന്നല്ല,
ഞാൻ വരുവോളം ഇവൻ ഇരിപ്പാൻ എനിക്ക ഇഷ്ടം ഉ
ണ്ടെങ്കിൽ അതു നിനക്ക എന്തു? എന്നത്രേ അവനോട്ട പറ
ഞ്ഞതു.

൨൪ ഈ ശിഷ്യൻ ഇവററിന്നു സാക്ഷ്യം ചൊല്ലുന്നവനും ഇവ
എഴുതിയവനും ആകുന്നു; അവന്റെ സാക്ഷ്യം സത്യമുള്ളതു,
൨൫ എന്നു ഞങ്ങൾ അറിയുന്നു. യേശു ചെയ്ത മററു പലതും
ഉണ്ടു; ആയതു ഓരോന്നായി എഴുതിയാൽ എഴുതപ്പെടുന്ന പു
സ്തകങ്ങൾ ലോകത്തിൽ തന്നേയും ഒതുങ്ങുകയില്ല, എന്നു
ഞാൻ ഊഹിക്കുന്നു. ആമെൻ.

---

# THE ACTS OF THE APOSTLES.

# അപ്പൊസ്തലരുടെ നടപ്പുകൾ.

## ൧. അദ്ധ്യായം.

ക്രിസ്തു ഉയിൎത്തെഴുനീററ ശേഷം ശിഷ്യന്മാരോടു സംസാരിച്ചതു. ൯. സ്വൎഗ്ഗാരോഹണം. ൧൫. മത്ഥിയാസ് അപ്പൊസ്തലനായി നിയമിക്കപ്പെട്ടതു.

തെയോഫിലൊസേ, യേശു തെരിഞ്ഞെടുത്ത അപ്പൊസ്ത
ലന്മാൎക്കു പരിശുദ്ധാത്മാവു മൂലം കല്പന കൊടുത്തിട്ടു മേല്പോട്ടു
എടുക്കപ്പെട്ട നാൾവരേ, അവൻ ചെയ്യും ഉപദേശിച്ചും തുട
ങ്ങിയ സകലത്തെയും കുറിച്ചു ഒന്നാം പ്രബന്ധം ഞാൻ ഉ
൨ ണ്ടാക്കീട്ടുണ്ടല്ലോ. അവൻ കഷ്ടപ്പെട്ട ശേഷം നാല്പതു നാ
ളോളം അവൎക്കു കാണപ്പെട്ടും ദൈവരാജ്യം സംബന്ധിച്ച കാ
൩ ൎയ്യങ്ങൾ സംസാരിച്ചുകൊണ്ടും, താൻ ജീവനോടിരിക്കുന്ന
വൻ എന്നു അനേകം ദൃഷ്ടാന്തങ്ങളാൽ അവൎക്കു കാണിച്ചു.
൪ അനന്തരം അവൻ അവരുമായി കൂടീട്ടു: നിങ്ങൾ യരുശലേ
മിൽനിന്നു വാങ്ങിപ്പോകാതേ എങ്കൽനിന്നു കേട്ട പിതാവിൻ
൫ വാഗ്ദത്തത്തിന്നായി കാത്തിരിക്കേണം.[1] എന്തെന്നാൽ യോ.
ഹന്നാൻ വെള്ളത്തിൽ സ്നാനപ്പെടുത്തി, നിങ്ങളോ ഇനി ഏ
റേ നാളുകൾ കഴിയാതേ പരിശുദ്ധാത്മാവിൽ സ്നാനപ്പെടും,
൬ എന്നു അവരോടു കല്പിച്ചു. എന്നാൽ ആ കൂടി വന്നവർ അ
വനോടു: കൎത്താവേ, നീ ഇസ്രയേലിന്നു ഈ കാലത്തിലോ
രാജത്വത്തെ യഥാസ്ഥാനപ്പെടുത്തി കൊടുക്കുന്നതു? എന്നു

[1] ലൂക്കൊസ് ൨൪, ൪൯.



ചോദിച്ചു. അവൻ അവരോടു പറഞ്ഞു: പിതാവു തന്റെ ൭
സ്വന്ത അധികാരത്തിൽ വെച്ചിട്ടുള്ള കാലങ്ങളെയോ സമയ
ങ്ങളെയോ അറിയുന്നതു നിങ്ങൾക്കുള്ളതല്ല. എന്നാൽ പരി ൮
ശുദ്ധാത്മാവു നിങ്ങളുടെ മേൽ വരുമ്പോൾ നിങ്ങൾ ശക്തി
ലഭിച്ചിട്ടു യരുശലേമിലും സകല യഹൂദിയായിലും ശമൎയ്യയി
ലും ഭൂമിയുടെ അററത്തോളവും എനിക്കു സാക്ഷികൾ ആകും.
ഇവ ചൊല്ലിയ ശേഷം അവർ നോക്കിക്കൊണ്ടിരിക്കേ അ ൯
വൻ മേലോട്ടു ഉയൎന്നു; ഒരു മേഘം അവനെ അവരുടെ കാഴ്ച
യിൽനിന്നു എടുത്തുകൊൾകയും ചെയ്തു. അവൻ പോകുന്നേ ൧൦
രം അവർ വാനത്തിലേക്കു ഉററുനോക്കുമ്പോൾ ഇതാ, വെള്ള
വസ്ത്രത്തോടേ രണ്ടു പുരുഷന്മാർ അവരുടെ അടുക്കേ നിന്നു:
ഗലീലപുരുഷന്മാരേ, നിങ്ങൾ വാനത്തിലേക്കു നോക്കി നി ൧൧
ല്ക്കുന്നതു എന്തു? നിങ്ങളിൽനിന്നു സ്വൎഗ്ഗത്തിലേക്കു എടുക്ക
പ്പെട്ട ഈ യേശു സ്വൎഗ്ഗത്തിലേക്കു പോകുന്നവനായി നി
ങ്ങൾ അവനെ കണ്ട ഈ വിധത്തിൽ തന്നേ വരും, എന്നു
പറകയും ചെയ്തു.

അപ്പോൾ അവർ യരുശലേമിനോടു അടുത്തിരിക്കുന്നതാ ൧൨
യി ഒരു ശാബ്ബതു (ദിവസത്തേ) വഴിയുള്ള ഒലീവ്മലയെ
വിട്ടു യരുശലേമിലേക്കു മടങ്ങി പോന്നു. അകത്തു വന്നപ്പോ ൧൩
ൾ അവർ വസിച്ചിരുന്ന മാളികമുറിയിലേക്കു കയറിപ്പോയി,
പത്രൊസ്, യോഹന്നാൻ, യാക്കോബ്, അന്ത്രെയോസ്, ഫീലി
ഫോസ്, തോമാസ്, ബൎത്തൊലൊമായി, മത്തായി, അല്പായ്പു
ത്രനായ യാക്കോബ്, എരിവേറിയ ശിമോൻ, യാക്കോബിൻ
സഹോദരനായ യൂദാ, ഇവർ എല്ലാവരും സ്ത്രീകളോടും യേ ൧൪
ശുവിന്റെ അമ്മയായ മറിയയോടും അവന്റെ സഹോദരന്മാ
രോടും കൂടേ ഒരുമനപ്പെട്ട പ്രാൎത്ഥനയിലും യാചനയിലും ഉററു
കൊണ്ടിരുന്നു. എന്നാൽ (ഒന്നിച്ചു കൂടിയ പേരുകളുടെ സം ൧൫
ഖ്യ ഏകദേശം നൂററിരുപതു ആയിരുന്നു) ആ നാളുകളിൽ പ
ത്രൊസ് ശിഷ്യന്മാരുടെ നടുവിൽ എഴുനീററു നിന്നു പറഞ്ഞു:
സഹോദരന്മാരായ പുരുഷന്മാരേ, യേശുവിനെ പിടിച്ചവൎക്കു ൧൬
വഴികാട്ടിയായി തീൎന്ന യൂദാവിനെ കുറിച്ചു പരിശുദ്ധാത്മാവു
ദാവീദിന്റെ വായികൊണ്ടു മുൻപറഞ്ഞ ഈ തിരുവെഴുത്തി
ന്നു നിവൃത്തി വരേണ്ടിയിരുന്നു. അവൻ ഞങ്ങളിൽ എണ്ണ ൧൭
പ്പെട്ടവനായി ഈ ശുശ്രൂഷയിൽ പങ്കു ലഭിച്ചിരുന്നവല്ലോ.